Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | 1125 കർക്കടകം 3—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ജൂലൈ 19 | ലക്കം 45

## ചലച്ചിത്രത്തിന്റെ

# ഉപയോഗവും ദുരുപയോഗവും

### 11-ാം പീയൂസ്മാർപ്പാപ്പാ തിരുമനസ്സിലെ വിശ്വലേഖനം *


നമ്മുടെ ഇടയന്നടുത്ത കർത്തവ്യങ്ങൾക്കനുയോജ്യമായവിധം മെത്രാന്മാരായ നമ്മുടെ സഹോദരന്മാരുടേയും വിശ്വാസികളുടേയും ഗുണകരമായ പ്രവർത്തനങ്ങളെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കവേ, ചലച്ചിത്രങ്ങളുടെ ദുരുപയോഗത്തിനെതിരായുള്ള ഒരു കുരിശുയുദ്ധമെന്നോണം രണ്ടു കൊല്ലംമുമ്പു സമാരബ്ധമായതും "സഭ്യതാസഖ്യ" (Legion of Decency)ത്തിന്റെ പ്രത്യേക ചുമതലയിൽ ഏല്പിക്കപ്പെട്ടിട്ടുള്ളതും ആയ വിവേകപൂർവ്വമായ സംരംഭം ഇതിനകം കരസ്ഥമാക്കിയിട്ടുള്ള ഫലങ്ങളേയും അതിന്റെ നിരന്തരമായ പുരോഗതിയേയുംപററി അറിയാൻ സാധിച്ചതിൽ നമുക്ക് അത്യധികമായ സന്തോഷമുണ്ട്.

സമസ്തക്രിസ്ത്യജനതയുടേയും ധാർമ്മികവും മതപരവുമായ ജീവിതത്തെ ഗാഢമായി സ്പർശിക്കുന്ന ഒരു വിഷയത്തെപ്പററിയുള്ള നമ്മുടെ ചിന്താഗതിയെ കൂടുതൽ വിശദമായി പ്രകാശിപ്പിക്കുന്നതിന് അത്യന്തം ഉചിതമായ ഒരവസരം ഈ വിശിഷ്ടമായ പരിക്ഷണം നമുക്കു പ്രദാനം ചെയ്തിരിക്കുന്നു.

"സഭ്യതാസഖ്യം" അമേരിക്കൻ ഐക്യരാജ്യങ്ങളിലെ ഹയരാർക്കിയുടേയും കത്തോലിക്കരുടേയും നേതൃത്വത്തിലും നിർദ്ദേശത്തിലും അത്യന്തം മഹത്തായ ഫലങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു. ഇതിനായി അവരോടു നമുക്കുള്ള കൃതജ്ഞത ആദ്യമായി രേഖപ്പെടുത്തിക്കൊള്ളുന്നു. പാപവും അധർമ്മവും ചിത്രീകരിക്കുന്ന വിഷയത്തിൽ ചലച്ചിത്രകലയും വ്യവസായവും അനുദിനം ശോചനീയമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനെ—പുരോഗതി വല്ലതെങ്കിലും വഴിപിഴച്ചതത്രേ—നാം അത്യധികമായ ഉൽക്കണ്ഠയോടെ വീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നെന്ന വസ്തുത നമ്മുടെ കൃതജ്ഞതയെ കൂടുതൽ സജീവമാക്കിത്തീർക്കുന്നു.

സന്ദർഭം ആവിർഭവിച്ചപ്പോഴെല്ലാം, മെത്രാന്മാരുടേയും വൈദികരുടേയും മാത്രമല്ല പൊതുഗുണത്തിൽ ഉത്സുകരായ എല്ലാ സഹൃദയന്മാരുടേയു ശ്രദ്ധയെ ഈ സ്ഥിതിവിശേഷത്തിലേക്ക് ആകർഷിക്കേണ്ടതു നമ്മുടെ ഉന്നതമായ ഉദ്യോഗത്തിന്റെ കർത്തവ്യമായി നാം പരിഗണിച്ചിട്ടുണ്ട്.

ഗുണകരമായ തത്വങ്ങളാൽ ശരിയായി നയിക്കപ്പെടുന്നുവെങ്കിൽ അദ്ധ്യയനത്തിനും അദ്ധ്യാപനത്തിനും അത്യന്തം പ്രയോജനപ്രദമായി വിനിയോഗിക്കപ്പെടാവുന്ന ശക്തിമത്തായ പ്രചരണോപാധികൾ (സിനിമാപോലെയുള്ളവ) അധമമായ ആശയത്തെ ആസ്പദമാക്കി പലപ്പോഴും ദുരാശകളെ ഉത്തേജിപ്പിക്കുന്നതിനുള്ള ഉപാധികളായി ഉപയോഗിക്കപ്പെടുന്നതു് നിർഭാഗ്യകരമായിരിക്കുന്നുവെന്നു "ദിവിനി ഇല്ലിയുസ് മജിസ്റ്റ്രി" എന്ന വിശ്വലേഖനത്തിൽ നാം നേരത്തെതന്നെ വ്യസനപൂർവ്വം രേഖപ്പെടുത്തിയിട്ടുള്ളതാണ്.




1934 ആഗസ്റ്റുമാസത്തിൽ സാർവ്വദേശീയ ചലച്ചിത്ര പ്രസിദ്ധീകരണസംഘടനയുടെ പ്രതിനിധിസംഘത്തിനു നാം ഒരുൽബോധനം നൽകുകയുണ്ടായി. ആ അവസരത്തിൽ, ചലച്ചിത്രത്തിനു ഇക്കാലത്തു ലബ്ധമായിട്ടുള്ള അത്യധികമായ പ്രാധാന്യത്തേയും, നന്മയെ പുരോഗമിപ്പിക്കുന്നതിനും തിന്മയെ വളർത്തുന്നതിനും അതിനുള്ള വലുതായ കഴിവുകളേയും നാം ചൂണ്ടിക്കാണിച്ചു; ചലച്ചിത്രം ക്രിസ്തീയധർമ്മബോധത്തിനോ അഥവാ സ്വാഭാവികനിയമങ്ങളിൽ അധിഷ്ഠിതമായിട്ടുള്ള കേവലം മാനുഷികമായ ധർമ്മബോധത്തിനോ സദാ വിരുദ്ധമായ ഒന്നാകാതിരിപ്പാൻ വേണ്ടി മഹത്തായ ഒരനുഗ്രഹമാകുന്ന കലയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ട അതിശ്രേഷ്ഠമായ നിയമം സിനിമായ്ക്കും ബാധകമാക്കേണ്ടതിന്റെ ആവശ്യകതയെ നാം അനുസ്മരിപ്പിക്കയും ചെയ്തു. ഒരു ധാർമ്മികവ്യക്തിയായ മനുഷ്യന്റെ പരിപൂർണ്ണതയ്ക്കു സഹായിക്കുക എന്നതാണ് കലയുടെ അതിപ്രധാനമായ ഉദ്ദേശ്യം—അതിനുവേണ്ടിയാണ് കല നിലകൊള്ളുന്നതു്. ഈ ഉദ്ദേശ്യസാദ്ധ്യത്തിന് കലതന്നെയും ധാർമ്മികമായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. ചലച്ചിത്രത്തെ "ധാർമ്മികവും, സദാചാരപ്രേരകവും, അദ്ധ്യാപനോപയുക്തവും" ആക്കിത്തീർക്കേണ്ടതിന്റെ ആവശ്യകതയെ അവരോടു പ്രഖ്യാപിച്ചുകൊണ്ടാണ് നാം പ്രഭാഷണം സമാപിച്ചതു്. നമ്മുടെ പ്രഖ്യാപനത്തെ ആ ശ്രേഷ്ഠസംഘം സുവ്യക്തമായി അംഗീകരിക്കയുണ്ടായി. അതിന്റെ സ്മരണ നമുക്ക് ഇപ്പോഴും പ്രിയംകരമാണ്.

ഈ അടുത്തകാലത്തും, ഇക്കൊല്ലം ഏപ്രിൽമാസത്തിൽ, റോമിൽ സമ്മേളിച്ച സാർവ്വദേശീയചലച്ചിത്രപ്രസിദ്ധീകരണകോൺഗ്രസ്സിന്റെ ഒരു പ്രതിനിധിസംഘത്തെ സ്വീകരിക്കുന്നതിനുള്ള ഭാഗ്യം നമുക്കു ലഭിച്ചു. ആ അവസരത്തിൽ ഈ പ്രശ്നത്തിന്റെ പ്രാധാന്യത്തെ നാം വീണ്ടും അവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുകയും, മതത്തിന്റെ മാത്രം പേരിലല്ല, പ്രത്യുത ജനാവലിയുടെ ധാർമ്മികവും സദാചാരപരവുമായ യഥാർത്ഥക്ഷേമത്തിന്റെ പേരിലും, സിനിമായെ ആത്മാക്കളുടെ സംഹാരത്തിനും നാശത്തിനുമുള്ള ഒരു ഉപാധി എന്നതിനെക്കാൾ ജനതയുടെ പ്രബോധനത്തിനും അദ്ധ്യാപനത്തിനുമുള്ള ഒരു ഉപകരണമായി വിനിയോഗിക്കുന്നതിന് തങ്ങളുടെ സ്വാധീനത്തിൽപ്പെട്ട മുദ്രാലയം മുതലായ സർവ്വമാർഗ്ഗങ്ങളും പ്രയോഗിക്കുവാൻ സഹൃദയരായ എല്ലാവരേയും ശക്തിയുക്തം ഉൽബോധിപ്പിക്കുകയും ചെയ്തു.

ഈ പ്രശ്നം സ്വതവേ പരമമായ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. അതിനുപുറമേ സമുദായത്തിന്റെ ഇന്നത്തെ സ്ഥിതിവിശേഷംമൂലവും ഇതേപ്പററി വീണ്ടും പ്രതിപാദിക്കേണ്ടതു് ആവശ്യമായി നാം കരുതുന്നു. അതു്, മുന്നവസരങ്ങളിലെപ്പോലെ പ്രത്യേകവിധമായ ഉൽബോധനങ്ങൾ നൽകുന്നതിനുവേണ്ടി മാത്രമല്ല, പ്രത്യുത, വന്ദ്യസഹോദരന്മാരേ, നിങ്ങളുടെ രൂപതകളുടെ ആവശ്യങ്ങളെ പ്രത്യേകം പരിഗണിക്കവേതന്നെ, കത്തോലിക്കാലോകം മുഴുവനേയും സ്പർശിക്കുന്ന സാർവ്വത്രികമായ നിർദ്ദേശങ്ങൾ നൽകുന്നതിനത്രേ.

കലകൾ, ശാസ്ത്രങ്ങൾ, മാനുഷികമായ പ്രവർത്തനരീതി, കർമ്മകുശലത എന്നിവയെല്ലാം, ദൈവത്തിന്റെ യഥാർത്ഥ അനുഗ്രഹങ്ങളായിരിക്കകൊണ്ട് അവയുടെ പുരോഗതി അവിടുത്തെ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി വിനിയോഗിക്കപ്പെടുവാനും ഭൂമിയിൽ ദൈവരാജ്യവിസ്തൃതിക്കു പ്രായോഗികമായവിധം സഹായകമാകുവാനും വേണ്ട ഏർപ്പാടുകൾ ഈ രംഗത്തും ചെയ്യേണ്ടതു് വാസ്തവത്തിൽ അടിയന്തിരമായ ഒരാവശ്യമാണ്. ആകയാൽ, "ശാശ്വതമായവ നഷ്ടപ്പെടാത്തവിധം താൽക്കാലികമായവയിൽക്കൂടി നമുക്കു കടന്നുപോകാം" (പെന്തക്കോസ്തായുടെ മൂന്നാം ഞായറാഴ്ചത്തെ കുർബാനയിൽ നിന്നും) എന്നു പ്രാർത്ഥിക്കുവാൻ സഭ ഉൽബോധിപ്പിക്കുന്നവിധം, നിത്യനന്മയ്ക്കു വിഘാതമാകാത്തവിധം ഇവയെ നമുക്കു വിനിയോഗിക്കാം.

എന്നാൽ ഇപ്പോൾ ചലച്ചിത്രകലയുടേയും വ്യവസായത്തിന്റേയും പുരോ

---

* അമേരിക്കൻ ഐക്യരാജ്യങ്ങളിലെ മെത്രാന്മാരെ പ്രത്യേകമായും, ലോകമാസകലമുള്ള വൈദികാദ്ധ്യക്ഷന്മാരെ പൊതുവിലും അഭിസംബോധനം ചെയ്തുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നതു്.

തതി എത്രമാത്രം വിസ്മയനീയമായിരിക്കുന്നുവോ അത്രയ്ക്കു് അതു് ധർമ്മത്തിനും മതത്തിനും എന്നുവേണ്ട മാനവസമുദായത്തിന്റെ സദാചാരബോധത്തിനുതന്നെയും ഹാനികരവും നാശകരവും ആയിത്തീർന്നിരിക്കുന്നുഎന്നതു് സുനിശ്ചിതമായ ഒരു വസ്തുതയത്രെ.

ജനതയുടേയും ലോകത്തിന്റേയും മുൻപിൽ തങ്ങൾക്കുതന്നെയാണു് ഉത്തരവാദിത്വം ഉള്ളതെന്നു് സമ്മതിച്ചുകൊണ്ടു്, ഐക്യനാട്ടിലെ ചലച്ചിത്ര വ്യവസായനിയന്താക്കൾ ഈ വസ്തുതയെ സ്വയം അംഗീകരിക്കയത്രെ ചെയ്തതു്. 1930 മാർച്ചുമാസത്തിൽ പരസ്പരസമ്മതപ്രകാരം രൂപവൽക്കരിക്കയും, മഹനീയമായി സ്ഥിരീകരിച്ചു് ഒപ്പുവയ്ക്കുകയും അനന്തരം പത്രങ്ങളിൽ പ്രസിദ്ധീകരിക്കയും ചെയ്ത ഒരു കരാറിൽ സിനിമായ്ക്കു പോകുന്നവരുടെ സാന്മാർഗ്ഗികസ്ഥിതിയെ ഭാവിയിൽ തങ്ങൾ സംരക്ഷിക്കുന്നതാണെന്നു് അവർ യഥാവിധി പ്രതിജ്ഞചെയ്തിരിക്കുന്നു.

കാണികളുടെ സാന്മാർഗ്ഗികബോധത്തിന്റെ മാനദണ്ഡത്തെ ഇടിച്ചുകളയുകയോ, സ്വാഭാവികവും മാനസികവും ആയ നിയമങ്ങളെ കളങ്കപ്പെടുത്തുകയോ അല്ലെങ്കിൽ അവയുടെ ലംഘനത്തിനു പ്രേരിപ്പിക്കുകയോ ചെയ്യുന്ന യാതൊരുവിധ ചിത്രവും നിർമ്മിക്കുന്നതല്ലെന്നു് ആ കരാറിൽ അവർ വാഗ്ദാനം ചെയ്തിട്ടുണ്ടു്.

എന്നിരുന്നാലും സ്വമേധയാ ബുദ്ധിപൂർവ്വം ചെയ്ത ഈ തീരുമാനത്തെ പ്രായോഗികമാക്കുവാൻ അതിനു ചുമതലപ്പെട്ടവർ അപ്രാപ്തരാണെന്നു വ്യക്തമാക്കുകയും ചലച്ചിത്രത്തിന്റെ ഉൽപാദകന്മാരും പ്രവർത്തകന്മാരും തങ്ങൾചെയ്ത പ്രതിജ്ഞയെ പാലിച്ചുപോകുന്നതിൽ വിമുഖരായി കാണപ്പെടുകയും ചെയ്തു. ഏവംവിധം മുൻപറഞ്ഞ നിശ്ചയം കൊണ്ടു കാര്യമായ പ്രയോജനമൊന്നും ഉണ്ടാകാതിരിക്കുകയും അധർമ്മവും പാതകവും യവനികയിൽ തുടന്നു പ്രദർശിപ്പിക്കപ്പെടുകയും ചെയ്തതിനാൽ, ചലച്ചിത്രദർശനത്തിൽ പരിശുദ്ധമായ വിനോദം അന്വേഷിച്ചിരുന്നവർക്കു് ആ പന്ഥാവു് മിക്കവാറും അടയ്ക്കപ്പെട്ടപോലെ തോന്നിപ്പോയി.

ഈ ദശാസന്ധിയിൽ, വന്ദ്യസഹോദരന്മാരേ, നിങ്ങളുടെ സംരക്ഷണത്തിനു് ഏല്പിക്കപ്പെട്ടിട്ടുള്ള ആത്മാക്കളെ സൂക്ഷിക്കുന്നതിനുവേണ്ട മാർഗ്ഗങ്ങൾ നിങ്ങൾ ആദ്യമായി പഠിക്കുകയും ക്രിസ്തീയവും സ്വാഭാവികവും ആയ സഭ്യതയുടെ ആദർശങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി പൊതുധർമ്മ്യതയുടെ ഒരു കുരിശുയുദ്ധമെന്നോണം സഭ്യതാസഖ്യം ആരംഭിക്കുകയും ചെയ്തു. ഇതിൽ ചലച്ചിത്രവ്യവസായത്തിനു ഹാനിതട്ടിക്കണമെന്നു നിങ്ങൾക്കു യാതൊരു ഉദ്ദേശ്യവുമുണ്ടായിരുന്നില്ല; മറിച്ചു് കലയുടെ വേഷത്തിൽ എല്ലാം വിനോദങ്ങളേയും അധഃപതിപ്പിക്കുകയും ദുഷിപ്പിക്കുകയും ചെയ്യുമെന്നു ഭീഷണിപ്പെടുത്തുന്ന അനർത്ഥത്തെ കാലേക്കൂട്ടി നിങ്ങൾ പ്രതിരോധിക്കയത്രെ ചെയ്തതു്. നിങ്ങളുടെ നേതൃത്വം വിശ്വസ്തരായ നിങ്ങളുടെ ജനതയിൽനിന്നും സത്വരവും സ്നേഹാന്വിതവും ആയ വിധേയത്വം ആവശ്യപ്പെട്ടു. ലക്ഷക്കണക്കിനു് അമേരിക്കൻ കത്തോലിക്കർ സഭ്യതാസഖ്യത്തിന്റെ പ്രതിജ്ഞയ്ക്കു ഒപ്പുവയ്ക്കുകയും അങ്ങനെ കത്തോലിക്കാധാർമ്മികനിയമങ്ങൾക്കോ യഥാർത്ഥ ജീവിതരീതിക്കോ വിരുദ്ധമായ ചലച്ചിത്രങ്ങൾ ദർശിക്കുന്നതല്ലെന്നു സ്വയം വാഗ്ദാനംചെയ്യുകയും ചെയ്തു. പരിശുദ്ധമായ ഈ കുരിശുയുദ്ധത്തിൽ പ്രകടിതമായ സഹകരണംപോലെ മെത്രാന്മാരേയും ജനതയേയും തമ്മിൽ ദൃഢമായി സംയോജിപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾ വളരെ കുറവാണെന്നു പ്രഖ്യാപിക്കുവാൻ നമുക്കു് അതീവമായ സന്തോഷമുണ്ടു്. കത്തോലിക്കർ മാത്രമല്ല, ഉൽകൃഷ്ടമാനസരായ പ്രോട്ടസ്റ്റൻറുകാരും യഹൂദന്മാരും നിങ്ങളുടെ നേതൃത്വം സ്വീകരിക്കുകയും സിനിമായുടെ ധാർമ്മികവും കലാപരവുമായ നിലയെ പുനരുദ്ധരിക്കുന്നതിൽ നിങ്ങളോടു യോജിച്ചു പ്രവർത്തിക്കുകയും ചെയ്തു.

ഈ കുരിശുയുദ്ധത്തിന്റെ വലുതായ വിജയം നമുക്കു സീമാതീതമായ സന്തോഷത്തെ പ്രദാനംചെയ്യുന്നു. നിങ്ങളുടെ ജാഗരൂകതയും പൊതുജനാഭിപ്രായത്തിന്റെ ശക്തിയും മൂലം ചലച്ചിത്രം ധാർമ്മികവിഷയത്തിൽ കുറേ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. അധർമ്മവും അനീതിയും കുറച്ചുമാത്രമേ പ്രദർശിപ്പിക്കപ്പെടുന്നുള്ളു. പാപം പരസ്യമായി അംഗീകരിക്കപ്പെടുകയും പ്രശംസിക്കപ്പെടുകയും ചെയ്യുന്നില്ല. ജീവിതം സംബന്ധിച്ച അബദ്ധാദർശങ്ങൾ യുവഹൃദയങ്ങളിൽ പതിയുമാറു് അത്ര നഗ്നമായി പ്രദർശിപ്പിക്കപ്പെടുന്നില്ല.

സഭ്യതാസഖ്യം നിർബന്ധപൂർവ്വം ആവശ്യപ്പെട്ട പരിഷ്കാരങ്ങൾമൂലം ചലച്ചിത്രത്തിന്റെ കലാപരമായ വശത്തിനു വലുതായ കോട്ടം തട്ടുമെന്നു് ചിലർ പ്രവചിച്ചുവെങ്കിലും ഫലം അതിനെതിരായിരുന്നുവെന്നാണു് കാണുന്നതു്. അത്യുത്തമങ്ങളും നവീനങ്ങളും ആയ അനഘചിത്രങ്ങളുടെ ഉൽപാദനത്തിനു് വഴിതെളിച്ചുകൊണ്ടു് ചലച്ചിത്രത്തിന്റെ കലാപരമായ വശത്തിന്റെ മഹത്തായ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നതിനു് സഭ്യതാസഖ്യം നല്കിയിട്ടുള്ള പ്രോത്സാഹനം അനല്പമത്രേ.

ചലച്ചിത്രവ്യവസായത്തിന്റെ സാമ്പത്തികനിലയ്ക്കു് ഉടവുതട്ടുമെന്നു് ചിലർ വൃഥാ പറഞ്ഞിരുന്നു. പക്ഷേ അങ്ങനെ സംഭവിച്ചില്ല. ചലച്ചിത്രങ്ങൾ കാണികളുടെ ധാർമ്മികബോധത്തെ ക്ഷതപ്പെടുത്തിയതിനാൽ അവ കാണാൻ പോകാതിരുന്ന പലരും ഇപ്പോൾ സിനിമാകാണുവാൻ പോയ്ക്കൊണ്ടിരിക്കുന്നു. ശരിയായ ധാർമ്മികതത്വങ്ങൾക്കു് എതിരല്ലാത്തവയും ക്രിസ്തീയപുണ്യങ്ങൾക്കു വിരുദ്ധമല്ലാത്തവയും ആയ നിർമ്മലചിത്രങ്ങൾ കണ്ടു് ആനന്ദിക്കുവാൻ ഇപ്പോൾ അവർക്കു സാധിക്കുന്നതാണു്.

നിങ്ങൾ ഈ പരിശുദ്ധ സംരംഭം ആരംഭിച്ചഘട്ടത്തിൽ നിങ്ങളുടെ പ്രയത്നങ്ങൾ അധികനാൾ ദീർഘിക്കയില്ലെന്നും അവയുടെ ഫലം നിലനിൽക്കുകയില്ലെന്നും ചിലർ പറഞ്ഞിരുന്നു. മെത്രാന്മാരുടേയും വിശ്വാസികളുടേയും ജാഗരൂകത ക്രമേണ കുറയുന്നതോടെ ചലച്ചിത്രനിർമ്മാതാക്കൾക്കു സ്വതന്ത്രമായി അവരുടെ പഴയരീതിയിലേക്കു മടങ്ങിപ്പോകാമെന്നു് അവർ വിചാരിച്ചു. നിങ്ങൾ നിരോധിച്ചിട്ടുള്ളതും മനുഷ്യന്റെ അധമവികാരങ്ങളെ തൃപ്തിപ്പെടുത്തുന്നവയുമായ ദുഷിച്ച കഥകളിലേക്കു മടങ്ങിപ്പോകുവാൻ ചിലർ ആഗ്രഹിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. കലാപരമായി യഥാർത്ഥപ്രാധാന്യമുള്ള വിഷയങ്ങൾ പ്രദർശിപ്പിക്കുന്നതിനും മനുഷ്യഗുണങ്ങളുടെ വ്യതിയാനങ്ങൾ ചിത്രീകരിക്കുന്നതിനും ബുദ്ധിപരമായ യത്നവും അദ്ധ്വാനവും കഴിവും ആവശ്യമാണു്; ചിലപ്പോൾ ഗണ്യമായ പണവും മുടക്കേണ്ടിവരും. ദുർവ്വികാരങ്ങളെ ഉത്തേജിപ്പിക്കുന്നവയും മനുഷ്യഹൃദയത്തിൽ അന്തർലീനമായിരിക്കുന്ന അധമഭാവങ്ങളെ ഉണർത്തുന്നവയുമായ ചിത്രങ്ങളെ പ്രദർശിപ്പിക്കുന്ന ശാലകളിലേക്കു ചില പ്രത്യേകതരം വ്യക്തികളേയും സമുദായത്തിലെ ചില പ്രത്യേക വിഭാഗങ്ങളേയും ആകർഷിക്കുക താരതമ്യേന എളുപ്പമാണു്.

അതിവേഗം വിസ്മരിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യത്തക്കവിധം അല്പകാലത്തേക്കു മാത്രമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു പാവനസംരംഭമല്ല സഭ്യതാസഖ്യമെന്നും, എന്തുവിഷമങ്ങൾ സഹിക്കേണ്ടിവന്നാലും എന്നും ജനതയുടെ വിനോദരംഗത്തെ — അതു് ഏതെല്ലാം രൂപഭേദങ്ങൾക്കു വിധേയമായാലും — സംരക്ഷിക്കുവാൻ ഐക്യനാടുകളിലെ മെത്രാന്മാർ ദൃഢനിശ്ചയം ചെയ്തിരിക്കയാണെന്നും നിരന്തരവും സാർവ്വത്രികവും ആയ ജാഗരൂകതമൂലം ചിത്രനിർമ്മാതാക്കളെ ബോദ്ധ്യപ്പെടുത്തണം.

(തുടരും)

(വിവർത്തകൻ എ. വി. തോമസ്.)

## കലാപ്രദർശനം

വിശുദ്ധവത്സരം സംബന്ധിച്ചുള്ള കലാപ്രദർശനം പരിശുദ്ധ പിതാവു് ജൂലൈ 9-ാംനു- ഉൽഘാടനം ചെയ്തിരിക്കുന്നു. സെൻറ് പീറ്റേഴ്സ് അങ്കണത്തിനു സമീപം നവമായി പണികഴിച്ചിരിക്കുന്ന ഒരു കെട്ടിടത്തിലാണു പ്രദർശനവസ്തുക്കൾ സൂക്ഷിച്ചിരിക്കുന്നതു്.

# തീർത്ഥകസ്മരണകൾ

I

പുരോഹിതപദവിയിലാരോഹണം ചെയ്തനാൾ മുതൽ എന്റെ ഉൾത്തടത്തിൽ ഊറിക്കിടന്നിരുന്ന തീവ്രമായൊരഭിലാഷത്തിന്റെ പൂർത്തീകരണമാണു് ഇക്കഴിഞ്ഞ എന്റെ നിത്യനഗരസന്ദർശനവും അതോടനുബന്ധിച്ചുണ്ടായ വിദേശപര്യടനവും. ചിരകാലമായി മൊട്ടിട്ടുനിന്നിരുന്ന എന്റെ ആശാവല്ലരി ഇത്രവേഗം ഇത്രസുഭഗമായി പുഷ്പിക്കുമെന്നുള്ള പ്രതീക്ഷയോ പ്രത്യാശയോ അടുത്തകാലംവരെയും എനിക്കുണ്ടായിരുന്നില്ല. അതുതന്നെയിരിക്കയാണു് ഇന്നു തിരുസഭയെ ഭാഗ്യമോടെ വാണരുളുന്ന 12-ാംപിയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് 1950 ഒരു ജൂബിലിവർഷമായി പ്രഖ്യാപനം ചെയ്തതു്; നിവൃത്തിയുള്ള മക്കളെല്ലാം പിതാവിന്റെ സവിധത്തിലെത്തി ജൂബിലിദണ്ഡവിമോചനങ്ങൾ പ്രാപിച്ചുകാണുവാനുള്ള അവിടുത്തെ പൈതൃകമായ അഭിവാഞ്ഛ ലോകസമക്ഷം വിളംബരം ചെയ്തതു്. ഇതുതന്നെയാണു് എന്റെ ആ ജീവിതാഗ്രഹനിർവ്വഹണത്തിനുള്ള സുവർണ്ണസന്ദർഭം എന്നെനിക്കു തോന്നി. ഇടവും വലവും നോക്കാതെ, ഈശ്വരപരിപാലനയിൽ ആശ്രയമത്രയുമർപ്പിച്ചുകൊണ്ടു്, ഇന്ത്യൻ തീർത്ഥകസംഘത്തിൽ എന്റെ പേരു രജിസ്റ്റർചെയ്തു.

തീർത്ഥയാത്രയ്ക്കൊരുങ്ങുന്നുണ്ടെന്നറിഞ്ഞപ്പോൾ പലരും ചോദിച്ചുതുടങ്ങി, "പറക്കുകയാണോ, നീന്തുകയാണോ," എന്നു്. പറക്കുവാൻ ചിറകുമുളച്ചിട്ടില്ലെന്നായിരുന്നു ഞാൻ അന്നൊക്കെയും ചെറുപുഞ്ചിരിയോടെ പറഞ്ഞിരുന്ന മറുപടി. ചിരിയുടെ അടിയിൽ ഞാൻ കാര്യമായിത്തന്നെ ഉറച്ചിരുന്നതാണു് കപ്പൽമാർഗ്ഗമല്ലാതെ വിദേശപര്യടനം നടത്തുകയില്ലെന്നു്. വ്യോമയാനം കൂടുതൽ വിപല്ക്കരമാണെന്ന ആശങ്കകൊണ്ടല്ല. ഇടയ്ക്കുള്ള തുറമുഖനഗരങ്ങളും പരിസരപ്രദേശങ്ങളും സാവകാശത്തിൽ സന്ദർശിക്കണമെങ്കിൽ, പല രാജ്യക്കാരും വിവിധതരക്കാരുമായി യാത്രാവേളയിൽ ഇടപഴകുവാൻ തരപ്പെടണമെങ്കിൽ, ആവശ്യമുള്ളത്ര വിശ്രമം ലഭിക്കണമെങ്കിൽ കപ്പൽയാത്രകഴിക്കണം. ആരോഗ്യലബ്ധിക്കും സമുദ്രസഞ്ചാരം വളരെയധികം സഹായിക്കുമല്ലോ. പണച്ചെലവും ചുരുങ്ങും. ഈദൃശന്യായങ്ങളാണു കടൽയാത്രയെ ഇത്രമേൽ ആകർഷകമാക്കിയതു്. ഐഹികജീവിതത്തെ സംസാരസാഗരമായിട്ടാണല്ലോ കവികൾ വിവക്ഷിക്കുന്നതു്. ഈ അലങ്കാരപ്രയോഗത്തിന്റെ തന്മയത്വം അനുഭവിച്ചറിയുന്നതിനും തെല്ലൊരു കൗതുകം ഇല്ലാതിരുന്നില്ല.

പക്ഷേ, "നിനച്ചിടുമൊന്നാ നരൻ മനസ്സിൽ, മറിച്ചിടുന്നായതു സർവ്വശക്തൻ" എന്നാണല്ലോ ആപ്തവാക്യം. നാം കെട്ടുന്ന പ്ലാനനുസരിച്ചല്ല പലപ്പോഴും ദൈവം നമ്മുടെ ജീവിതസാഹചര്യങ്ങൾ സജ്ജീകരിക്കുന്നതു്. നമ്മുടെ ഹിതാനുസാരം കാര്യങ്ങൾ നടക്കാതെവന്നാൽ നമുക്കു കുണ്ഠിതവും ഇച്ഛാഭംഗവും ഉളവാകും; തീർച്ചയാണു്. എന്നാൽ കാലാന്തരത്തിൽ നമുക്കു ബോദ്ധ്യപ്പെടാതിരിക്കയില്ല, ഈശ്വരനിർദ്ദിഷ്ടമായ പ്ലാനാണു നമുക്കു ഉപരിനന്മയും മേന്മയും പ്രദാനംചെയ്യുവാൻ പര്യാപ്തമെന്നു്. ഞാൻ ഉന്നംവെച്ച രണ്ടു കപ്പലുകളിലും എനിക്കു യാത്രാസൗകര്യം സിദ്ധിച്ചില്ല. തല്ക്കാലം വിമാനം മാത്രം അവശേഷിച്ചു. ഒട്ടും വൈകാതെ കമ്പിവഴി വിമാനഗ്രൂപ്പിൽ ഞാനൊരു സീററ് ബുക്കുചെയ്തു. അങ്ങനെ ഒരൊററരാത്രികൊണ്ടാണു് എനിക്കു ചിറകുമുളച്ചതെന്നു വേണം പറയുവാൻ. യാത്രാസമ്പ്രദായം മാറേറണ്ടിവന്നതിൽ എനിക്കു ആദ്യം അസാമാന്യമായ ഇച്ഛാഭംഗം തോന്നിയെങ്കിലും, ഇപ്പോൾ ഞാൻ പ്രസ്തുതസംഭവപരിണാമത്തിൽ ദൈവപരിപാലനയെ അകംനിറഞ്ഞനന്ദിയോടെ വാഴ്ത്തുകയാണു്.

യാത്രാക്ലേശങ്ങളൊന്നും പറയത്തക്കവിധം അനുഭവപ്പെടാതെ ഇത്ര സുദീർഘമായ വിദേശസഞ്ചാരം സ്വപ്നപ്രായമായ ശീഘ്രഗതിയിൽ നിർവ്വഹിക്കുന്നതിനും സസുഖം പ്രത്യാഗമിക്കുന്നതിനും എനിക്കു സാധിച്ചു. ഉന്നതതലങ്ങളിൽ മേഘങ്ങൾക്കുമീതേയും മേഘങ്ങളുടെ ഉള്ളിലൂടേയും മിന്നൽവേഗത്തിൽ പറന്നുപോകുമ്പോളുണ്ടാകുന്ന അനവധി അസുലഭങ്ങളും അഭൗമങ്ങളുമായ അനുഭവങ്ങൾ വേറെവിധത്തിലൊന്നും എനിക്കു സിദ്ധിക്കുമായിരുന്നില്ല. മാത്രമല്ല, കപ്പൽമാർഗ്ഗമായിരുന്നു എന്റെ പര്യടനമെങ്കിൽ കോറിയൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഞാൻ ഇനിയും സമുദ്രമദ്ധ്യത്തിലാകുമായിരുന്നു. എനിക്കും സുഹൃത്തുക്കൾക്കും അതു എത്രമാത്രം ഉൽക്കണ്ഠാവഹമായേനെ. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സജ്ജീകരണം ഒരുപക്ഷേ ആദ്യം കയ്പുള്ളതായി തോന്നിയാലും, പിന്നീടതു അതിമാത്രം മധുരതരമായി അനുഭവപ്പെടാതിരിക്കയില്ല.

പി. കാക്കശ്ശേരി

---

## തൊഴിലില്ല- എന്നാലും

സോവ്യററു റഷ്യയിലെ ഒരു കൃഷിക്കാരനെ അദ്ദേഹത്തിന്റെ ഒരു ബാല്യകാലസുഹൃത്തു വീട്ടിൽചെന്നു സന്ദർശിച്ചു. അവരുടെ സംഭാഷണം കുടുംബകാര്യങ്ങളിലേക്കു തിരിഞ്ഞു.

സുഹൃത്തു്—മക്കളെന്തു ചെയ്യുന്നു?

കൃഷിക്കാരൻ—മൂത്തവർ മൂന്നുപേരും മോസ്കോയിലാണു്. ഒരുത്തൻ ഒരു ഗ്രന്ഥകാരൻ, രണ്ടാമൻ ഒരു ചിത്രകാരൻ, മൂന്നാമൻ ഒരു പ്രസ് ഫോട്ടോഗ്രാഫറാണു്.

സുഹൃ—എന്റെ അഭിനന്ദനം. ഉന്നതനിലയിലിരിക്കുന്ന ഈ മക്കൾ നിമിത്തം നിങ്ങൾക്കു മാനവും ധനവും ലഭിക്കുമല്ലോ. നാലാമത്തെ മകനോ?

കൃഷി—ഓ, അവൻ അമേരിക്കയിലാണു്.

സുഹൃ—അമേരിക്കയിലോ? അവിടെ എന്തുചെയ്യുന്നു?

കൃഷി—അവിടെ ഒരു തൊഴിലുമില്ലാതെ കഴിയുകയാണു്.

സുഹൃ—കഷ്ടമേ, അതു വളരെ നിർഭാഗ്യമാണല്ലോ.

കൃഷി—നിങ്ങളെന്താ പറയുന്നതു്. അതിൽ നിർഭാഗ്യമൊന്നുമില്ല. അവന്റെ സഹായമില്ലായിരുന്നെങ്കിൽ, ഞാനും എന്റെ മൂത്തമക്കളും വളരെ മുൻപുതന്നെ പട്ടിണിമൂലം മരിക്കുമായിരുന്നു!

[അമേരിക്കയിൽ തൊഴിലില്ലാത്ത ഒരാൾക്കു കിട്ടുന്ന തൊഴിലില്ലായ്മ വേതനം, റഷ്യയിൽ തൊഴിൽ ചെയ്യുന്ന ഒരു തൊഴിലാളിക്കു കിട്ടുന്ന കൂലിയെക്കാൾ വളരെയധികമാണു്.]

## എക്സാമിനർ പത്രത്തിന്റെ വിശേഷാൽപ്രതി

ബോംബെയിൽനിന്നു പുറപ്പെടുന്ന എക്സാമിനർ പത്രം തുടങ്ങിയിട്ടു നൂറു കൊല്ലം തികഞ്ഞിരിക്കുന്നതു പ്രമാണിച്ചു് ജൂലൈ 8-ാംനു- 70 പേജുള്ള ഒരു വിശേഷാൽപ്രതി പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിൽ ഇൻറർനൺഷ്യോ, ബോംബെ സഹായമെത്രാൻ ഡോക്ടർ ഗ്രേഷ്യസ്, അലഹബാദ് മെത്രാൻ ഡോക്ടർ റേയ്മണ്ട് എന്നി അഭിവന്ദ്യതിരുമേനിമാരുടേയും, മുൻപത്രാധിപന്മാർ റവ. ഹാ. ഹൾ എസ്. ജെ., റോപ്പർ എസ്. ജെ. എന്നിവരുടേയും, മി. എം. രത്നസ്വാമി, മി. കൊറെയ അൽഫോൻസൊ, ഡോക്ടർ പി. ജെ. തോമസ്, ഷെവ. സി. ജെ. വർക്കി ആദിയായ അനേകം പ്രമുഖരുടേയും വിജ്ഞാനപ്രദങ്ങളായ പല ലേഖനങ്ങളുമുണ്ടു്. The Examiner Press, Fort, Bombay 1 എന്ന മേൽവിലാസത്തിൽ എഴുതിയാൽ എട്ടണ വിലയ്ക്കു വിശേഷാൽപ്രതിയുടെ കോപ്പി ലഭിക്കുന്നതായിരിക്കും.

---

Every argument has two sides, but no end.

* * *

Good Neighbour: A fellow who smiles at you over the back fence, but doesn't climb it.

ചെറുകഥ

# ജഡ്ജിയുടെ സ്നേഹിതൻ

(ജി. സി. ടീലാർ)

ആ പേരു കേട്ടാൽ ആളുകൾ ഞെട്ടും. മനുഷ്യവാസമുള്ള സ്ഥലങ്ങളിൽക്കൂടി പകലെങ്ങും അയാൾ സഞ്ചരിക്കയില്ല. കരയുന്ന കുട്ടികളെ അമ്മമാർ ഭീഷണിപ്പെടുത്തുന്നതു് "അഹമ്മദ് കോയക്കു പിടിച്ചുകൊടുക്കും" എന്നു പറഞ്ഞാണു്. ഒരു തസ്കരസംഘത്തിന്റെ പ്രമാണിയാണു കോയ. അർദ്ധരാത്രിസമയത്താണു് അവർ സംഘംകൂടുക. ചുററും കാവൽനിർത്തിയിട്ട സംഘം കൂടുന്നു. അപകടമുള്ളപ്പോൾ മുന്നറിയിപ്പു നല്കുവാൻ ചില അടയാളങ്ങൾ കാവൽക്കാർക്കുണ്ടു്. യാന്ത്രികരീതിയിലാണു് അവരുടെ പ്രവർത്തനം. പെട്ടെന്നു വിളക്കണച്ചു നാലുപാടും ചിതറി താവളങ്ങളിൽ പോയി രക്ഷപെടുവാൻ അവർ അഭ്യസിച്ചിട്ടുണ്ടു്.

"നമ്മക്കിന്നു ഇല്ലിക്ക മോലാളിടെ വീട്ടൊന്നു തൊരക്കണം. മൂന്നു മാസത്തെ നമ്മക്കു പിന്നെ സൊന്താ."—ഒരാളുടെ അഭിപ്രായം അർദ്ധരാത്രിയുടെ അന്തരീക്ഷത്തെ ഭേദിച്ചുയർന്നു. "എന്താ കാണു ടാ അവിടെ?"—ചോദിച്ചു കോയ. "പൊന്നും പൊടീം ആയിട്ടുണ്ടന്നേ ഒത്തിരി. അയാക്കടെ മോള പള്ളിപ്പോണ കണ്ടോന്നു. തെളതെള തെളങ്ങണ താലി. കയിത്തിലും കയ്യേലും തൂങ്ങണ ആപരണം! എന്റപ്പപ്പൊ കൊതിവന്നുപോയി. അതെല്ലാം നമ്മക്കിന്നു പെറുക്കണം." എല്ലാവരും "ബേഷ് ബേഷ്" അടിച്ചു. ചൂളംവിളികേട്ടപ്പോൾ കാവൽക്കാരും കൂട്ടത്തിലെത്തി.

തോമസ്സും കോയയും ഒരേപ്രായക്കാരാണു്. മൂന്നാംക്ലാസ്സുവരെ അവർ സഹപാഠികളായിരുന്നു. പഠനത്തിൽ തോമസിനെ വെല്ലുവാൻ അന്നു ക്ലാസ്സിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. കളികൾക്കും കുസൃതികൾക്കും മുമ്പൻ കോയ. എങ്കിലും അവർ തമ്മിലുള്ള സ്നേഹം ഒരു പഴഞ്ചൊല്ലായിത്തീർന്നു, ക്ലാസ്സിൽ. പള്ളിക്കൂടത്തിലേക്കു വരവും വീട്ടിലേക്കു പോക്കും ഒന്നിച്ചു്. ഒരു ദിവസം തോമസ് ചോദിച്ചു: "എന്റെ സ്നേഹിതാ, നീ എന്താണു് പഠനത്തിൽ ശ്രദ്ധിക്കാത്തതു്?" കോയ പറഞ്ഞൊരു മറുപടി: "ഞാനെന്തിനാ പഠിച്ചുപഠിച്ചു ബി. എ. ക്കാരനാകാൻ പോണു. വല്ലോരുണാം നാലാംക്ലാസ്സു കഴിഞ്ഞാ വല്ല തൊഴിലും ചെയ്യണോന്നാ ബാപ്പ പറേണതു്." തോമസിനൊരു സംശയം. "നിനക്കെന്തു തൊഴിലറിയാം?" എന്നായി അടുത്ത ചോദ്യം. "കാശൊണ്ടാക്കാൻ നല്ലതു തെരട്ടപണിയാ" എന്നായിരുന്നു കോയയുടെ മറുപടി. "പിടികിട്ടിയാൽ നിനക്കു ശിക്ഷ കിട്ടുകയില്ലേ?" തോമസിന്റെ വേറൊരു ചോദ്യം. "നീ പഠിച്ചുപഠിച്ചു ജഡ്ജിയാക്. എന്നാ പിന്നെ എനിക്ക പേടിക്കണ്ടല്ലോ."

രണ്ടുമൂന്നു കൊല്ലത്തെ പരിശ്രമം കഴിഞ്ഞു കോയ നാലാം ക്ലാസ്സു ജയിച്ചു; തൊഴിലും ആരംഭിച്ചു. തനിച്ചായിരുന്നു ആദ്യം. ചെറുതോതിലുള്ളതെല്ലാം വിജയപ്രദമായി കണ്ടു. പട്ടിണികിടന്നു ക്ലേശിച്ചിരുന്ന ബാപ്പയ്ക്കും മമ്മയ്ക്കും നല്ലകാലം ഉദിച്ചു എന്നവർ കരുതി. രാത്രിയിൽ കോയ തട്ടിക്കൊണ്ടുവരുന്ന സാധനങ്ങൾ പ്ലാംപൊത്തിലും കല്ലുകുഴിയിലും ഒളിച്ചുവയ്ക്കയായിരുന്നു അവരുടെ പതിവു്. "ഭയങ്കര മോഷണങ്ങൾ" എന്ന തലക്കെട്ടിൽ ധാരാളം പത്രക്കുറിപ്പുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. പോലീസുകാർ അന്വേഷണവും. നിരപരാധികളായ വളരെപ്പേർ മർദ്ദനങ്ങളേററു. എങ്കിലും മോഷ്ടാവിനെ കണ്ടുകിട്ടിയില്ല.

കോയക്കു നാലഞ്ചു കൂട്ടുകാർ ഉണ്ടായി. കൊലപാതകത്തിനും അവർ മടിച്ചിരുന്നില്ല. കോയയേയും കൂട്ടരേയും ഭയന്നു് യാത്രപോലും ചെയ്യാതായി ആളുകൾ.

"വല്ല തൊന്തരവിലും സർക്കാരുകാരു നമ്മെ പിടിച്ചാലോ?" ഒരാൾ സംഘത്തിൽ ഒരു ചോദ്യം ചോദിച്ചു.

"പിടിച്ചാലെന്തു പിടിക്കും: ഇപ്പഴേന്നു, തൂക്കിക്കൊലയോ മറേറാ ഒണ്ടോ? രണ്ടുന്നുകൊല്ലം ഉണ്ട ചൊമക്കണായിരിക്കും." ജിൻകുട്ടി പ്രതിവചിച്ചു. "ജയിലിപ്പോയാ സൊകം തന്നെ സൊകം. ചോറു്, കാപ്പി, മുറുക്കാൻ, എണ്ണ, കൊഴമ്പു്, ബീഡി—ഇതൊക്കെ കണക്കിനു കണക്കിനു കിട്ടും പിന്നെ വീട്ടുചെലവിനൊരു പടിം. ഇതിപ്പരം സൊകം എന്നാ സൊകാ?" മുകുന്ദൻ ഒരു വിശദീകരണവും നല്കി. പക്ഷേ ജിൻകുട്ടി എതിർത്തു: "ഇതു പറേണതൊക്കെ രാഷ്ട്രീയക്കാർക്കല്ലേടാ?"

"ല്ലന്നേ. അത്യാഗ്രം എന്നൊരു സൂത്രമൊണ്ടു്. അതങ്ങു തൊടങ്ങിയേച്ചാ നമുക്കും കിട്ടുവെടാ ഇതൊക്കെ."

"എന്നാ പറേറിയപണി. എങ്കിലും പിടികൊടുക്കാണ്ടു നോക്കണം കേട്ടോ. കുത്തംകെട്ട വക പിടിച്ചാ പൂരം ചതച്ചേ വിടൂ."

കോയയുടെ സ്വരം ഉയർന്നു: "മിണ്ടാതിരിക്കിനെടാ. ഞാൻ പറേട്ടെ. ഏതു കേസുവന്നാലും പേടിക്കണ്ടാ. തോമസ്സുദ്ദ്യേമാ ഇപ്പഴത്തെ ജഡ്ജി. ഞാനള്ളാവിനോടെന്നു പ്രാർത്ഥിച്ചാന്നറിഞ്ഞോ അദ്ദേം ജഡ്ജിയായതു്. ഞങ്ങളൊരു ബെഞ്ചേലിരുന്നു പഠിത്തം പഠിച്ചതാ."

ഇല്ലിക്ക മുതലാളിയുടെ ഭവനം ഭേദിച്ചു് ഒരു തസ്കരസംഘം മോഷണം നടത്തി എന്ന വാർത്ത കാട്ടുതീപോലെ ദിക്കെങ്ങും പരന്നു. സംഭീതരായി ആളുകൾ. പോലീസ് ഊർജ്ജിതത്തിൽ അന്വേഷണം നടത്തിത്തുടങ്ങി. ഒരു തെളിവും കിട്ടിയില്ല. പോലീസുകാരെ ഭയന്നു പലരും കാടുകയറി. തസ്കരസംഘത്തെ ഭയന്നു സത്യം പറയുവാനും ആളുകളുണ്ടായില്ല. ദാസപ്പൻ ആയിരുന്നു അവിടത്തെ പോലീസ് ഇൻസ്പെക്ടർ.

"പാത്തുമ്മേ!" — പടിക്കൽവന്നു വിളിച്ചു രണ്ടു പേർ.

"ഓ, എന്താ വേണം പാത്തുമ്മാക്കു?"—അവർ വിളികേട്ടു. "പോലീസുകാർ വരുന്നൊണ്ടിഞ്ഞോട്ടു്. ആ മാലേം മോതിരോം ഒക്കെ ഇവിടെന്നെടുത്തുമാററാൻ കോയ പറഞ്ഞുവിട്ടതാ. എവിടാ മൂടിവച്ചിരിക്കുന്നതു്?" പാത്തുമ്മാ നിന്നനിലയിൽ വിറയ്ക്കുവാൻ തുടങ്ങി. "എന്നാ വെക്കം വാ. എടുത്താണ്ടു പോ" എന്നൊരു നിർദ്ദേശവും കൊടുത്തു. അവർ മൂവരുംകൂടി ഒരു കല്ലുകുഴിയുടെ വക്കിലേക്കു നീങ്ങി. പാത്തുമ്മാ സ്ഥലം കാണിച്ചുകൊടുത്തു. അവർ ഒരു കൈപ്പെട്ടി എടുത്തുകൊണ്ടുപോകയും ചെയ്തു.

കോയ വന്നു അർദ്ധരാത്രിക്കു്. കല്ലുകുഴി പരിശോധിക്കയായിരുന്നു ആദ്യത്തെ പണി. അവിടെ മണ്ണിളകിക്കിടക്കുന്നു. ഉള്ളിൽ ഒരു ഞെട്ടൽ. "ചതിച്ചല്ലോ എന്റെ അള്ളാ" എന്നു പറഞ്ഞു ചങ്കത്തടിച്ചു. സ്വരംകേട്ടു കുഞ്ഞുമേത്തരും പാത്തുമ്മായും ഉണർന്നു. "ഇതെന്താരുമെന എന്റെ മോനേ?"

"ഇവിടെ ഇരുന്ന പെട്ടി?"

"അതെന്റെ മോൻ പറഞ്ഞെന്നു പറഞ്ഞു രണ്ടുപേരു വന്നാരുന്നു. അവരിക്കടെ കൈയിലതങ്ങു കൊടുത്തുവിട്ടാരുന്നല്ലോ."

"ആരു്? ജിൻകുട്ടീം മുകുന്ദനും കൂടെയാണോ വന്നതു്?"

"അല്ലല്ല, വേറേ രണ്ടുപേരാ."

"വേറെ ആരാ? മമ്മ കണ്ടിട്ടൊള്ളോരല്ലേ?"

"ഒന്നിക്കത്ര പേരൊരെണ്ടന്നിനിക്കറിയാമോ?"

"അതാ ഞാൻ പറഞ്ഞേ ചതിച്ചെന്നു്. എന്നെ വെലങ്ങുവച്ചോണ്ടു പോണതു നിങ്ങള് കണ്ടോളിൻ."

"അവര് പിന്നെ ആരാരുന്നെടാ?"

"ആ പെഴച്ചവക ഉടുപ്പ് മാററിയേച്ചുവന്നതാല്ലിയോ."

കുഞ്ഞുമേത്തർക്കും പാത്തുമ്മായ്ക്കും അപ്പോഴാണു കാര്യം മനസ്സിലായതു്. അവരും ചങ്കത്തടിച്ചു നിലവിളിച്ചു. കോയ അവിടെനിന്നും ഓടി മറയുകയും ചെയ്തു. ഒരു വനത്തിന്റെ മദ്ധ്യത്തിലേക്കാണയാൾ പോയതു്. ഒരു ഏറുമാടമായിരുന്നു താവളം. കാമുകിയുമായി അവിടെ അയാൾ ഇരിപ്പുറപ്പിച്ചു. പോലീസുകാർ വിട്ടില്ല. അവർ തോക്കും വാളുമെടുത്തു് ഏറുമാടം വളഞ്ഞു. കോയ പോലീസിന്റെ പിടിയിൽ പെടുകയും ചെയ്തു. അനല്പമായ സന്തോഷമാണുണ്ടായതു നാട്ടുകാർക്കു്. ചേരയുടെ വായിൽനിന്നും രക്ഷനേടിയ തവളയുടെ ആശ്വാസംപോലെ.

കേസുവിസ്താരം തുടങ്ങി. ജസ്റ്റിസ് തോമസ് ആയിരുന്നു ജഡ്ജ്. കോയയുടെ ദുഷ്കൃത്യങ്ങളെ എണ്ണി എണ്ണി പറഞ്ഞു ഗവണ്മെൻറുവക്കീൽ. തന്റെ കക്ഷി നിരപരാധിയാണെന്നു കോയയുടെ വക്കീലും വാദിച്ചു. വാദപ്രതിവാദങ്ങൾ കേൾക്കുന്നതിനും കോയയെ ഒന്നു കാണുന്നതിനുംവേണ്ടി അനേകം ആളുകൾ അവിടെ കൂടാറുണ്ടായിരുന്നു. വിധിപറയേണ്ട ദിവസമായി. തോമസ് ഒരു നീതിമാനാണെന്നു് എവർക്കും അറിയാം. കോയയുടെ പഴയ ഒരു സഹപാഠിയാണെന്നുള്ള കാര്യവും അവർക്കു അജ്ഞാതമല്ല. "അദ്ദേഹം എങ്ങനെ വിധിനടത്തും? തന്റെ പഴയ കൂട്ടുകാരനെ ശിക്ഷിക്കുമോ?" എന്നൊക്കെയായി ഓരോരുത്തരുടെയും ചിന്താഗതി.


ജസ്റ്റിസ് തോമസ് അന്നും അക്ഷോഭ്യനായിത്തന്നെയാണു പ്രത്യക്ഷപ്പെട്ടതു്. എല്ലാവരും ഉൽക്കണ്ഠയോടുകൂടി ഇരിക്കുന്നു. അദ്ദേഹം വായിച്ചു ഗൗരവസ്വരത്തിൽ ആ വിധിവാചകം. "പ്രതിക്കു് 500 രൂപാ പിഴ." നീതിമാനായ ജഡ്ജി എന്നു് അദ്ദേഹത്തെ എല്ലാവരും പുകഴ്ത്തി. പക്ഷേ അദ്ദേഹത്തിന്റെ പഴയ സ്നേഹം എങ്ങും പ്രത്യക്ഷപ്പെട്ടില്ലല്ലോ എന്നു ചിലർ കുണ്ഠിതപ്പെട്ടു. അദ്ദേഹം ഉടൻ ബെഞ്ചിൽനിന്നും ഇറങ്ങി സ്വകാര്യമുറിയിലേക്കു പോയി.

"ക്ലാർക്ക്" എന്നദ്ദേഹം വിളിച്ചു. ആദരവോടെ അയാൾ അദ്ദേഹത്തിന്റെ അടുത്തെത്തി നടുവളക്കിനിന്നു. പോക്കററിൽനിന്നും 500 രൂപായുടെ നോട്ടുകൾ അദ്ദേഹം വലിച്ചെടുത്തിട്ടു് ക്ലാർക്കിന്റെ നേരെനീട്ടി. "ഇതുവാങ്ങി കണക്കിൽ വരവുവച്ചിട്ടു് രസീതു് എഴുതി കോയക്കുകൊടുക്കുക." ക്ലാർക്കു് അല്പം അന്ധാളിച്ചുപോയി. "രസീതുകൊടുത്തിട്ടു് ഞാനെന്താ പറയണം അയാളോടു്, യജമാനനേ?"

"അയാൾക്കുവേണ്ടി ഒരു സ്നേഹിതൻ ആ തുക കെട്ടിവച്ചു എന്നും ആ സ്നേഹിതൻ അയാളെ കാണുവാൻ ആഗ്രഹിക്കുന്നു എന്നും പറയുക." ക്ലാർക്ക് അവിടെ നിന്നുംപോയി.

കോയ പരുങ്ങലിന്റെ വാങ്ങലുടിച്ചു ഒരു സന്തോഷം ഉള്ളിൽ ഒതുക്കികൊണ്ടു് സ്വകാര്യമുറിയിൽ ഹാജരായി. അയാൾ തോമസിന്റെ മുമ്പിൽ താണുവീണു തൊഴുതു. എന്നാൽ ഒററ അക്ഷരംമിണ്ടുവാൻ അയാളുടെ നാവു പൊങ്ങിയില്ല. ജസ്റ്റിസ് തോമസ് പറഞ്ഞു: "നമ്മുടെ ചെറുപ്പകാലത്തെ ബാലകേളികൾ ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ടു്. ഞാൻ ഒരു ജഡ്ജിയായി കാണുവാൻ കോയ അന്നു് ആഗ്രഹിച്ചു. ഞാൻ ഒരു ജഡ്ജിയായി. നീതിയായി വിധിപറയുവാൻ ഞാൻ എന്റെ കഴിവനുസരിച്ചു പ്രവർത്തിക്കുന്നു. പക്ഷേ കോയയുടെ കേസ് എന്റെ മുമ്പിൽ വന്നതുമുതൽ എനിക്കുറക്കം തീരെ കുറവായി. നീതിയുടെയും സ്നേഹത്തിന്റെയും ഇടയ്ക്കു ഞാൻ ഞെരുങ്ങുകയായിരുന്നു. ഇന്നലെ വേദപുസ്തകം തുറന്നുനോക്കിയപ്പോൾ കിട്ടിയ അദ്ധ്യായം എന്നെ ആശ്വസിപ്പിച്ചു. വി. മത്തായിയുടെ സുവിശേഷം 20-ാം അദ്ധ്യായത്തിൽ കാണുന്നതു് ഇങ്ങനെയാണു്:- തന്റെ ദ്രാക്ഷാവാടികയിൽ ജോലി ചെയ്യുന്നതിനു തൊഴിലാളികളെ ശേഖരിക്കുവാനായി അതിരാവിലെ പുറപ്പെട്ട ഭവനനാഥനു സമാനമാണു സ്വർഗ്ഗരാജ്യം. ഒരു ദിവസത്തെ വേതനമായി ഒരു ദനാറനാണയം നല്കാമെന്നു തൊഴിലാളികളുമായി ഉടമ്പടി ചെയ്തശേഷം അയാൾ അവരെ തന്റെ മുന്തിരിത്തോട്ടത്തിലേക്കയച്ചു. പിന്നീടു മൂന്നാം മണിക്കൂറിൽ അയാൾ പുറത്തേക്കു പോകയിൽ ചന്തസ്ഥലത്തു് മററു ചിലർ അലസരായി വർത്തിക്കുന്നതു കണ്ടു; അയാൾ അവരോടു പറഞ്ഞു:

(ശേഷം 10-ാം പേജിൽ)



"കോയയുടെ കണ്ണുകളിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി."



"ചതിച്ചല്ലോ...." എന്നു പറഞ്ഞു് ചങ്കത്തടിച്ചു.

# റോമാവാർത്തകൾ

(സ്വന്തം ലേഖകൻ)

### "ഭൂമിയിലെ രക്തസാക്ഷിണിയും സ്വർഗ്ഗത്തിലെ മാലാഖായും" *

ജൂൺ 24. ലോകത്തിലെ ഏററവും വലിയ ദേവാലയമാണു് വി. പത്രോസിന്റേതു്. എന്നുവരികിലും മരിയഗൊരേത്തിയുടെ നാമകരണാഘോഷങ്ങളിൽ പങ്കുകൊള്ളുന്നതിനു സന്നിഹിതരായ ജനക്കൂട്ടത്തെ ഉൾക്കൊള്ളുന്നതിനു് ആ ബ്രഹ്മാണ്ഡദേവാലയത്തിനും കഴിവില്ലാതെവന്നു. തൽക്കാരണത്താൽ തൃക്കർമ്മങ്ങൾ ദേവാലയത്തിനു പുറത്തുവച്ചാണു നടത്തപ്പെട്ടതു്. പുരാതനകാലത്തുതന്നെ വി. പത്രോസിന്റെ ദേവാലയത്തിനു് ഇത്ര വിസ്തൃതമായ ഒരങ്കണം പണിതീർക്കുന്നതിൽ ശ്രദ്ധവച്ച അധികാരികൾ അഭിനന്ദനാർഹരത്രെ. എന്നാൽ ഇന്നു കൂടിയ ജനങ്ങളെ ഉൾക്കൊള്ളുവാൻ അതിന്റെ വിസ്താരവും പോരാതെയാണു വന്നതെന്നുള്ള പരമാർത്ഥം ദേവാലയാങ്കണംമുതൽ ടൈബർനദീതീരംവരെയുള്ള വിശാലമായ റോഡുകളെല്ലാം ജനനിബിഡമായിരുന്നു എന്നുള്ളതിൽനിന്നും മനസ്സിലാക്കാമല്ലോ.

പതിവായി ഈവിധ ചടങ്ങുകൾ ഞായറാഴ്ച രാവിലെയാണു നടത്തിവന്നിരുന്നതു്. ഇതും അങ്ങനെതന്നെയാണല്ലോ നേരത്തേ പ്രഖ്യാപനം ചെയ്തിരുന്നതു്. എന്നാൽ രണ്ടുദിവസം മുൻപേതന്നെ റോമിൽ വന്നെത്തിയ തീർത്ഥകരുടെ ബാഹുല്യമാണു് മരിയയെ പുണ്യവതിപദവിയിലേക്കുയർത്തുന്നതിനുള്ള ചടങ്ങുകൾ തലേദിവസം വൈകുന്നേരംതന്നെ നടത്തുന്നതിനു് കാരണമാക്കിയതു്. മുപ്പതോളം രാജ്യങ്ങളിലെ തീർത്ഥകസംഘങ്ങൾ സന്നിഹിതരായിരുന്നു.

ഉച്ചയായതോടുകൂടി ആളുകൾ വി. പത്രോസിന്റെ ദേവാലയത്തിന്റെ മുൻവശത്തു തിങ്ങിക്കൂടിത്തുടങ്ങി. തൃക്കർമ്മങ്ങൾ ഏഴുമണിക്കുമാത്രമേ തുടങ്ങുകയുള്ളു എന്നായിരുന്നിട്ടും 3 മണിയായപ്പോഴേക്കും ദേവാലയപരിസരങ്ങൾ ജനങ്ങളെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞിരുന്നു. തീർത്ഥകസംഘങ്ങളുടെ ശ്രവണമധുരമായ ഗാനാലാപങ്ങൾ ഏവരേയും പുളകംകൊള്ളിക്കതന്നെ ചെയ്തു. ആ സമയത്തു് വി. പത്രോസിന്റെ ദേവാലയത്തിൽ പ്രവേശിച്ചു് ജൂബിലിവിസിററ നടത്തുന്നതിനു തീർത്ഥകർക്കുള്ള വൈഷമ്യം പരിഗണിച്ചു്, ദയാമൂർത്തിയായ പരിശുദ്ധ പിതാവു്, ദേവാലയത്തിനു പുറത്തുനിന്നുകൊണ്ടു് നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകൾ ചൊല്ലിയാൽ മതിയെന്നു കല്പിച്ചനുവദിച്ചു. ആ വിവരം ഉച്ചഭാഷിണിമുഖേന ജനക്കൂട്ടത്തെ അറിയിക്കുകയും ചെയ്തു.

4 മണിയായതോടുകൂടി വി. മരിയയുടെ ജീവചരിത്രത്തിന്റെ ഒരു സംക്ഷിപ്തവിവരണം ഉച്ചഭാഷിണിയിൽക്കൂടി പ്രക്ഷേപണം ചെയ്യപ്പെട്ടു. അതേതുടർന്നായ ഗാനാലാപങ്ങളും ഹസ്തതാഡനങ്ങളുംകൊണ്ടു് അന്തരീക്ഷം മുഖരിതമായി.

ഈ സമയത്തു് വിശുദ്ധയുടെ അമ്മയും രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരും അവിടെ വന്നുചേർന്നു. ലോകചരിത്രത്തിൽ ആദ്യമായിട്ടാണു് ഒരു മാതാവു് സ്വപുത്രിയെ പുണ്യവതിയെന്നു പ്രഖ്യാപനംചെയ്യുന്നതിൽ പങ്കുകൊള്ളുന്നതു്. 84 വയസ്സുള്ള ആ മാതാവിന്റെ ആഗമനത്തിൽ ജനങ്ങൾ അത്യന്തം ഉത്സാഹഭരിതരായി "അമ്മ നീണാൾ ജീവിക്കട്ടെ" എന്നു് ഏകകണ്ഠമായ സ്വരത്തിൽ ജയഘോഷം മുഴക്കി.

5 മണി ആയതോടുകൂടി ഉച്ചഭാഷിണിയിൽക്കൂടി പല സ്തോത്രഗീതങ്ങൾ ആലപിക്കപ്പെട്ടു. അവയിൽ പാരീസിൽനിന്നും വന്നുചേർന്നിരുന്ന കത്തോലിക്കാപ്രവർത്തനസംഘക്കാരുടെ ഗാനങ്ങൾ പ്രാധാന്യം അർഹിക്കുന്നവതന്നെ ആയിരുന്നു. ജനക്കൂട്ടം ഈ ഗാനങ്ങൾ പലപ്രാവശ്യം ആവർത്തിച്ചു.

ആറുമണിയോടുകൂടി സകലപുണ്യവാന്മാരുടെ ലുത്തിനിയായും ചൊല്ലിക്കൊണ്ടു് വൈദികമേലദ്ധ്യക്ഷന്മാരും വൈദികരും പ്രദക്ഷിണം ആരംഭിച്ചു. ഉദ്ദേശം ഒരുമണിക്കൂറുകൊണ്ടാണു് പ്രദക്ഷിണം ദേവാലയാങ്കണത്തിൽ എത്തിച്ചേർന്നതു്. അധികം താമസിയാതെ കർദ്ദിനാളന്മാരും ആഗതരായി. അക്ഷമരായിനിന്ന ജനക്കൂട്ടത്തെ അനുഗ്രഹിച്ചുകൊണ്ടു് വി. പത്രോസിന്റെ പിൻഗാമി ആഗതനായപ്പോൾ പതിവിൽകവിഞ്ഞുള്ള ആഹ്ലാദവും ഹസ്തതാഡനവും പ്രകടിതമായി.

പരിശുദ്ധ പിതാവു് വി. പത്രോസിന്റെ ദേവാലയത്തിന്റെ പ്രധാന വാതിൽക്കൽ സജ്ജമാക്കിയിരുന്ന സിംഹാസനത്തിൽ ഉപവിഷ്ടനായതോടുകൂടി തൃക്കർമ്മങ്ങൾ ആരംഭിച്ചു അപ്പോഴേക്കും സമയം 7-30 ആയിരുന്നു. ഒരു മണിക്കൂറോളം നീണ്ടുനിന്ന ചടങ്ങുകളുടെ അവസാനത്തിൽ പരിശുദ്ധ പിതാവു് ഇററാലിയൻ ഭാഷയിൽ, അവിടെ തടിച്ചുകൂടിയ ജനക്കൂട്ടത്തിനു പൈതൃകമായ ഒരുപദേശം നല്കി. വിശുദ്ധ മരിയഗൊരേത്തിയുടെ ചാരിത്രസംരക്ഷണത്തെപ്പററിയും, അവളുടെ സ്വഭാവരൂപവൽക്കരണത്തിൽ അവളുടെ മാതാവിനുള്ള പങ്കിനെപ്പററിയും ഊന്നിപ്പറഞ്ഞുകൊണ്ടു്, ക്രിസ്തീയമാതാക്കൾക്കു ഉത്തമമാതൃകയായി ആ മാതാവിനെ അവിടുന്നു ചൂണ്ടിക്കാണിച്ചു. 'ഭൂമിയിലെ രക്തസാക്ഷിണിയും സ്വർഗ്ഗത്തിലെ മാലാഖ'യുമായ വിശുദ്ധ മരിയയുടെ ജീവിതത്തെ അനുകരിക്കുവാനും, ജീവൻ ബലികഴിച്ചുപോലും ശുദ്ധതയെന്ന പുണ്യത്തെ കാക്കുവാനും യുവതികൾക്കുള്ള കടമയെ അവിടുന്നു പ്രത്യേകം എടുത്തുകാണിച്ചു. ക്രിസ്തുവിന്റെ പ്രതിപുരുഷൻ തന്റെ മുൻപിൽ തടിച്ചുകൂടിയിരുന്ന യുവലോകത്തോടായി മാലാഖാസ്തുത്യമായ പുണ്യമായ ശുദ്ധതയെപ്പററി സംസാരിച്ചപ്പോൾ അവിടത്തെ തൊണ്ടയിടറിയെങ്കിൽ, അതിനു കാരണം ആധുനികയുവലോകത്തിന്റെ പാപാസക്തമായ ജീവിതരീതിയല്ലയോ?

പരിശുദ്ധ പിതാവിന്റെ പ്രസംഗം അവസാനിച്ചതോടുകൂടി ചടങ്ങുകൾ സമാപിച്ചു. അവിടെക്കൂടിയ ഏവർക്കും, റേഡിയോവഴിയായി ഭക്തിപൂർവ്വം ഈ ചടങ്ങുകളിൽ സംബന്ധിച്ചവർക്കുമായി പൂർണ്ണദണ്ഡവിമോചനം കല്പിച്ചനുവദിച്ചശേഷം ജനങ്ങളെ ആശീർവ്വദിച്ചുകൊണ്ടു പരിശുദ്ധ പിതാവു മടങ്ങി. ഇങ്ങനെ ശനിയാഴ്ച വൈകുന്നേരത്തെ ചടങ്ങുകൾ അവസാനിച്ചു.

ഈ ചടങ്ങുകളിൽ സംബന്ധിക്കുവാൻ, മരിയയുടെ മാദ്ധ്യസ്ഥ്യംവഴി അത്ഭുതകരമായി സുഖം പ്രാപിച്ച രണ്ടു വ്യക്തികളും സന്നിഹിതരായിരുന്നു. സാധാരണയായി സിദ്ധയെന്നു നാമകരണംചെയ്തശേഷം വിശ്വസ്തങ്ങളായ രണ്ടത്ഭുതങ്ങൾ നടന്നാൽമാത്രമേ വിശുദ്ധപദത്തിലേക്കു് ഉയർത്തുകയുള്ളു. മരിയഗൊരേത്തിയെ പുണ്യപദവിയിലേക്കു് ഉയർത്തുന്നതിനായി അംഗീകരിക്കപ്പെട്ട രണ്ടത്ഭുതങ്ങൾ ഇവർക്കുണ്ടായ രോഗശമനമാണു്.

ജൂൺ 25-ാംനു- ഞായറാഴ്ച പുതിയ വിശുദ്ധയുടെ സ്തുതിക്കായി വി. പത്രോസിന്റെ ദേവാലയത്തിൽ പ. പിതാവു പൊന്തിഫിക്കൽ ദിവ്യപൂജ അർപ്പിച്ചു. പുണ്യപദവിയിലേക്കുയർത്തുന്നതിനുള്ള ചടങ്ങുകൾ തലേദിവസം നടത്തപ്പെട്ടെങ്കിലും, ഉദ്ദേശിച്ചിരുന്നതിൽ അധികം ആളുകൾ പിറേറദിവസവും ആഗതരായി. തീർത്ഥകരെക്കൊണ്ടു് പുലർകാലേതന്നെ ബസ്‌ലിക്കാ നിറഞ്ഞുകഴിഞ്ഞിരുന്നു. പ. പിതാവു വി. പത്രോസിന്റെ ദേവാലയത്തിൽ എഴുന്നള്ളുന്നതിനുമുൻപുതന്നെ ജനക്കൂട്ടം നിമിത്തം ബസലിക്കായുടെ വാതായനങ്ങൾ ബന്ധിക്കപ്പെട്ടു.

പുണ്യവതിയുടെ അമ്മയും സഹോദരീസഹോദരന്മാരും അത്ഭുതംവഴി സുഖപ്രാപ്തരായവരും ദിവ്യപൂജയിൽ പങ്കുകൊണ്ടു.

### നിത്യനഗരത്തിൽ
### വി. കുർബാനയുടെ തിരുനാൾ

വി. കുർബാനയുടെ തിരുനാൾ അത്യാഘോഷപൂർവ്വം നടത്തുന്ന വിവരം റേഡിയോവഴിയും മററും പ്രഖ്യാപനം ചെയ്തിരുന്നല്ലോ. അതിൽ പങ്കുകൊള്ളുവാനായി ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും തീർത്ഥകസംഘങ്ങൾ നിത്യനഗരത്തിൽ വന്നുചേർന്നിരുന്നു.

നേരത്തേതന്നെ വി. പത്രോസിന്റെ ദേവാലയാങ്കണം അൽമായരാൽ നിറയപ്പെട്ടു. വൈദികരും വൈദികവിദ്യാർത്ഥികളും വി. കുർബാനയുടെ പ്രദക്ഷിണത്തിൽ പങ്കുകൊള്ളുവാനായി ബസ്‌ലിക്കായുടെ അകത്തു സ്ഥലംപിടിച്ചു. റോമിലെ എല്ലാ സെമ്മനാരികളിലെ വിദ്യാർത്ഥികളും അവരുടെ മേലധികാരികളും അവരവരുടെ മുറയനുസരിച്ചു പ്രദക്ഷിണത്തിൽ സംബന്ധിച്ചു കൊളുത്തിയ തിരികളുമായി പ്രദക്ഷിണം മന്ദം മന്ദം മുന്നോട്ടുനീങ്ങി.

ഇൻഡ്യൻ തീർത്ഥകസംഘക്കാരും ഈ ചടങ്ങുകളിൽ പങ്കുകൊണ്ടു. തിരുവല്ലാ രൂപതയുടെ അഡ്മിനിസ്റ്റ്രേറർ മാർ സെവേരിയോസു് തിരുമേനിയും ഏതാനും മലയാളികളും സന്നിഹിതരായിരുന്നു.

ഉദ്ദേശം 6 മണിയോടുകൂടി ക്രിസ്തുരാജപ്രതിനിധി ദിവ്യകാരുണ്യനാഥനെ വഹിച്ചുകൊണ്ടു് വി. പത്രോസിന്റെ ദേവാലയത്തിനു മുൻഭാഗത്തു് എത്തി. പരിശുദ്ധ കുർബാനയുടെ ഈ പ്രദക്ഷിണത്തിൽ ഏററവും ഭക്ത്യാദരപുരസ്സരം തന്നെ ജനങ്ങൾ പങ്കുകൊണ്ടു. വിവിധഗാനങ്ങളാലും വി. കുർബാനയുടെ സ്തുതിപ്പുകളാലും അന്തരീക്ഷം മാറെറാലികൊണ്ടു. രണ്ടു മണിക്കൂറോളം നീണ്ടുനിന്ന പ്രദക്ഷിണത്തിൽ അച്ചടക്കബോധത്തോടുകൂടിത്തന്നെ എല്ലാവരും പങ്കുകൊണ്ടു. പ്രദക്ഷിണാനന്തരം ദേവാലയത്തിന്റെ മുൻഭാഗത്തു് പ്രത്യേകം തയാർചെയ്തിരുന്ന അൾത്താരയിൽവച്ചു് പ. പിതാവു് വി. കുർബാനയുടെ വാഴ്‌വു നടത്തുകയുംചെയ്തു. എട്ടരമണിയോടുകൂടി ജനങ്ങളെ ആശീർവ്വദിച്ചുകൊണ്ടു പ. പിതാവു മടങ്ങി.

---

* മരിയഗൊരേത്തിയുടെ നാമകരണം സംബന്ധിച്ചു കഴിഞ്ഞലക്കത്തിൽ ചേർത്തിരുന്ന വിവരങ്ങൾ "യൂണിവേഴ്സ്" പത്രത്തിലെ റിപ്പോർട്ടിൽനിന്നു സംഗ്രഹിച്ചവയാണു്. അതു പ്രസിദ്ധപ്പെടുത്തിയതിനുശേഷമാണു സ്വന്തം ലേഖകന്റെ റിപ്പോർട്ടു കിട്ടിയതു്. അതിൽ കൂടുതൽ വിവരങ്ങൾ ഉള്ളതിനാൽ അതുംകൂടി പ്രസിദ്ധപ്പെടുത്തുന്നു. പത്രാധിപർ.

---

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

### കൂദാശാഫലങ്ങൾ

ഓരോ കൂദാശയ്ക്കും സ്വകീയമായ ചില പ്രത്യേകഫലങ്ങളുണ്ടല്ലോ. പാപസങ്കീർത്തനത്തിന്റെ പ്രഥമവും പ്രധാനവുമായ ഫലം ജ്ഞാനസ്നാനത്തിനുശേഷമുള്ള പാപങ്ങളുടെ വിമോചനമാണു്. പാപരഹിതമായ ആത്മാവിലാകട്ടെ അതു പ്രസാദവരത്തിന്റെ വർദ്ധനവിനു നിദാനമായി ഭവിക്കയും ചെയ്യും.

ഒന്നാമതായിത്തന്നെ കുമ്പസാരമെന്ന കൂദാശവഴിയായി ജ്ഞാനസ്നാനാനന്തരം നാം ചെയ്തുപോയിട്ടുള്ള ചാവുദോഷങ്ങൾക്കും ലഘുവായ പാപങ്ങൾക്കും പൊറുതി സിദ്ധിക്കുന്നതാണു്. വി. യോഹന്നാൻ സാക്ഷിക്കുന്നതുപോലെ ഈശോനാഥന്റെ അമൂല്യരക്തമാണല്ലോ മനുഷ്യാത്മാവിനെ പാപാശുദ്ധിയിൽനിന്നു കഴുകി വെടിപ്പാക്കുന്നതു്. രക്ഷകന്റെ തിരുച്ചോരയുടെ സ്വർഗ്ഗീയ ഫലങ്ങളെ ആത്മാവിലേക്കു ആവശ്യാനുസാരം പ്രവഹിപ്പിച്ചുകൊണ്ടാണു പാപസങ്കീർത്തനം നമുക്കു പാപമുക്തി സമ്പാദിച്ചു തരുന്നതു്. ആകയാൽ ആർക്കും എളുപ്പത്തിൽ ഗ്രഹിക്കാം, ഏതു നിചപാപത്തിനും പാപസങ്കീർത്തനദ്വാരാ വിമോചനം ലഭിക്കാതിരിക്കയില്ലെന്നു്. കാരണം സുവിശദമാണു്. ദൈവമനുഷ്യന്റെ ചുടുചോരകൊണ്ടു കഴുകിക്കളയുവാനാവാത്ത വല്ല പാപചളിയുമുണ്ടോ? പശ്ചാത്താപത്തോടെ പാപസങ്കീർത്തനം നിർവ്വഹിച്ചിരുന്നുവെങ്കിൽ നികൃഷ്ടരിൽ നികൃഷ്ടനായ യൂദാസിനുപോലും പാപപ്പൊറുതി കിട്ടുമായിരുന്നു. പ്രസ്തുത പാപവിമോചനത്താൽ നാം വീണ്ടും സർവ്വേശ്വരന്റെ സ്നേഹിതന്മാരായിത്തീരുന്നു; അടയ്ക്കപ്പെട്ടു കിടന്നിരുന്ന സ്വർഗ്ഗവാതിലുകൾ രണ്ടാമതും തുറക്കപ്പെടുകയും ചെയ്യുന്നു. എത്ര ഉഗ്രപാതകങ്ങൾ നാം ചെയ്തുപോയിരുന്നാലും, ഈ കൂദാശ സ്വീകരിച്ചു ഉടൻ നാം നമ്മുടെ ജീവിതതീർത്ഥയാത്ര അവസാനിപ്പിക്കാനിടവന്നാൽ സാക്ഷാൽ നിത്യനഗരത്തിലേക്കുള്ള പ്രവേശനം സുരക്ഷിതമായിരിക്കും.

പാപസങ്കീർത്തനമെന്ന കൂദാശയുടെ സ്ഥാപനം സമർത്ഥിക്കുവാൻ ആദ്യലേഖനങ്ങളിൽ വേദപുസ്തകത്തിൽനിന്നും സഭാപാരമ്പര്യത്തിൽനിന്നും നിരവധി വ്യക്തമായ സാക്ഷ്യങ്ങൾ ഉദ്ധരിക്കയും വ്യാഖ്യാനിക്കയും ചെയ്തിട്ടുള്ളതിനാൽ അവയെ വീണ്ടും ആവർത്തിക്കണമെന്നില്ല. അവയിലെല്ലാം ഈ സിദ്ധാന്തവും സ്ഫടികസമാനം തെളിഞ്ഞുകാണാം. പ്രസ്തുത കൂദാശയുടെ യോഗ്യമായ സ്വീകരണംമൂലം പാപങ്ങൾ മൂടപ്പെടുകയല്ല, യഥാർത്ഥത്തിൽ നിർമ്മാർജ്ജനം ചെയ്യപ്പെടുകയാണെന്നും അവയിൽനിന്നു അനിഷേദ്ധ്യമായി തെളിയുന്നുണ്ടു്. ത്രിദന്തീനോസു് സൂനഹദോസിന്റെ ഏതദ്വിഷയകമായ ഔദ്യോഗികപ്രഖ്യാപനവും മുൻ ഉദ്ധരിച്ചിട്ടുള്ളതാണു്.

കുമ്പസാരത്തെക്കുറിച്ചു ആധുനിക പ്രോട്ടസ്റ്റൻറുകാരും ഹേതുവാദികളും പുറപ്പെടുവിക്കുന്ന ഒരാക്ഷേപം ഇതാണു്: പാപം ഏററു പറഞ്ഞാൽ പൊറുതി കിട്ടുമെന്നുള്ള സിദ്ധാന്തത്താൽ ക. സഭ സ്വജനങ്ങളെ പാപം ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുകയാണു്. ഇത്തരം വിതണ്ഡവാദം അത്ര പുതിയൊന്നുമല്ല. വി. അഗസ്തീനോസിന്റെ കാലത്തുതന്നെ പാഷണ്ഡികളും വിജാതിയപണ്ഡിതന്മാരും സത്യസഭയ്ക്കെതിരായി തൊടുത്തുവിട്ടുകൊണ്ടിരുന്ന ആക്ഷേപശരങ്ങളിൽ ഒന്നാണിതു്. ആ പണ്ഡിതപുണ്യവാൻതന്നെ അദ്ദേഹത്തിനുമാത്രം സ്വാധീനമായ ഉജ്ജ്വലഭാഷയിലും ധീവിലാസത്തോടുകൂടിയും പ്രസ്തുത വിമർശനത്തെ ശക്തിയുക്തം ഖണ്ഡിച്ചിട്ടുണ്ടു്. അദ്ദേഹം യുക്തിയുക്തമായി ചോദിക്കുന്നു: "പാപസങ്കീർത്തനത്തിന്റെ വാതിൽ ബന്ധിക്കപ്പെട്ടാൽ, ആ പാപി പാപപ്പൊറുതിയെക്കുറിച്ചു നൈരാശ്യത്തിൽ നിപതിക്കുന്നതോടനുസരിച്ചു, പാപത്തിന്മേൽ പാപം ചെയ്തു കൂമ്പാരം കൂട്ടാതിരിക്കുമോ? അയാൾ ഇങ്ങനെ സ്വയംവാദിക്കും: രണ്ടായാലും ഞാൻ പാപത്തിൽ വീണു; കുററം ചെയ്തു; ഇനി പാപപ്പൊറുതിക്കുള്ള മാർഗ്ഗം എനിക്കവശേഷിച്ചിട്ടില്ല; പാപസങ്കീർത്തനം നിഷ്ഫലമാണു്; ഞാൻ ശിക്ഷിക്കപ്പെടേണ്ടവനാണു്; പിന്നെ എന്തുകൊണ്ടു എനിക്കു തോന്നിയപോലെ വ്യാപരിച്ചുകൂടാ? ...എന്തുകൊണ്ടു് എന്റെ അധമവികാരങ്ങൾക്കു അങ്ങേ അററം അടിമയായി അവയെ മതിവരുംവരെ തൃപ്തിപ്പെടുത്തിക്കൂടാ?" അദ്ദേഹം തുടരുന്നു: "ഈശ്വരപരിപാലന രണ്ടപകടങ്ങൾക്കും മുൻകരുതലോടെ പ്രതിവിധി നൽകിയിട്ടുണ്ടു്. നൈരാശ്യമൂലം പാപം ചെയ്തുകൂടാതിരിപ്പാൻ പാപസങ്കീർത്തനത്തിന്റെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. വീണ്ടും പ്രത്യാശയാൽ (പാപം പൊറുക്കപ്പെടുമെന്നുള്ള) പാപഭാരം വർദ്ധിപ്പിക്കാതിരിപ്പാൻ മരണമുഹൂർത്തം അനിശ്ചിതമായി വച്ചിരിക്കുന്നു."

പാപസങ്കീർത്തനമെന്ന കൂദാശയുടെ ഫലപ്രാപ്തിക്കാവശ്യമായി തിരുസഭ നിർബന്ധപൂർവ്വം നിർദ്ദേശിക്കുന്ന വ്യവസ്ഥകളെക്കുറിച്ചുള്ള അജ്ഞതയിൽ നിന്നായിരിക്കണം മേൽപ്പറഞ്ഞ തരത്തിലുള്ള ആരോപണങ്ങളുയരുന്നതു്. ഓടിച്ചെന്നു ഏതെങ്കിലുമൊരു പുരോഹിതനോടു പാപങ്ങൾ പറഞ്ഞു കുമ്പസാരിച്ചുകൊണ്ടുമാത്രം ഒരു പാപി പാപവിമുക്തനാകയില്ല. കുമ്പസാരത്തിനുമുമ്പു അനുതാപി നിഷ്കർഷാപൂർവ്വം ആത്മശോധന നടത്തണം; പാപങ്ങളുടെ എണ്ണവും തരവും നിർണ്ണയിക്കണം; പാപങ്ങളെക്കുറിച്ചു ആത്മാർത്ഥമായി അനുതപിക്കണം; മേലിൽ പാപം ചെയ്കയില്ലെന്നു ദൃഢമായി പ്രതിജ്ഞ ചെയ്യണം; അന്യായമായി വല്ലതും അപഹരിച്ചിട്ടുണ്ടെങ്കിൽ അതു മടക്കിക്കൊ

(ശേഷം 9-ാം പേജിൽ)

പ്രകൃതിപാഠം

# കടൽവെള്ളത്തിലെ വിഭവസമൃദ്ധി

അജ്ഞാതമായ ഭൂവിഭാഗങ്ങളെ അന്വേഷിച്ചും സാമ്രാജ്യസമ്പാദനത്തിനും വാണിജ്യവികസനത്തിനും ഉള്ള മാർഗ്ഗങ്ങൾ ആരാഞ്ഞും വിസ്തൃതമായ ആഴിയുടെ മുകൾപ്പരപ്പിലൂടെ പ്രയാണം ചെയ്തുകൊണ്ടിരുന്ന പൂർവ്വികന്മാർ ദാഹശാന്തിക്കു വെള്ളം കിട്ടാതെ വലഞ്ഞിരുന്നുവെന്നറിയുമ്പോൾ അവരുടെ ശാസ്ത്രജ്ഞാനത്തിന്റെ വൈരള്യം എത്രമാത്രമെന്നു് ഊഹിക്കാമല്ലോ. ഇന്നാകട്ടെ മനുഷ്യൻ ശാസ്ത്രജ്ഞാനത്തിൽ അത്ഭുതകരമായ പുരോഗതി പ്രാപിച്ചിരിക്കുന്നു തൽഫലമായി കടൽവെള്ളം, ഏതാണ്ടു വാച്യാർത്ഥത്തിൽതന്നെ, പിഴിഞ്ഞരിച്ച് അതിൽനിന്നും അനുദിന ജീവിതത്തിനു് ഉപയുക്തമായ, അല്ല അത്യന്താപേക്ഷിതമായ, പല ധാതുക്കളും ശേഖരിക്കുന്നതിൽ അവൻ ഉത്സുകനായിരിക്കുന്നു.

വിവിധങ്ങളായ ധാതുക്കളുടെ വിപുലമായ ഒരു സഞ്ചയം സമുദ്രജലത്തിൽ നിക്ഷിപ്തമായിട്ടുണ്ടു്. മഴവെള്ളം കരയിൽ വീണു് അവിടെയുള്ള ധാതുക്കളെ ഏറെക്കുറെ അലിയിച്ചെടുത്തുകൊണ്ടു് കടലിലേക്കു പായുന്നതിനാൽ കരയിലുള്ള എല്ലാ ധാതുക്കളും കുറെശ്ശെയെങ്കിലും കടലിലും കാണുമെന്നു് യുക്തിപൂർവ്വം പ്രതീക്ഷിക്കാം. കടൽവെള്ളത്തിൽ ഏറ്റം അധികമുള്ള ദ്രവ്യം സാധാരണ ഉപ്പാണെന്നു് ഏവർക്കും അറിയാവുന്ന സംഗതിയാണു്. ഭൂമുഖത്തിൽ മുക്കാൽ ഭാഗത്തോളം കടലാണു്. കടലിൽ ആകെ മുപ്പത്തുകോടി ഘനമൈൽ വെള്ളമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ ഉള്ള ഉപ്പു മുഴുവൻ ശേഖരിച്ചാൽ വടക്കേ അമേരിക്കാ മുഴുവൻ അയ്യായിരം അടിയുയരത്തിൽ ഉപ്പുകൊണ്ടു പൊതിയാൻ സാധിക്കും. സമുദ്രജലത്തിൽ നിക്ഷിപ്തമായിരിക്കുന്ന ലവണസഞ്ചയം എത്ര വിപുലമാണെന്നു് ഇതിൽനിന്നും ഊഹിക്കാമല്ലോ.

കടൽവെള്ളത്തിൽനിന്നും ലഭിക്കുന്ന സാധനങ്ങളിൽ ഏറ്റം വിലകുറഞ്ഞതാണു് സാധാരണ ഉപ്പ് എന്നു പറയേണ്ടിയിരിക്കുന്നു. ഈ ഉപ്പിനുപുറമേ മഗ്നീഷ്യം സൽഫേറ്റ്, കാൽസിയം സൽഫേറ്റ്, ബ്രോമൈൻ, സിലിക്കോൺ, അയോഡിൻ, ഇരുമ്പ്, ചെമ്പ്, സ്വർണ്ണം, വെള്ളി മുതലായ സാധനങ്ങളും സമുദ്രജലത്തിൽ ഉണ്ടെന്നു പരീക്ഷണങ്ങളിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചിരിക്കുന്നു. കടൽവെള്ളത്തിൽ സ്വർണ്ണം വളരെ ദുർലഭമായിട്ടേയുള്ളുവെങ്കിലും അതുമുഴുവൻ ഒരുമിച്ചു ശേഖരിച്ചാൽ എണ്ണായിരം കോടി ഡോളർ വിലയുണ്ടായിരിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

സാധാരണ ഉപ്പാണു് മനുഷ്യൻ കടൽവെള്ളത്തിൽനിന്നും ആദ്യമായി ശേഖരിച്ച ദ്രവ്യം എന്നു തോന്നുന്നു. കടൽവെള്ളം ചെറിയ തടാകങ്ങളിലാക്കി കെട്ടിനിറുത്തി സൂര്യന്റെ ചൂടുകൊണ്ടു വറ്റിച്ചാണു് വളരെക്കാലത്തേക്കു് ഉപ്പു ശേഖരിച്ചിരുന്നതു്. ഇന്നു് പാലെസ്റ്റൈൻ, ഈജിപ്റ്റ് മുതലായ സ്ഥലങ്ങളിൽ കടൽവെള്ളം വറ്റിച്ചു് ഉപ്പുണ്ടാക്കുന്നതിനു് അധികം കുഴിയില്ലാത്ത ഒരുവിധം പരന്ന പാത്രങ്ങൾ ധാരാളമായി ഉപയോഗിച്ചുവരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ഉദയംവരെ സമുദ്രജലത്തിൽനിന്നും ഉപ്പും അയോഡിനും മാത്രമേ ശേഖരിച്ചുവന്നുള്ളു. എന്നാൽ ഒന്നാം ലോകമഹായുദ്ധത്തിനുശേഷം കരയിൽ കിട്ടാൻ പ്രയാസമായ ദ്രവ്യങ്ങൾ കടലിൽനിന്നു ലഭ്യമാകുമോ എന്നു് കൂടുതൽ പരീക്ഷണങ്ങൾ നടത്തിത്തുടങ്ങി. തൽഫലമായി യന്ത്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിനു് ആവശ്യമായ ബ്രോമൈൻ എന്ന സാധനം സമുദ്രജലത്തിൽനിന്നും ശേഖരിക്കുവാൻ സാധിച്ചിരിക്കുന്നു. 1931 നു മുമ്പു് അമേരിക്കയിൽ മിഡ്‌ലൻഡ്, മിച്ചിഗൻ മുതലായ സ്ഥലങ്ങളിലെ ലവണജലതടാകങ്ങളിൽനിന്നാണു് ബ്രോമൈൻ എടുത്തിരുന്നതു്. കടൽവെള്ളത്തിൽക്കൂടി ഇലക്ട്രിസിറ്റി ശക്തിയായി പായിച്ചു് ബ്രോമൈൻ ശേഖരിക്കാമെന്നു് അമേരിക്കയിലെ ഡൗ കെമിക്കൽ കമ്പനിയുടെ സ്ഥാപകനായ ഹെർബർട്ട് ഡൗ നേരത്തെ മനസ്സിലാക്കിയിരുന്നു. പക്ഷേ ബ്രോമൈൻ കൂടുതൽ ഉള്ള സ്ഥലങ്ങളിൽമാത്രമേ ഇതു ഫലപ്രദമായിരുന്നുള്ളു. സാധാരണ കടൽവെള്ളത്തിൽ ലക്ഷത്തിനു് ഏഴര ഭാഗം മാത്രമേ ഇതുള്ളു. തന്മൂലം ബ്രോമൈന്റെ ആവശ്യം വർദ്ധിച്ചുവന്നതോടെ സാധാരണ കടൽവെള്ളത്തിൽനിന്നും ഇതു ശേഖരിക്കുവാൻ മറ്റു പദ്ധതികൾ പരീക്ഷിച്ചുതുടങ്ങുകയും ഡൗ കമ്പനിയിലെ ശാസ്ത്രജ്ഞന്മാർ അവസാനം വിജയംവരിക്കയും ചെയ്തു. കടൽവെള്ളം വലിയ തൊട്ടികളിലേക്കു ഇടർച്ചയായി കുഴലുകളിലൂടെ അടിച്ചുകയറ്റിക്കൊണ്ടിരിക്കും. എന്നിട്ടു് അതിൽ കുറെ സൾഫ്യൂരിക്കു് ആസിഡു ചേർക്കും. അതിനുശേഷം ഈ വെള്ളത്തിൽക്കൂടി കുമിള ജനിക്കത്തക്കവിധം ക്ലോറിൻ ഗാസ് വിടും. അപ്പോൾ ലക്ഷത്തിനു് ഏഴരഭാഗം മാത്രമുള്ള ബ്രോമൈൻ വേർപെട്ടുവരും. ഇങ്ങനെ പ്രതിവർഷം അനേകലക്ഷം റാത്തൽ ബ്രോമൈൻ അവർ ശേഖരിക്കുന്നുണ്ടു്. യന്ത്രങ്ങളുടെ പ്രവർത്തനത്തിനു് ഉപയോഗിക്കുന്നതിനു പുറമേ മരുന്നുകൾ, സുഗന്ധദ്രവ്യങ്ങൾ, ചായങ്ങൾ, പുകയുന്ന വസ്തുക്കൾ മുതലായി പലതും ഉണ്ടാക്കുന്നതിനു ഇതു് ഉപകരിക്കുന്നു

ബ്രോമൈൻസമ്പാദനത്തിൽ കരഗതമായ വലിയ വിജയം കടൽവെള്ളത്തിൽ കൂടുതൽ പരീക്ഷണങ്ങൾ നടത്തുന്നതിനു് ശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിച്ചു. തൽഫലമായി സമുദ്രജലത്തിൽനിന്നും മഗ്നീഷിയം എടുക്കുവാൻ അവർക്കു സാധിച്ചു. ഏറ്റം ഘനം കുറഞ്ഞ ലോഹമാണു് മഗ്നീഷിയം. അലുമിനിയത്തിന്റെ മൂന്നിൽ രണ്ടു ഭാഗം ഘനമേ ഇതിനുള്ളു. കഴിഞ്ഞ യുദ്ധകാലത്തു് സമരോപകരണമായ സാധനങ്ങൾ നിർമ്മിക്കുന്നതിനു് ഇതു വളരെ ആവശ്യമായിത്തീർന്നു. വിമാനയന്ത്രങ്ങൾ നിർമ്മിക്കുന്നതിനും ബോംബുകൾ ഉണ്ടാക്കുന്നതിനും മറ്റുമായി ധാരാളം മഗ്നീഷിയം ഉപയോഗിച്ചിട്ടുണ്ടു്. ഇതിൽ ഒരു പ്രധാന ഭാഗം കടൽവെള്ളത്തിൽനിന്നും ശേഖരിച്ചതാണു്. മഗ്നീഷിയം സ്വതേ തീരെ ബലമില്ലാത്ത ഒരു ലോഹമാണു്. അലുമിനിയവും മറ്റു ലോഹങ്ങളും ഇതിനോടു കലർത്തി ഒരു മിശ്രധാതു ഉണ്ടാക്കിയാൽ മഗ്നീഷിയം ബലമുള്ളതായിത്തീരുന്നു. ഘനം കുറഞ്ഞ നിരവധി സാധനങ്ങൾ ഉണ്ടാക്കുന്നതിനു് ഈ മിശ്രധാതു ധാരാളമായി ഉപയോഗിച്ചുവരുന്നു.

കടൽവെള്ളത്തിൽനിന്നും സാധാരണ ഉപ്പെടുത്തതിനുശേഷം ചില കമ്പനിക്കാർ അതിൽനിന്നും മിൽക്കു് ഓഫ് മഗ്നീഷിയം നിർമ്മിച്ചുവരുന്നു. ചുണ്ണാമ്പും സമുദ്രജലത്തിൽനിന്നും എടുക്കാമത്രേ. കടൽവെള്ളത്തിലെ ലോഹവസ്തുക്കൾ വളമായി ഉപയോഗിച്ചു വളരത്തക്ക ഭക്ഷ്യയോഗ്യമായ സസ്യവർഗ്ഗങ്ങൾ സമുദ്രത്തിൽ കൃഷി ചെയ്യാൻ സാധിക്കുമോ എന്നു് കാലിഫോർണിയാ (അമേരിക്ക) സർവ്വകലാശാലയിൽ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ശാസ്ത്രത്തിന്റെ ത്വരിതമായ പുരോഗതിയിൽ കടൽവെള്ളം കാമധേനുവായി രൂപാന്തരപ്പെടുകയില്ലെന്നു് ആരറിഞ്ഞു!

(A. V. T.)

From St. Antony Messenger

---

## പരമം പ്രാപിച്ചു

ഡോക്ടർ സി എൽ. ജോസഫിന്റെ ഭാര്യ ശ്രീമതി റോസമ്മ ഇന്നലെ (ജൂലൈ 18-ാംനു-) തൃശ്ശൂർവച്ചു് നിര്യാതയായിരിക്കുന്നു. ശവസംസ്കാരം ഇന്നു നടത്തപ്പെടുന്നതാണു്.

R. I. P.

## ചോദ്യോത്തരപംക്തി

**ചോ:** "ഇംഗ്ലണ്ടിലെ മാതൃസ്വരൂപത്തിനു് അണിയിച്ച പുഷ്പകിരീടം വാടുന്നില്ലെന്നും മറ്റു ചില സ്വരൂപങ്ങളുടെ അടുക്കൽ പ്രാവുകൾ അസാധാരണവണക്കമോ അനുസരണമോ പ്രകടിപ്പിക്കുന്നെന്നും പറയുമ്പോൾ പ്രസ്തുത രൂപങ്ങൾക്കു ശക്തിവിശേഷങ്ങൾ ഉണ്ടെന്നല്ലേ നിരൂപിക്കുന്നതു്?"

**ഉ:** മേൽപ്പറഞ്ഞ വസ്തുതകളെ ആധാരമാക്കി പ്രസ്തുതരൂപങ്ങൾ മുഖേന ഏന്തോ ശക്തിവിശേഷങ്ങൾ പ്രകടിതമാകുന്നുണ്ടെന്നു ന്യായമായി അനുമാനിക്കാം. എന്നാൽ ആ ശക്തിവിശേഷങ്ങൾക്കു രണ്ടു കാരണങ്ങൾ നമുക്കു സങ്കല്പിക്കാവുന്നതാണു്. ഒന്നുകിൽ ആ രൂപങ്ങൾക്കു നൈസർഗ്ഗികമായുള്ളവയാണു് ആ ശക്തിവിശേഷങ്ങൾ; അല്ലെങ്കിൽ പ്രകൃത്യതീതമായ ഏതോ കാരണത്തിന്റെ പ്രവർത്തനംവഴി പ്രകടിതമാകുന്നവയാണവ. മരമോ മറ്റേതെങ്കിലും പദാർത്ഥമോകൊണ്ടു നിർമ്മിക്കപ്പെട്ട പ്രതിമകൾക്കു നൈസർഗ്ഗികമായി യാതൊരു ശക്തിവിശേഷങ്ങൾ ഇല്ലെന്നുള്ളതു സുവ്യക്തമത്രേ. സ്വാഭാവികകാരണങ്ങളെ ആധാരമാക്കി ഈ അസാധാരണ സംഭവങ്ങൾക്കു തക്ക ന്യായം കണ്ടുപിടിക്കാൻ സാധിക്കുന്നില്ലെങ്കിൽ, പിന്നെ രണ്ടാമത്തെ സങ്കല്പമാണു് അവശേഷിക്കുന്നതു്. പ്രകൃത്യതീതമായ ഏതോ ശക്തി അവിടെ പ്രവർത്തിക്കുന്നുണ്ടായിരിക്കണം. സാഹചര്യങ്ങൾ എല്ലാംകൂടി പര്യാലോചിക്കുമ്പോൾ ആ ശക്തി എന്തെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. സ്വരൂപങ്ങൾ ആരെ പ്രതിനിധാനംചെയ്യുന്നുവോ അവർ ദൈവത്തിൽനിന്നും പ്രാപിച്ചിട്ടുള്ള ശക്തി അവിടെ പ്രകടിതമാകയാണു ചെയ്യുന്നതു്. ദൈവം തന്റെ വിശ്വസ്തദാസരായ പുണ്യവാന്മാരേയും പുണ്യവതികളേയും ഇപ്രകാരം ബഹുമാനിക്കുന്നതിനു് ആഗ്രഹിക്കുന്നതിൽ അസാംഗത്യമില്ല. തദർത്ഥം എന്തിനു് ഒരു പ്രതിമയെ ഉപകരണമാക്കുന്നു എന്നു ചിലർ ചോദിച്ചേക്കാം. എല്ലായ്പോഴും അങ്ങനെ പ്രതിമയെ ഉപകരണമാക്കാറില്ലെങ്കിലും ചിലപ്പോൾ അങ്ങനെ ചെയ്യാറുള്ളതു്, ആത്മാവും ശരീരവുമുള്ള മനുഷ്യന്റെ ഭക്തിയെ ഉത്തേജിപ്പിക്കുന്നതിനു് അതു സഹായകമായി ഭവിക്കുമെന്ന കാരണത്താലാണു്. ഉദാഹരണമായി മാതൃസ്വരൂപത്തിന്മേൽ അർപ്പിച്ച പുഷ്പകിരീടം വാടാതിരിക്കുന്നതു കാണുമ്പോൾ പരിശുദ്ധ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥശക്തിയെക്കുറിച്ചു വിശ്വാസികൾക്കു സജീവമായ ബോധമുണ്ടാകയും മാതാവിന്റെ നേർക്കു ഭക്തി പുലർത്തുന്നതിനു പ്രചോദനം ലഭിക്കയും ചെയ്യുന്നു. താദൃശഭക്തിയും വിശ്വാസവും അഭീഷ്ടസിദ്ധിക്കും ജീവിതനവീകരണത്തിനും ഉപകരിക്കാതിരിക്കയില്ല. പ്രതിമമുഖേന അത്ഭുതങ്ങൾ നടക്കുന്നതു കാണുമ്പോൾ പ്രതിമയുടെ സന്നിധിയിൽത്തന്നെ കൂടുതൽ ബഹുമാനവും ഭക്ത്യാദരവും വിശ്വാസികൾ പ്രകടിപ്പിക്കും. അവ പ്രതിമ പ്രതിനിധീകരിക്കുന്നയാളുടെ നേർക്കു തന്നെ പ്രകടിപ്പിക്കപ്പെടുന്ന ഭക്തിയും ബഹുമാനവുമായി പരിഗണിക്കണമല്ലോ.

ഇപ്പറഞ്ഞ കാര്യങ്ങൾക്കു് അനുഭവം തന്നെ വേണ്ടുവോളം സാക്ഷ്യം വഹിക്കുന്നുണ്ടു്. ഉത്തരേന്ത്യയിൽവച്ചു് ഫാത്തിമാമാതാവിന്റെ തിരുസ്വരൂപം ദർശിച്ച മാത്രയിൽ ചില രോഗശമനങ്ങളുണ്ടായതായി റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നു. ആ സംഭവങ്ങൾ കാണികളുടെ വിശ്വാസത്തേയും ഭക്തവികാരങ്ങളേയും തട്ടിയുണർത്തുന്നതിനു പര്യാപ്തങ്ങളായിരുന്നുവെന്നതിനു സംശയമില്ല.

മാതൃസ്വരൂപത്തിൽ അർപ്പിച്ച മുടി വാടാതിരുന്നുവെന്നും ഫാത്തിമാസ്വരൂപത്തിന്റെ സവിധത്തിൽ മാടപ്രാവുകൾ ആദരവു് പ്രകടിപ്പിച്ചെന്നുമുള്ള വസ്തുതകൾ പറയുന്നതുതന്നെ ശരിയല്ലെന്നു ചോദ്യകാരൻ വിവക്ഷിക്കുന്നതുപോലെ തോന്നുന്നു. അത്തരം സംഭവങ്ങൾ പ്രതിമാവന്ദനം നിഷിദ്ധമല്ലെന്ന തത്വത്തിനു പ്രത്യക്ഷമായ തെളിവായിരിക്കുമെന്ന ഭയത്താലായിരിക്കാം പ്രസ്തുത വസ്തുതകളെപ്പറ്റി പ്രതിപാദിക്കുന്നതുതന്നെ അദ്ദേഹം ഇഷ്ടപ്പെടാത്തതു്. പക്ഷേ, അത്തരമൊരു മനോഭാവം അഭിനന്ദനീയമാണെന്നു പറവാൻ നിവൃത്തിയില്ല. ഒരു വസ്തുത നമുക്കു പ്രിയംകരമായ ഒരു സിദ്ധാന്തത്തിനെതിരാണെന്നു കരുതി ആ വസ്തുതയെ നിഷേധിക്കയോ ഗോപനംചെയ്കയോ ചെയ്യുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ല. പ്രത്യുത, നാം ആ വസ്തുതയെ അഭിമുഖീകരിക്കുകയും അവയിൽനിന്നുള്ള ന്യായമായ അനുമാനങ്ങൾ ഏവയെന്നു യുക്തിയുടേയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ പര്യാലോചിക്കുകയുമാണു ചെയ്യേണ്ടതു്. ആ അനുമാനങ്ങൾ നമ്മുടെ മുൻവിധികൾക്കു വിപരീതമാണെന്നു കണ്ടാൽ നാം ആ മുൻവിധികളെ പരിത്യജിക്കയും വേണം.

എല്ലാ പ്രതിമകളുംവഴി അത്ഭുതങ്ങൾ സംഭവിക്കുന്നുണ്ടെന്നോ, ഏതെങ്കിലും ഒരു പ്രതിമവഴി എപ്പോഴും അത്ഭുതങ്ങൾ സംഭവിക്കുമെന്നോ, പ്രതിമകൾ പ്രകൃതിനിയമങ്ങൾക്കു വിധേയമല്ലെന്നോ ഞങ്ങളിവിടെ വിവക്ഷിക്കുന്നില്ല. എന്നാൽ, ഏതെങ്കിലും വിശുദ്ധന്റെയോ വിശുദ്ധയുടെയോ പ്രതിമയെ പശ്ചാത്തലമാക്കി ദൈവം ഏതെങ്കിലും അത്ഭുതം പ്രവർത്തിക്കയാണെങ്കിൽ, പ്രതിമാവന്ദനം നിഷിദ്ധമല്ലെന്നുള്ളതിനു അതു ശക്തിമത്തായ തെളിവായിരിക്കുമെന്നു ഞങ്ങൾ ഉറപ്പിച്ചുപറയുന്നു.

---

## ഫാത്തിമാസ്വരൂപം മോസ്കോയിൽ

റഷ്യൻ അതിർത്തികളിൽക്കൂടെ രഹസ്യത്തിൽ കടത്തിയ ഒരു ഫാത്തിമാസ്വരൂപം ഇപ്പോൾ മോസ്കോയിലെ ഒരു ഭവനത്തിൽ പ്രതിഷ്ഠിതമായിരിക്കുന്നു. അതിന്റെ ഇരുവശങ്ങളിലുമായി രണ്ടു ചുവന്ന മെഴുകുതിരികൾ രാവും പകലും ഇടവിടാതെ കത്തിക്കൊണ്ടിരിക്കുന്നുണ്ടു്. കത്തോലിക്കർ രഹസ്യമായി ആ ഭവനത്തിൽ സമ്മേളിച്ചു തിരുസ്വരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി ലോകസമാധാനത്തിനും റഷ്യയുടെ മാനസാന്തരത്തിനുമായി ജപമാല ചൊല്ലിവരുന്നു. റഷ്യയിൽനിന്നും നൊവെല്ലറ്റ് എന്നു പേരായ ഒരു വൈദികൻ ലിസ്ബണിലേക്കയച്ച ഒരു കത്തിലാണു് ഈ വസ്തുത വെളിപ്പെടുത്തിയിരിക്കുന്നതു്".

## വി. വത്സര സ്മാരകം

വിശുദ്ധവത്സരത്തിന്റെ സ്മാരകമായി ഫ്ളോറൻസിന്റെ അതിർത്തിയിലുള്ള മൊറേല്ലോ മലയുടെ മുകളിൽ ഇരുമ്പുകൊണ്ടുണ്ടാക്കിയ ഒരു വലിയ കുരിശു സ്ഥാപിച്ചിരിക്കുന്നു.

## മതമർദ്ദകന്റെ വംശജൻ സെമ്മിനാരിയിൽ

17-ാം നൂറ്റാണ്ടിൽ ജപ്പാനിലെ ക്രിസ്ത്യാനികളെ ഭയങ്കരമായി പീഡിപ്പിച്ച ടൊക്കുഗാവ യെയാസുവിന്റെ വംശജനായ മൈക്കൾ ടൊക്കുഗാവ കയോട്ടോയിലെ സെമ്മിനാരിയിൽ ചേർന്നിരിക്കുന്നു.

## മാർപ്പാപ്പായുടെ സംഭാവന

അടുത്തുണ്ടായ ഒരു ഭൂകമ്പംമൂലം നാശത്തിനധീനമായ പെറുവിലെ ദേവാലയങ്ങൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി മാർപ്പാപ്പാ തിരുമേനി 2000 ഡോളർ സംഭാവന ചെയ്തിരിക്കുന്നു.

## പതാക പാടില്ല

പോളണ്ടിലെ കമ്മ്യൂണിസ്റ്റു് ഗവണ്മെന്റ് ഈക്കൊല്ലത്തെ പ. കുർബാനയുടെ തിരുനാളിലെ പ്രദക്ഷിണത്തിൽ പേപ്പൽപതാക ഉപയോഗിക്കുന്നതിനെ നിരോധിക്കുകയുണ്ടായി. ഏപ്രിൽ 14-ാംനു- രാഷ്ട്രവും സഭയും തമ്മിൽ നടത്തിയ ഒത്തുതീർപ്പനുസരിച്ചു ഗവണ്മെന്റു മാർപ്പാപ്പായെ കത്തോലിക്കരുടെ പരമാദ്ധ്യക്ഷനായി അംഗീകരിച്ചിട്ടുള്ളതാണു്. അന്നത്തെ സന്ധിവ്യവസ്ഥകൾക്കു കടകവിരുദ്ധമാണു ഗവണ്മെന്റിന്റെ ഈ നടപടി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM. JULY 19 1950 ‖ No. 45


# തിരുനാൾമംഗളം

അനവദ്യമായ ആനന്ദത്തോടെയാണു സത്യദീപമിന്നു അനുവാചകരെ സമീപിക്കുന്നതു്. ഈ പത്രശിശുവിനെ വാത്സല്യപൂർവ്വം പരിലാളിച്ചുവരുന്ന പിതാക്കന്മാരിൽ ഒരാളായ തിരുവനന്തപുരം മെത്രാൻ മൊററ റവ. ഡോക്ടർ വിൻസെൻറ് ഡെറിർ തിരുമേനിയുടെ നാമഹേതുകദിനമാണു് ഇന്നു എന്നതത്രെ അതിനു കാരണം. തിരുമനസ്സിലെ അജഗണങ്ങളോടു യോജിച്ചുകൊണ്ടു സത്യദീപവും വന്ദ്യ തിരുമേനിക്കു സകലവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളട്ടെ. തീക്ഷ്ണതനിറഞ്ഞ ഒരു മിഷനറിശ്രേഷ്ഠൻ, കർമ്മധീരനും ധർമ്മനിരതനുമായ ഒരു ഭരണസാരഥി എന്നീ



നിലകളിൽ സഭയ്ക്കും സമുദായത്തിനും വേണ്ടി തിരുമനസ്സുകൊണ്ടു് അനുഷ്ഠിച്ചുവരുന്ന സേവനങ്ങൾ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ കേരളീയ കത്തോലിക്കർ എന്നും അനുസ്മരിക്കുന്നതായിരിക്കും. വിപ്ലവകൊടുങ്കാററുകൾ വീശിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ രൂപതാനൗകയെ അപകടം കൂടാതെ നയിച്ചു്, വിജയശ്രീലാളിതനായി അനവരതം വിരാജിക്കുന്നതിനുവേണ്ട അനുഗ്രഹങ്ങൾ കരുണാനിധിയായ ദൈവം തിരുമേനിയുടെമേൽ വർഷിക്കുമാറാകട്ടെ എന്നു ഞങ്ങൾ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുകൊള്ളുന്നു.

# കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിൽ വ്യക്തിസ്വാതന്ത്ര്യം നിഷിദ്ധം

പ്രധാനമന്ത്രി പണ്ഡിതജി ഇക്കഴിഞ്ഞ ജൂലൈ 7-ാംനു-ന്യൂഡൽഹിയിൽ നടത്തിയ പ്രസ്സ്കോൺഫറൻസിൽ ചോദ്യങ്ങൾക്കു മറുപടിനൽകിയ അവസരത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "ലോകത്തിലെ വിഭിന്നമഹാശക്തികളുടെ (അമേരിക്കയുടേയും റഷ്യയുടേയും) ധാർമ്മികമാനദണ്ഡങ്ങൾ പരിപൂർണ്ണം വ്യത്യസ്തങ്ങളാകുന്നു. അവരുടെ അളവുകോലുകൾപോലും വ്യത്യസ്തങ്ങളാണു്." റഷ്യയിലെ ജനങ്ങൾക്കു പൗരപരമോ വ്യക്തിപരമോ ആയ സ്വാതന്ത്ര്യമില്ലയോയെന്ന വേറൊരു ചോദ്യത്തിനു് അദ്ദേഹം നൽകിയ മറുപടിയിൽ, പൗരസ്വാതന്ത്ര്യം റഷ്യക്കുള്ളിൽ ഇല്ലെന്നു താൻ പറഞ്ഞിട്ടില്ലെന്നു വിശദമാക്കിയ ശേഷം "ടൊറാറലിറേററിയൻ രാജ്യങ്ങളിൽ രാഷ്ട്രീയവും വ്യക്തിപരവുമായ സ്വാതന്ത്ര്യം സാമാന്യേന ഇല്ലെന്നു" ചൂണ്ടിക്കാണിച്ചു. കോൺഫറൻസിൽ ചെയ്ത പ്രസംഗത്തിൽ ഏഷ്യയിലെ ജനങ്ങൾ സാമ്പത്തികപുരോഗതിയെ വളരെയധികം ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണെന്നും അതു പ്രദാനംചെയ്യുന്ന ആരുടെ നേരെയും അവർ തിരിഞ്ഞുകൊണ്ടിരിക്കുകയാണെന്നും പ്രസ്താവിച്ചുശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു: "എന്നാൽ യഥാർത്ഥസ്വാതന്ത്ര്യം അവർക്കു കൈവരണമെങ്കിൽ, ചില കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ പ്രദാനംചെയ്യുന്ന സാമ്പത്തികസ്വാതന്ത്ര്യം മാത്രം അവർക്കു കൈവന്നാൽപോരാ, പ്രത്യുത രാഷ്ട്രീയസ്വാതന്ത്ര്യവും കൈവരേണ്ടിയിരിക്കുന്നു" പണ്ഡിതജിയുടെ ഈ വാക്കുകളെല്ലാംകൂടി എടുക്കുന്നപക്ഷം അമേരിക്കായും റഷ്യയും തമ്മിലുള്ള മൗലികവ്യത്യാസത്തെപ്പററി അദ്ദേഹത്തിൻെറ ആശയമെന്തെന്നു നിഷ്പ്രയാസം കാണാൻകഴിയും. അമേരിക്കയുടെ ആദർശം പരിപൂർണ്ണമായ ഡെമോക്രസിയാണെന്നു് അമേരിക്കൻ നിയമസഭകളുടെ സംയുക്തസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ പണ്ഡിതജി തുറന്നുപ്രസ്താവിച്ചിട്ടുള്ളതാണു്. തന്മൂലം പ്രത്യേകിച്ചും റഷ്യയുടെ ആദർശം ടൊറാറലിറേററിയനിസമാണെന്നും ആ രാജ്യത്തിൽ ശരിയായ പൗരസ്വാതന്ത്ര്യമോ വ്യക്തിസ്വാതന്ത്ര്യമോ നിലവിലില്ലെന്നുമാണു് അദ്ദേഹം അർത്ഥമാക്കുന്നതെന്നു് സ്പഷ്ടമാകുന്നുണ്ടു്. റഷ്യയിൽ വ്യക്തിസ്വാതന്ത്ര്യമില്ലെന്നുള്ള അഭിപ്രായം അമേരിക്കയിൽവച്ചും ഇൻഡ്യയിൽ വച്ചുതന്നെയും ചില പ്രസംഗങ്ങളിൽ അദ്ദേഹം പ്രകാശിപ്പിച്ചിട്ടുള്ളതുമാണു്.

## വ്യക്തിക്കു സ്ഥാനമില്ലെന്നു കാറൽ മാക്സ്

സോവ്യററഷ്യ ഔദ്യോഗികമായി സ്വീകരിച്ചിരിക്കുന്ന കമ്മ്യൂണിസത്തിൻെറ സിദ്ധാന്തമനുസരിച്ചു് ജനങ്ങളുടെ "കൂട്ട"ത്തിനല്ലാതെ (Collectivity), ജനങ്ങളിൽ "ഓരോരുത്തർക്കും" (Individual) യാതൊരു സ്ഥാനമോ വിലയോ ഇല്ല. കമ്മ്യൂണിസത്തിൻെറ സ്ഥാപകനായ കാൾമാർക്സ്തന്നെ ഇങ്ങനെയാണു ഉദ്ബോധിപ്പിച്ചിട്ടുള്ളതു്. 1843-ൽ രചിച്ച ഒരുകൃതിയിൽ ഡെമോക്രസി ആദർശമനുസരിച്ചു മനുഷ്യനെപ്പററിയുള്ള ആശയമെന്താണെന്നു് അദ്ദേഹം ശരിയായി വിവരിച്ചിരിക്കുന്നതിങ്ങനെയാണു്: "ഓരോമനുഷ്യനും പരമമായ വിലയുണ്ടു്." തദനന്തരം ഈ ആശയത്തെ നിരാകരിച്ചുകൊണ്ടു് അദ്ദേഹം പറയുന്നതു കേട്ടാലും "ഇതൊരു മായാബോധത്തിൽ, മനുഷ്യനു് ഒരാത്മാവുണ്ടെന്നുള്ള ക്രിസ്തുമതത്തിൻെറ സ്വപ്നത്തിലും സങ്കല്പത്തിലും, അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണു്." "മൂലം കാപ്പിറ്റൽ" എന്ന ഗ്രന്ഥത്തിൻെറ ഒന്നാംവാല്യത്തിൻെറ ഒന്നാം പതിപ്പിൽ മാർക്സു് പറഞ്ഞിട്ടുള്ളതും ശ്രദ്ധേയമാണു്: "ഞാൻ വ്യക്തികളെപ്പററി സംസാരിക്കുന്നതു്, അവർ സാമ്പത്തികഘടകങ്ങളുടെ മൂർത്തീകരണങ്ങളും പ്രത്യേകങ്ങളായ വർഗ്ഗീയബന്ധങ്ങളുടേയും താല്പര്യങ്ങളുടേയും പ്രതിനിധികളും ആയിരിക്കുന്നേടത്തോളമാണു്." ഇതിൻെറ അർത്ഥം സ്പഷ്ടമാണല്ലോ. തൊഴിലാളിവർഗ്ഗസംഘടനയുടെ ഒരംഗമായിരിക്കുന്നേടത്തോളം മാത്രമേ ഏതൊരു മനുഷ്യവ്യക്തിക്കും എന്തെങ്കിലും വിലയുള്ളു. ആ അംഗത്വം ഇല്ലാതാകുന്നതോടുകൂടി സകല വിലയും അവനു നഷ്ടപ്പെടുന്നു. തൊഴിലാളിവർഗ്ഗത്തിൻെറ സാമ്പത്തികതാല്പര്യങ്ങൾക്കു പ്രയോജനപ്പെടാത്തിടത്തോളംകാലം യാതൊരു മനുഷ്യവ്യക്തിക്കും യാതൊരു വിലയുമില്ലെന്നുള്ള കമ്മ്യൂണിസത്തിൻെറ ഈ മൗലികസിദ്ധാന്തമാണു് കമ്മ്യൂണിസം ഔദ്യോഗികമായി സ്വീകരിച്ചിട്ടുള്ള സോവ്യററഷ്യയിലും അതിൻെറ ഉപഗ്രഹങ്ങളായ മററു രാജ്യങ്ങളിലും പൗരസ്വാതന്ത്ര്യവും വ്യക്തിസ്വാതന്ത്ര്യവും നിഷേധിക്കുവാനും ഹനിക്കുവാനും അവിടങ്ങളിലെ അധികാരികളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ശരിയായ വോട്ടവകാശത്തിൻെറ നിഷേധം, തടങ്കൽപ്പാളയങ്ങളിൽ ആയിരക്കണക്കിനു് ആളുകളെ അടച്ചുപൂട്ടുക, സൈബീരിയായിലേക്കു ലക്ഷക്കണക്കിനു പൗരന്മാരെ നാടുകടത്തുക, വസ്തുവകകൾ മുഴുവനും പിടിച്ചടക്കി ആളുകളെ ശൂന്യരാക്കുക മുതലായ അവരുടെ നടപടികൾക്കുള്ള കാരണവും ഇതല്ലാതെ മറെറാന്നല്ല.

## മനുഷ്യർ എറുമ്പിൻകൂട്ടമല്ലെന്നു രാധാകൃഷ്ണൻ

ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിപ്പോരുന്ന "വിദ്യാഭ്യാസവും ശാസ്ത്രവും സംസ്കാരവും സംഘടന"യുടെ (UNESCO) ഒരു യോഗം ഈയിടെ ഫ്ളോറൻസിൽ കൂടുകയുണ്ടായല്ലോ. അതിൽ ഇൻഡ്യയുടെ പ്രതിനിധിയായി സംബന്ധിച്ച ഡോക്ടർ രാധാകൃഷ്ണൻ ചെയ്ത ഒരു പ്രസംഗത്തിൽ മനുഷ്യജീവികളെ "ചാട്ടകൊണ്ടല്ലാതെ മെരുക്കുവാൻ കഴിയാത്ത ദുഷ്ടമൃഗങ്ങളെപ്പോലെ" ബലപ്രയോഗത്താൽ ഭരിച്ചുകൊണ്ടുപോരുന്ന രാഷ്ട്രസിദ്ധാന്തത്തെ ഏററവും ശക്തിയായി അപലപിച്ചുകൊണ്ടു് ഇപ്രകാരം പ്രസ്താവിച്ചു:- "രാഷ്ട്രത്തിൻെറ ബലപ്രയോഗങ്ങളാൽ മനുഷ്യാവകാശങ്ങളെ അസ്തമിപ്പിക്കുക, രാഷ്ട്രീയത്തിലും കലയിലും കച്ചവടത്തിലും അന്തർദേശീയങ്ങളായ ഇടപാടുകളിലും മറെറല്ലാത്തുറകളിലും ധാർമ്മികങ്ങളായ മാനദണ്ഡങ്ങളെ വായാടിപ്രസംഗങ്ങളാൽ അധ:പതിപ്പിക്കുക, പ്രസ്സും റേഡിയോയും സിനിമായും വഴിയായി ആശയങ്ങൾ കുത്തിച്ചെലുത്തുക, വിദ്യാഭ്യാസത്തേയും വിജ്ഞാനവിതരണത്തേയും മാത്രപ്രസിദ്ധീകരണത്തേയും ഉദ്യോഗസ്ഥദുഷ്പ്രഭുക്കളുടെ നിയന്ത്രണത്തിലാക്കുക, ഇവയെല്ലാം മനുഷ്യരെ മനുഷ്യത്വത്തിൽനിന്നു അധ:പതിപ്പിക്കുകയും "എറുമ്പിൻകൂട്ട"സമുദായത്തെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നവയാണു്." സോവ്യററഷ്യയുടേയും അതിൻെറ പിടിയിലമർന്നിരിക്കുന്ന മററു രാജ്യങ്ങളിലേയും ടൊററലിറേററിയൻ ആദർശമനുസരിച്ചുള്ള ഭരണസമ്പ്രദായത്തെ ഡോക്ടർ രാധാകൃഷ്ണൻ ഏററവും അർത്ഥഗർഭമായ വാക്കുകളിൽ ചിത്രീകരിക്കുകയാണു ചെയ്തിരിക്കുന്നതു്. അദ്ദേഹം അപലപിക്കുന്ന പ്രധാനമായ മൂന്നുകാര്യങ്ങളും കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ അനുസരിച്ചുള്ളവയാണു്. ഒന്നാമതായി, മനുഷ്യാവകാശങ്ങളെ അസ്തമിപ്പിക്കുക. സംസാരിക്കുവാനും, സംഘം ചേരുവാനും, സ്വാതന്ത്ര്യമായി വോട്ടുചെയ്യുവാനും, ഒററയ്ക്കായും സംഘടിതമായും മതമനുഷ്ഠിക്കുവാനും മതം പ്രചരിപ്പിക്കുവാനും, പരമൂഷണംകൂടാതെ കൃഷിവ്യവസായങ്ങൾ നടത്തുവാനും മററുമുള്ള മനുഷ്യാവകാശങ്ങൾ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ പരിപൂർണ്ണം നിഷേധിക്കപ്പെട്ടിരിക്കുകയാണു്. രണ്ടാമതായി, ധാർമ്മികമാനദണ്ഡങ്ങളെ അധ:പതിപ്പിക്കുക. ലക്ഷ്യം മാർഗ്ഗങ്ങളെ സാധൂകരിക്കുമെന്നുള്ള അസാന്മാർഗ്ഗികമായ പ്രമാണം മുറുകെപ്പിടിച്ചുകൊണ്ടു്, കാര്യംകാണാൻവേണ്ടി എത്രവലിയ അധർമ്മങ്ങളും പ്രവർത്തിക്കുവാൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ അധികാരികൾക്കു യാതൊരു മടിയുമില്ല. മൂന്നാമതായി, സാംസ്കാരികം ഉൾപ്പെടെയുള്ള സകല ജീവിതത്തുറകളേയും ഉദ്യോഗസ്ഥദുഷ്പ്രഭുക്കളുടെ നിയന്ത്രണത്തിൽ വയ്ക്കുക. ഹിററ്ലരുടെ ജർമ്മനിയിലും, മുസോലിനിയുടെ ഇററലിയിലും നടന്നിരുന്നതിനെക്കാൾ കഷ്ടമായ ഉദ്യോഗസ്ഥനിയന്ത്രണമാണു് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെല്ലാം നടമാടുന്നതെന്നു് പ്രസിദ്ധമാണല്ലോ. ഇതിൻെറയെല്ലാം അടിസ്ഥാനകാരണം മനുഷ്യസമുദായത്തെ എറുമ്പിൻകൂട്ടംപോലെ ഗണിക്കുന്ന കമ്മ്യൂണിസ്റ്റ് സിദ്ധാന്തമാണു്. എറുമ്പിൻകൂട്ടത്തിൽ എറുമ്പിനുള്ള സ്ഥാനവും വിലയും മാത്രമേ മനുഷ്യസമുദായത്തിൽ മനുഷ്യവ്യക്തികൾക്കു കമ്മ്യൂണിസം കല്പിക്കുന്നുള്ളു.

## ട്രൂമൻെറ അപലപനം

അമേരിക്കൻ പ്രസിഡൻറ് ട്രൂമൻ ഇക്കഴിഞ്ഞ ജൂൺ 23-ാംനു- കൊളമ്പിയായിലെ ഒരു കച്ചേരിമന്ദിരത്തിനു് അടിസ്ഥാനമിട്ടയവസരത്തിൽ കൊറിയായിലെ കമ്മ്യൂണിസ്റ്റ് ആക്രമണത്തെ നിരോധിക്കുവാൻ യുണൈറഡ് സ്റ്റേറ്റ്സിൻെറ പരിശ്രമത്തെ അറിയിച്ചുകൊണ്ടു് റഷ്യൻ കമ്മ്യൂണിസത്തിൻെറ ടൊററലിറേററിയൻ നടപടികളെ ഇപ്രകാരം അപലപിച്ചു: "തങ്ങളുടെ പിടിയിലമർന്നിരിക്കുന്ന ജനങ്ങളെ ക്രൂരഭരണത്തിൻെറ സകല ദുഷ്യങ്ങൾക്കും—നിയമവിരുദ്ധമായി പിടിച്ചുകൊണ്ടുപോവുക, ദേഹണ്ഡേല്പിക്കുക, അടിമകളാക്കുക, വധിക്കുക, എന്നിവയ്ക്കെല്ലാം—യാതൊരു പരിഹാരവും പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ വിധേയരാക്കുകയാണു്. ഫാസിസവും നാസിസവും സോവ്യററ് കമ്മ്യൂണിസവും ജനതതികളെ ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചിട്ടുള്ളതു്, വ്യക്തികളുടെ അവകാശങ്ങളുടെ കാര്യത്തിൽ നമുക്കുള്ള താല്പര്യം അയഥാർത്ഥവും വഞ്ചനാപരവുമാണെന്നാണു്. ടൊററലിറേററിയൻ ഗവമ്മെൻറുകൾ എല്ലാം ശ്ലോഴും നീതിയുടെ ശാസനാക്രമങ്ങളെ പരിഹാസ്യമായവിധം വികൃതമാക്കിയിട്ടുണ്ടു്. അവരുടെ ജഡ്ജിമാർ പ്രാസിക്യൂട്ടർമാരാണു്. അവരുടെ പ്രാസിക്യൂട്ടർമാർ തൂക്കിക്കൊല നടത്തുന്ന ആരാച്ചാരന്മാരാണു്. അവരുടെ പ്രതിഭാഗവക്കീലന്മാർ പാവകളാണു്. അവരുടെ കേസുവിസ്താരങ്ങൾ കരുതിക്കൂട്ടി നടത്തുന്ന പ്രചരണകോലാഹലങ്ങളാണു്. അവസ്ഥാധാരം ദേഹദണ്ഡനങ്ങളും അവയുടെ ലക്ഷ്യം വ്യാജങ്ങൾ പരത്തുകയുമാണു്." സ്റ്റാലിൻ സോവ്യററഷ്യയുടെ സ്വേച്ഛാധിപതിയായിത്തീർന്നശേഷം, മോസ്കോയിൽ നടത്തിയ കേസുവിചാരണ നാടകങ്ങളും, അവയ്ക്കു വിധേയമാക്കപ്പെടുകയും, തദനന്തരം ശിക്ഷിക്കപ്പെടുകയും ചെയ്ത പ്രസിദ്ധന്മാരായ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ അനുഭവങ്ങളും, വിപുലമായ തോതിൽ നടത്തിയ ശുദ്ധിപ്രസ്ഥാനവും—ഇവയെല്ലാം ട്രൂമൻെറ ഈ അപലപനത്തിനു തെളിവായിരിക്കുന്നുണ്ടു്.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## അടുത്തയാഴ്ചയിൽ

ജൂലൈ

23 ഞാ: പന്തക്കുസ്ത 8-ാം ഞായർ അപ്പോളിനാരിസ്

24 തി: ക്രിസ്റ്റീന

25 ചൊ: വലിയ യാക്കോബ്

26 ബു: അന്നാ അമ്മ

27 വ്യാ: പന്തലിയോൻ

28 വെ: നസാരിയൂസും ചെൽസുസും

29 ശ: മർത്ത

## ചരമം

തൃശ്ശിവപേരൂർ രൂപതയിലെ ഒരു പ്രമുഖവൈദികനും പുളക്കാട്ടു സ്വദേശിയുമായ പുളിക്കൽ ബ. അബ്രാഹം അച്ചൻ ജൂലൈ 7-ാംനു- 62-ാമത്തെ വയസ്സിൽ സ്വവസതിയിൽവച്ചു് നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം തൃശ്ശൂർരൂപതയുടെ അഡ്മിനിസ്ട്രേറർ മൊററ് റവ. മോൺ. ആൻറണി പുതുശേരി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും 20-ൽപ്പരം വൈദികരുടെ സഹകരണത്തിലും നിർവ്വഹിക്കപ്പെട്ടു. വെരി റവ. ഡോക്ടർ പോൾ കാക്കശ്ശേരി ചരമപ്രസംഗം നടത്തി.

—കിടങ്ങൂർ പള്ളി ഇടവക ചിറയ്ക്കൽ വറീതു് അവർകളുടെ ഭാര്യയും റവ. സിസ്റ്റേഴ്സ് ക്രിസ്റ്റീന, റോസ എന്നിവരുടെ മാതാവുമായ ശ്രീമതി മറിയം ജൂലൈ 11-ാംനു- നിര്യാതയായിരിക്കുന്നു.

—തൈക്കാട്ടുശേരി കൊച്ചുതറയിൽ കുര്യൻ ചാക്കോ ജൂലൈ 11-ാംനു- 65-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. R. I. P.

# മറിയത്തിന്റെ വിമലഹൃദയം

(ഏണേക്കാട്ടു യൗസേപ്പു കത്തനാർ)

ഫാത്തിമാദർശനംമൂലം ലോകം മുഴുവനും ദൈവമാതാവിന്റെ വിമലഹൃദയത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കയാണല്ലോ. എങ്കിലും തദനുസരണം ജീവിതവിശുദ്ധി കാണപ്പെടാത്തതിൽ ആ മാതൃഹൃദയം മാത്രമല്ല തന്റെ പ്രിയപുത്രൻ കൂടെയും ഇതാ ആവലാതിപ്പെടുന്നു. ജമ്മനിയിൽ ഫിഡ് എന്ന സ്ഥലത്തു നമ്മുടെ ദിവ്യരക്ഷകൻ തന്നെ പ്രത്യക്ഷപ്പെട്ട് ഈ വിവരം അറിയിച്ചതായിക്കാണുന്നു. "ഫാത്തിമായിൽ എന്റെ പരിശുദ്ധ മാതാവ് വിശദമാക്കിയ സംഗതികൾ മനുഷ്യർ ഗൗനിക്കുന്നില്ല" എന്നത്രേ ആ പരിവേദനം. ഈ അവസരത്തിൽ മറിയത്തിന്റെ വിമലഹൃദയത്തെപ്പററി ഒരു അമേരിക്കൻ മാസികയിൽ കണ്ട ലേഖനത്തിന്റെ സംഗ്രഹം താഴെ ചേർക്കുന്നതു് വായനക്കാർക്കു ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു.

സൂര്യനു് കീഴ് പുത്തനായി ഒന്നുമില്ല. അടിസ്ഥാനം നോക്കിയാൽ നവീനമായ ഒരു ഭക്തിയും ഇല്ലെന്നു കാണാം. അപ്പോസ്തോലകാലത്തിനുശേഷം പുതിയ വെളിപാടില്ലാത്തതിനാൽ വിശ്വാസതത്വങ്ങളുടെ ഒരു പ്രാവർത്തികവശംമാത്രമാണു ഭക്തി. നമുക്കു് അനുകൂലമായ പല സാഹചര്യങ്ങളുമുണ്ടെന്നു നമ്മൾ അഭിമാനിക്കാറുണ്ടെങ്കിലും വാസ്തവത്തിൽ ആദ്യശതകങ്ങളിലെ പുണ്യാത്മാക്കൾക്കുണ്ടായിരുന്നതും നമുക്കുള്ളതുപോലെതന്നെയാണു്. രണ്ടും തമ്മിൽ വലിയ അന്തരമൊന്നുമില്ല.

ഇങ്ങനെ അടിസ്ഥാനതത്വങ്ങൾക്കു വ്യത്യാസമില്ലെങ്കിലും അവയിൽനിന്നും പുതിയ രീതികളും, വികസനങ്ങളും, നിഗമനങ്ങളും, വ്യാഖ്യാനങ്ങളും, ദർശനങ്ങളും മററും ഓരോരോ നാമങ്ങളിൽ ഉണ്ടാകാവുന്നതാണു്. അവ നമ്മെ തട്ടിയുണർത്തി വിസ്മൃതിയിലാണ്ടുപോയ ആ പഴയ യാഥാർത്ഥ്യങ്ങളിലേക്കു നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ഇങ്ങനെ നമ്മുടെ ശ്രദ്ധയിൽ പെടുമ്പോൾ ദീർഘകാലത്തേക്കു നമുക്കു മറയപ്പെട്ടിരുന്ന ആ നിക്ഷേപങ്ങൾ പുതിയതാണെന്നു നമുക്കു തോന്നിയേക്കാം. മറിയത്തിന്റെ വിമലഹൃദയഭക്തി ഒരുപക്ഷേ അനേകകത്തോലിക്കർക്കും താദൃശമായ ഒരു പഴയ നിക്ഷേപമാണു്.

ക്രിസ്തുവിന്റെ തിരുഹൃദയഭക്തിയുടെ വ്യാപ്തി നാം ഗ്രഹിക്കുന്നുവെങ്കിൽ മറിയത്തിന്റെ വിമലഹൃദയഭക്തിയുടെ അർത്ഥവും നിഷ്പ്രയാസം മനസ്സിലാക്കാം. സർവ്വസാധാരണമായി ദൈവമാതാവിനോടുള്ള ബഹുമാനാദരങ്ങൾ തന്റെ പുത്രനോടുള്ള ഭക്തിയിൽനിന്നും വിഭിന്നമല്ല. രണ്ടും ഒന്നുതന്നെയാണു്. ഏതായാലും ഒരുകാര്യം നാം പ്രത്യേകം ഓർമ്മിക്കാനുണ്ടു്. മാതാവിന്റെ വിമലഹൃദയഭക്തിയെപ്പററി നാം കേട്ടിട്ടുപോലുമില്ലെങ്കിൽത്തന്നെയും ഈശോയുടെ തിരുഹൃദയഭക്തി നമ്മിൽ ദൃഢമൂലമായിരുന്നു. ഈ ആശയം ഇങ്ങനെ സംഗ്രഹിക്കാം. നമ്മുടെ ഭക്തിയുടെ അഥവാ ആരാധനയുടെ അത്യുന്നതവിഷയം ഈശോ ആണു്. മാതാവിന്റെ നേർക്കുള്ള ഭക്തിയുടെ അടിസ്ഥാനവും ഇതുതന്നെ. മാതാവിനോടു് പ്രദർശിപ്പിക്കുന്ന സ്നേഹബഹുമാനാദരങ്ങളും ഈശോയിലേക്കു മാത്രമാണു സംക്രമിക്കുന്നതു്. അതാണു മറിയത്തിന്റെ ആഗ്രഹവും. അതുതന്നെ ഈശോയും ആവശ്യപ്പെടുന്നു. നമ്മുടെ ഹൃദയം മാതാവിന്റെ ഹൃദയത്തിലേക്കും നമ്മുടെ ഹൃദയത്തോടുകൂടി മാതാവിന്റെ ഹൃദയം ഈശോയുടെ ഹൃദയത്തിലേക്കും സംയോജിക്കുന്നു. ആദ്ധ്യാത്മിക ക്രയവിക്രയത്തിൽ ഒരിക്കലും ദൈവത്തെ കവർച്ചചെയ്യുവാൻ സാധിക്കയില്ലെന്നു എല്ലാ കത്തോലിക്കനുമറിയാം. "മാതാവിനെ സ്തുതിക്കുന്നതു പുത്രനെത്തന്നെയാണു്" എന്നു വിശുദ്ധ ബെർനാർഡ് പറയുന്നു. മാതാവിനെ ബഹുമാനിക്കുന്നതു മിശിഹായെ സന്തോഷിപ്പിക്കുന്നു. ഇത്ര കൂടുതൽ വണക്കം മാതാവിനോടു കാണിക്കുന്നതു് പുത്രനു ബഹുമാനക്കുറവല്ലേ എന്നു് ഒരിക്കൽ വിശുദ്ധ ജർത്രൂദ് അസംഗതമായി സംശയിച്ചു. അപ്പോൾ ഇതിനെക്കാൾ കൂടുതലായി തന്നെ സംതൃപ്തനാക്കുന്നതു വേറൊന്നുമില്ലെന്നു ഈശോതന്നെ ആ പുണ്യവതിയെ ധരിപ്പിക്കയുണ്ടായി. ദൈവത്തെ അതിയായി സ്നേഹിക്കാതെ മറിയത്തെ സ്നേഹിപ്പാൻ നിവൃത്തിയില്ല. മറിയത്തോടുള്ള അടുപ്പം ദൈവത്തോടു കൂടുതലായ അടുപ്പമാണു്. കാരണം മറിയം എപ്പോഴും ഈശോയോടുകൂടെയാണെന്നുള്ളതുതന്നെ.

എങ്കിലും നമ്മുടെ കർത്താവിനോടെ പരിശുദ്ധ കന്യകയോടെ ഈ വിധമുള്ള പ്രത്യേകഭക്തികൾ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നു തെററിദ്ധരിക്കേണ്ടതില്ല. തിരുസ്സഭ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഭക്തിയുടെ പ്രാധാന്യം കുറയ്ക്കുന്നതിനായിട്ടല്ല ഈവിധം പറയുന്നതു്. അടിസ്ഥാനതത്വം ആദ്യശതകത്തിലും ഇന്നും ഒന്നുതന്നെ. എല്ലാ ഭക്തികളുടേയും അന്ത്യം വ്യക്തിയിൽത്തന്നെ. ഇങ്ങനെ ഈശോമിശിഹാ സർവ്വദാ ആരാധിക്കപ്പെടുന്നു. മറിയവും ബഹുമാനിക്കപ്പെടുന്നു. ഈ ആരാധനയുടെയും ബഹുമാനത്തിന്റെയും ബാഹ്യരൂപങ്ങൾ എന്തുതന്നെയായിരുന്നാലും അതു ഇതിനു ബാധകമല്ല. തിരുഹൃദയാരാധന ഈശോയോടും എന്നതുപോലെ വിമലഹൃദയഭക്തി മറിയത്തോടും നമുക്കുള്ള സ്നേഹാദരങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നു. ഈ സംഗതി റവ: ഫാ: സ്റ്റീബൻ ഇങ്ങനെ വിശദീകരിക്കുന്നു:- "ആധുനികകാലത്തു് ഈശോയുടെ പരിശുദ്ധ മനുഷ്യത്വത്തോടുള്ള ഭക്തി തന്റെ തിരുഹൃദയഭക്തിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇങ്ങനെ അതിനെ വർദ്ധിപ്പിക്കയും സജീവപ്പെടുത്തുകയും അഗാധമാക്കുകയും, മാത്രമല്ല രൂപാന്തരപ്പെടുത്തുകതന്നെയും ചെയ്തിരിക്കയാണു്. ഇതുപോലെതന്നെ തിരുസ്സഭയുടെ അനുവാദത്തോടും അംഗീകരണത്തോടുംകൂടി മറിയത്തിന്റെ വിമലഹൃദയഭക്തിയും എത്രയും ഉന്നതനില പ്രാപിച്ചു. ഈ ഭക്തികൾ രണ്ടും ഏററവും നിഷ്കൃഷ്ടമായ ദൈവശാസ്ത്രാടിസ്ഥാനത്തിൽ ഉറപ്പിക്കപ്പെട്ടതുമാകുന്നു.

"ക്രിസ്തുവിന്റെ മനുഷ്യത്വവും മറിയത്തിന്റെ വ്യക്തിത്വവും സംബന്ധിച്ചുള്ള കത്തോലിക്കാചിന്താഗതിയുടെ മഹത്വവും പരിപൂർണ്ണതയും കൂടിയുള്ള ഏകീകരണമാണു് ഇവിടെ പ്രത്യക്ഷപ്പെടുന്നതു്. ഈ കേന്ദ്രത്തിൽനിന്നും നാനാഭാഗത്തേക്കും പ്രസ്തുത ചിന്താഗതിയെ സ്പഷ്ടമാക്കുവാൻ സാധിക്കും. ഈശോയെ സംബന്ധിച്ചു് ഹൃദയം ശരീരത്തിന്റെ ഒരവയവം മാത്രമാണു്. അങ്ങനെ യഥാർത്ഥത്തിൽ അതു തന്റെ മനുഷ്യസ്വഭാവംമാത്രമേ പ്രതിനിധീകരിക്കുന്നുള്ളു. മറിയത്തിന്റെ ഹൃദയം തന്റെ ജീവന്റെ മദ്ധ്യസ്ഥാനമാണു്. ഇപ്രകാരം മറിയത്തിന്റെ ഹൃദയം തന്റെ ശാരീരികവും ആദ്ധ്യാത്മികവുമായ മാതൃത്വത്തിന്റെ ഉപകരണമായിരിക്കുകയാൽ അതു തന്റെ മാതൃലക്ഷണമായി തന്നെ പ്രതിനിധീകരിക്കുന്നു. ഈശോയുടെ തിരുഹൃദയഭക്തിയും മറിയത്തിന്റെ വിമലഹൃദയഭക്തിയും അധികൃതമായി പ്രഖ്യാപിക്കുന്നതിനുള്ള ഗാഢവും താത്വികവുമായ അടിസ്ഥാനം ഈ ഹൃദയങ്ങൾ രണ്ടിന്റേയും ദൃഢതമവും ജീവോല്പന്നവുമായ ഒന്നിപ്പിനെ പ്രത്യക്ഷപ്പെടുത്തുന്നു. ഭക്തിക്കുള്ള വിഷയം എന്ന നിലയിൽ ആ ഹൃദയങ്ങൾ തമ്മിലുള്ള സംയോജനത്തെ അക്കാരണങ്ങൾ നീതീകരിക്കുന്നുണ്ടു്. തന്മൂലം അവ ഒന്നിച്ചു ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു."

ആറേഴ ദശകങ്ങൾക്കു മുമ്പേതന്നെ കത്തോലിക്കു് ഭവനങ്ങളിലും മററും ഈശോയുടേയും മറിയത്തിന്റേയും തിരുഹൃദയപടങ്ങൾ അടുത്തടുത്തു ബഹുമാനപൂർവ്വം തൂക്കിയിട്ടിരുന്നു. ആ പഴയ ഭക്തമുറയെ തുടരേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും കത്തോലിക്കാചൈതന്യത്തിനു എത്രയും പററിയതുതന്നെ.

(തുടരും)

ആരോഗ്യപംക്തി

# കോഴിവൈദ്യം

(ററി. കെ. ജോസഫ്
ബി. എ. എൽ. ററി.)

പാമ്പുകടിച്ചാൽ കോഴികളെക്കൊണ്ടു വിഷം വലിച്ചെടുപ്പിച്ചു കളയുന്ന സൂത്രം ഫലിക്കുന്നതുതന്നെ. ജൂലൈ 12-ലെ സത്യദീപം 7-ാം പുറത്തു് ഒരു മനുഷ്യസ്നേഹി അതു വിവരിച്ചിട്ടുണ്ടല്ലോ. പത്തുപന്ത്രണ്ടു വർഷം മുൻപു മുതലേ ഈ കോഴിസ്സൂത്രം മലയാളത്തു ചിലർ പ്രയോഗിച്ചുവരുന്നു. വാഴമാണത്തിന്റെയും വാഴപ്പിണ്ടി (വാഴക്കാമ്പ്) യുടെയും നീരുമാത്രം കുടിപ്പിച്ചും വിഷചികിത്സ ചെയ്തുവരുന്നു. ഒട്ടുവളരെ പിടക്കോഴികളെക്കൊന്നു വെറുതെ കളയാൻ എല്ലാവർക്കും കിട്ടിയെന്നു വരികയില്ല. മൂന്നുനാലു രൂപാ കൊടുക്കാതെ ഒരു പിടക്കോഴിയെ ഇക്കാലത്തു കിട്ടൂ. അതും നശിക്കും അതിൽനിന്നു കിട്ടാവുന്ന മുട്ടകളും ഇല്ലാതാകും. ആഹാരസാധനങ്ങളില്ലാത്ത ഇക്കാലത്തു് അങ്ങനെ നാശം ചെയ്യുന്നതു നന്നല്ല.

മനുഷ്യർ വാകൊണ്ടു വലിച്ചെടുത്തു കളഞ്ഞാലും വിഷരക്തം കളയാം. വായ്ക്കു മുറിവോ പൊട്ടലോ മററോ ഉണ്ടെങ്കിൽ വലിച്ചെടുക്കുന്നവൻ ചത്തുപോകുമെന്നേയുള്ളു. കോഴിക്കു സംസാരിക്കാമായിരുന്നെങ്കിൽ അതു പറയും മനുഷ്യനെക്കൊണ്ടു വലിച്ചെടുപ്പിച്ചു കളയാൻ; അല്ലെങ്കിൽ "കൊമ്പുവെച്ചു്" വലിച്ചെടുത്തു കളയാൻ.

രക്തം വലിച്ചെടുക്കാനുള്ള "കൊമ്പു്" കാക്കാലന്മാർക്കു മുൻപുണ്ടായിരുന്നു. ചില വൈദ്യന്മാർക്കും ഉണ്ടായിരുന്നു. വാകൊണ്ടോ കുക്കുടപൃഷ്ഠംകൊണ്ടോ വലിച്ചെടുക്കുന്നതിനുപകരം കൊമ്പുകൊണ്ടു് വലിച്ചെടുക്കാൻ വൈദ്യന്മാർ കൊമ്പുകൂടെ കരുതിക്കൊണ്ടാൽ നന്നു്. മുറിപാടു കത്തികൊണ്ടു വലുതാക്കിയിട്ടുവേണം കൊമ്പു വെക്കാൻ. മാത്രമല്ല, പൊട്ടാസിയം പെർമാംഗനേററു തരികൾ കോളവായിൽ (മുറിപാട്ടിൽ) തിരുമ്മിപ്പിടിപ്പിക്കയുംവേണം. ആ മരുന്നും വിഷഹാരികൾ കരുതിവെച്ചേക്കണം. മുറിപാട്ടിനു മുകളിൽ കെട്ടണമെന്നു പറയേണ്ടതില്ലല്ലോ. കൊമ്പിനു പകരം ഒരുതരം പമ്പുണ്ടാക്കി വലിച്ചെടുക്കാം. ബോംബെയിലെ ഹാഫ്കയിൻ ഇൻസ്റ്റിററ്യൂട്ടുകാർ കണ്ടുപിടിച്ച നല്ല മരുന്നും ഉണ്ടല്ലോ.




അയൽക്കാരി: "നിങ്ങളിന്നാൾ പിരിച്ചുവിട്ട ആ വേലക്കാരത്തി എത്രനാളായി നിങ്ങളുടെ കൂടെ നിന്നു തുടങ്ങിയിട്ട്?"

ഗൃഹനായിക: "അവളൊരിക്കലും ഞങ്ങളുടെകൂടെ നിന്നിട്ടില്ല. എല്ലാപ്പോഴും ഞങ്ങൾക്കെതിരായിരുന്നു."

* * *

നെൽപ്പാടങ്ങളിൽ വെള്ളം കയററാനുള്ള യന്ത്രം നടത്തേണ്ട ആവശ്യത്തിലേക്കു വഴിയരികിൽ തൂണുകൾ കുഴിച്ചിട്ടു് ഇലക്ട്രിക് കമ്പികൾ ഘടിപ്പിക്കുകയായിരുന്നു. ജലസേചനാർത്ഥമുള്ള ഒരു സംരംഭമാണു് അതെന്നു് ആരോ പറഞ്ഞപ്പോൾ ഒരു ഗ്രാമീണവൃദ്ധൻ പറകയാണു്: "ഈ കമ്പികളിൽക്കൂടി വെള്ളം വന്നിട്ട് ഈ നിലമൊക്കെ കൃഷിചെയ്യുന്നതൊന്നു കാണണോല്ലോ. എന്നെ അങ്ങനെ കളിപ്പിക്കണ്ട മക്കളെ!"

* * *

വാച്ചാറിപ്പയ്യാരുടെ അടുക്കൽകൊണ്ടുപോയി നന്നാക്കാനുള്ള ഒരു നാഴികമണിയും തലയിൽവച്ചുകൊണ്ടു് പപ്പൻ മത്തായി റോഡിൽക്കൂടി പോകയായിരുന്നു. പെട്ടെന്നു കാൽതെററി വീഴുകയിൽ ഒരു വൃദ്ധസ്ത്രീയുടെ ദേഹത്തു ചെന്നു മുട്ടാൻ ഇടവന്നു. ഉടൻ അവർ ഈർഷ്യഭാവത്തിൽ പറകയാണു്: "നീ എന്നെ കൊന്നല്ലോ മോനെ. നിനക്കു സമയമറിയണേങ്കി ഒരു കൈവാച്ചു കെട്ടിക്കൊണ്ടു നടക്കാമ്മേലേ? മററു കിടാങ്ങളൊക്കെ അങ്ങനെയല്ലേ ചെയ്യണേ!"

* * *

കൊച്ചു ജോയി ആദ്യമായി ഷർട്ടും മുണ്ടും ധരിച്ചു്, ശീലക്കുടയും പിടിച്ചു് സ്കൂളിൽ പോകാൻ തയ്യാറായപ്പോൾ അവന്റെ ഹൃദയം തുടിച്ചു. ഇനിയെങ്കിലും "ആണുങ്ങളുടെ കൂട്ടത്തിൽ ഒരാണാ"യി നടക്കാമല്ലോ എന്നോർത്തു് അവൻ അഭിമാനംകൊണ്ടു. "രണ്ടു നാഴികകൊണ്ടു"ണ്ടായ ഈ ഉൽക്കർഷത്തിൽ പുളകിതഗാത്രനായ അവൻ അമ്മയുടെ പക്കൽ ഓടിച്ചെന്നു് സംശയനിവാരണം വരുത്തുകയാണു്: "അമ്മേ, അപ്പനെ ഇനി എനിക്കു് അന്തോണീ എന്നു വിളിക്കാമ്മേലേ?"

— —

പുസ്തകാഭിപ്രായം

## മീശക്കാരൻ സാമി

ഒരു പ്രഹസനം

(രചയിതാവ്: ഫാദർ ദേവസ്യ മണലിൽ. സെൻറ് ജോസഫ്സ് പ്രസ്സ്, എൽത്തുരുത്ത്. പക്കം 31)

ഒരു കുടുംബത്തിലെ രണ്ടു കുട്ടികൾ ചെറുപ്പത്തിൽ പാഠം പഠിച്ചുകൊണ്ടിരിക്കുന്നതും ഒരാൾ ഒരു മിഷനറി വൈദികനാകുന്നതും സഹോദരി ഒരു മഠത്തിൽ പ്രവേശിക്കുന്നതുമാണു് ഇപ്രഹസനത്തിലെ കഥാവസ്തു. വൈദികൻ ഒരു ഭ്രാന്തനിൽനിന്നു് പിശാചിനെ പുറത്താക്കുന്നതും, വൈദികന്റെ വേലക്കാരൻ ബധിരനായ ഒരു ഭിക്ഷുവിനോടു സംസാരിക്കുന്നതും സഹോദരിയായ സന്യാസിനിയെ മഠത്തിൽ പോയി സന്ദർശിക്കുന്നതും പ്രേക്ഷകർക്കു് അനല്പമായ ആഹ്ലാദം നല്കുവാൻ പര്യാപ്തമാണു്. മിഷനറി ജീവിതത്തിന്റെ ആകർഷകത പ്രഹസനം കാണുന്നവർക്കു ഗ്രഹിക്കുവാൻ കഴിയും. ഒരു സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മിഷൻദിനാഘോഷാവസരത്തിൽ അഭിനയിക്കപ്പെടുവാൻ സജ്ജീകൃതമായതാണീ ലഘുപ്രഹസനമെന്നു രചയിതാവുതന്നെ പറയുന്നുണ്ടു്. ഗംഭീരങ്ങളായ രംഗങ്ങളൊന്നുമില്ലെങ്കിലും "മീശക്കാരൻ സാമി" അഭിനയിക്കുമ്പോൾ പ്രേക്ഷകർ ആനന്ദിക്കാതിരിക്കയില്ല. രചയിതാവിനു അനുമോദനപൂർവ്വകമായ കൂപ്പുകൈ.

## തിരുമുൽക്കാഴ്ച

(ഒരു പാട്ടുപുസ്തകം. ഗാനകൃത്ത്: കെ. ജെ. ആൻഡ്രൂസ്, തൃശ്ശൂർ. വില 2 ണ)

പല ആധുനിക ഹിന്ദിവർണ്ണങ്ങളിൽ ശ്രീ ആൻഡ്രൂസു രചിച്ചിട്ടുള്ള 18 ഗാനങ്ങളാണു് "തിരുമുൽക്കാഴ്ച"യിൽ ഹിന്ദി ഗാനതൽപരർക്കു് രചയിതാവു കാഴ്ചവച്ചിരിക്കുന്നതു്. ഇവയിൽ 10 എണ്ണം പരിശുദ്ധ കന്യകയെക്കുറിച്ചും അഞ്ചെണ്ണം ക്രിസ്തുരാജനെപ്പററിയുമാണു്. ശ്രീ ആൻഡ്രൂസിന്റെ ഗാനങ്ങൾ പാടാൻ യാതൊരു വിഷമവുമില്ല. മാത്രകൂടുന്നതുകൊണ്ടു ചിലരുടെ ഗാനങ്ങൾ പാടുമ്പോൾ ദീർഘം ഹ്രസ്വവും, ഹ്രസ്വം ദീർഘവും മററുമാക്കേണ്ടിവരും. ചിലപ്പോൾ വാക്കുകൾ വിഴുങ്ങേണ്ടിവരും. പലരെക്കൊണ്ടും പാടിച്ചുനോക്കിയിട്ടു് ഇദ്ദേഹത്തിന്റെ ഗാനങ്ങൾ സരളമായി പ്രവഹിക്കുന്നുണ്ടെന്നു് അതിശയോക്തികൂടാതെ പറയാൻ സാധിക്കുന്നു. കടിച്ചാൽപൊട്ടാത്ത പദങ്ങളുമില്ല. ഈ ഗാനരചയിതാവിനെ പ്രോത്സാഹിപ്പിക്കേണ്ടതാണു്. പാടാൻ അറിയുന്നവർ "തിരുമുൽക്കാഴ്ചയും" കൂടി വാങ്ങിപ്പാടിയാൽ ശ്രീ ആൻഡ്രൂസു കൃതാർത്ഥനാകും. പാട്ടു കേൾക്കുവാൻ താൽപര്യമുള്ളവർ ആനന്ദിക്കുകയും ചെയ്യും. പലർക്കും തിരുമുൽക്കാഴ്ച ഭക്തിപ്രദ്യോതകമായിത്തോന്നും.

(T. M.)

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the mar Louis Memorial Press
Ernakulam

## ഇടവകവാർത്തകൾ

പുത്തൻപള്ളി ഇടവകയിൽ ഉളനാട്ടുകരയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ജൂലൈ 10-ാംനു- മുതൽ എല്ലാദിവസവും അനാഥരായ സാധുക്കൾക്ക് ഉച്ചഭക്ഷണം നല്കിവരുന്നു.

—പാലായിലെ യുവജനങ്ങളുടെ പരിശ്രമഫലമായി ഒരു "കാത്തലിക് യംഗ് മെൻസ് ലീഗ്" ആരംഭിച്ചിരിക്കുന്നു. റവ. ഫാ. തോമസ് മണ്ണൂരാംപറമ്പിലാണ് ലീഗിൻെറ ഡയറക്ടർ.

—മുട്ടുചിറ ഫൊറോനപ്പള്ളി ഇടവകയിൽപ്പെട്ട വിളയൻകോട്ട നിവാസികളുടെ ശ്രമഫലമായി ഫാത്തിമാനാഥയുടെ നാമത്തിൽ പണികഴിച്ചിരിക്കുന്ന സൺഡേസ്കൂളിൻെറ വെഞ്ചരിപ്പും പ്രതിഷ്ഠയും പെ. ബ. മുരിക്കൻ തോമാച്ചൻെറ പ്രധാന കാർമ്മികത്വത്തിൽ ജൂലൈ 15-ാംനു- നടന്നിരിക്കുന്നു. തദനന്തരം സൺഡേസ്കൂൾഹാളിൽ പള്ളിക്കുഴിയിൽ ബ. പത്രോസച്ചൻ ദിവ്യപൂജയർപ്പിക്കുകയും ചെയ്തു.

—എറണാകുളം സെൻറ തെരേസാസ് ആശ്രമദേവാലയത്തിൽ കർമ്മലനാഥയുടെ തിരുനാൾ പ്രമാണിച്ച് വിജയപുരം മെത്രാൻ മൊറാററ് റവ. ഡോക്ടർ ബെൻസിഗർ അഭിവന്ദ്യ പിതാവ് പൊന്തിഫിക്കൽ കുർബാന അർപ്പിച്ചിരിക്കുന്നു. റവ. ഫാ. മാത്യു കുഴിക്കരി തിരുനാൾപ്രസംഗം നിർവ്വഹിച്ചു. വൈകുന്നേരം കർമ്മലീത്താ മൂന്നാംസഭയുടെ ആഭിമുഖ്യത്തിൽ സെൻറ് ആൽബർട്ട്സ് ഹൈസ്കൂൾഹാളിൽ സമ്മേളിച്ച പൊതുയോഗത്തിൽ കർമ്മലീത്താ കന്യാസ്ത്രീ പ്രൊവിൻഷ്യൽ വെരി റവ. ഫാ. എലിസേയൂസ് അദ്ധ്യക്ഷത വഹിക്കുകയും ശ്രീമതി കെ. ജെ. ട്രീസാ ബി. എ, ശ്രീ ഇ. പി. വറുഗീസ് എം. എ ബി. എൽ., ശ്രീ വി. എ. ജോസഫ് ബി. എ. ബി. എൽ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—അരുവിത്തുറ പള്ളിയുടെ അടുത്തുള്ള ആ മലയെ "മാർ തോമാഗിരി" എന്നു നാമകരണം ചെയ്യുകയും, കിഴക്കൻ മലകളും പടിഞ്ഞാറൻ കായലുകളും ഒരുപോലെ കാണാവുന്ന പ്രകൃതിരമണീയമായ ഈ മലയിൽ തോമാശ്ലീഹായുടെ കേരളപ്രവേശത്തിൻെറ 19-ാം ശതവത്സരാഘോഷസ്മാരകമായി ഒരു പൂർണ്ണകായ പ്രതിമയും വലിയ ഒരു കുരിശും സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

## കേരളത്തിലെ തിരുവിതാംകൂർ-കൊച്ചി വാർത്തകൾ

കപ്പ, മധുരക്കിഴങ്ങ് ഇവ സംബന്ധിച്ച് ഗവേഷണങ്ങൾ നടത്തുന്നതിനായി തിരു-കൊച്ചി ഗവമെൻറിൻെറ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ഒരു കേന്ദ്രം സ്ഥാപിക്കുവാൻ ഇൻഡ്യാ ഗവമെൻറ് അനുമതി നല്കിയിരിക്കുന്നു. ഇതിനാവശ്യമായ ചെലവിൽ പകുതി കേന്ദ്രഗവമെൻറ് വഹിക്കുന്നതാണ്.

—ഒരേക്കർ ഭൂമിയിൽനിന്ന് 25 ടൺ കപ്പ ലഭിക്കുന്ന ഒരു തരം കപ്പകൊള്ളി തിരു-കൊച്ചി ഗവേഷണകേന്ദ്രത്തിൽ നടത്തിയ പരീക്ഷണങ്ങളുടെ ഫലമായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.

—കൊച്ചി പ്രദേശത്തെ പരാജിതരായ വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ഒക്ടോബർ 16-ാംനു- മുതൽ എസ്. എസ്. എൽ. സി. പരീക്ഷ നടത്തുന്നതാണെന്ന് ഗവമെൻറ് വിജ്ഞാപനം ചെയ്തിരിക്കുന്നു. കഴിഞ്ഞ മാർച്ച് പരീക്ഷയ്ക്കു നിശ്ചയിച്ചിരുന്ന പുസ്തകങ്ങളും പാഠങ്ങളുംതന്നെ ഈ പരീക്ഷയ്ക്കും ഉണ്ടായിരിക്കുന്നതാണ്. പരീക്ഷയ്ക്കു ചേരുവാനുദ്ദേശിക്കുന്നവർ ആഗസ്റ്റ് 1-ാംനു-ക്കു മുമ്പായി തിരുവനന്തപുരത്ത് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള പരീക്ഷകബോർഡിൻെറ സെക്രട്ടറിയുടെ പേർക്ക് അപേക്ഷിക്കേണ്ടതാണ്. ഫീസ് കോഴ്സിനു 12 ക. യും സപ്ലിമെൻററിയായി ചേരുന്നവർക്ക് ഓരോ വിഷയത്തിനു 3 ക. യും വീതമാണ് പരീക്ഷാഫീസ്. വൈകി അയക്കുന്ന അപേക്ഷകൾ. 1 ക. പിഴയടക്കുന്നപക്ഷം ആഗസ്റ്റ് 7-ാംനു- വരെ സ്വീകരിക്കുന്നതാണ്. തിരുവിതാംകൂറിലെ ഇ. എസ്. എൽ. സി. പരീക്ഷയും ഒക്ടോബർ 16-ാംനു- മുതൽ നടത്തപ്പെടുന്നതായിരിക്കും.

—ശ്രീ പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടി ജൂലൈ 13-ാംനു- ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ ലയിച്ചിരിക്കുന്നു.

—സ്വാതന്ത്ര്യദിനാഘോഷം പ്രമാണിച്ച് ആഗസ്റ്റ് 15-ാംനു- ഒരു പൊതു ഒഴിവുദിനമായി ഗവമെൻറ് പ്രഖ്യാപിച്ചിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

ഇൻഡ്യൻ പാർലിമെൻറിൻെറ അടുത്ത സമ്മേളനം ജൂലൈ 31-ാംനു- മുതൽ ആഗസ്റ്റ് 11-ാംനു-വരെ കൂടുന്നതാണ്. കൊറിയൻസമരം സംബന്ധിച്ച് ഇൻഡ്യ അവലംബിക്കുന്ന നയത്തെപ്പററിയും മററ് അന്തർദ്ദേശീയസ്ഥിതിഗതികളെപ്പററിയും തദവസരത്തിൽ ചർച്ചചെയ്യുന്നതാണെന്നറിയുന്നു.

—അഭയാർത്ഥികളായ വിദ്യാർത്ഥികൾക്ക് ധനസഹായം നല്കുന്നതിന് ഒരു പുതിയ ശ്രീസമ്പ്രദായം ഇൻഡ്യാ ഗവമെൻറ് തയാറാക്കിയിരിക്കുന്നു. ഇതനുസരിച്ച് വിദ്യാർത്ഥികൾക്കു കടമായി നല്കുന്ന സമ്പ്രദായം നിർത്തലാക്കി പകരം സ്റ്റൈപ്പൻഡ് നല്കുന്നതാണ്.

—അഖിലേന്ത്യാ സോഷ്യലിസ്റ്റ് പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മററി ചെയർമാനായി ആചാര്യനരേന്ദ്രദേവും ജനറൽ സെക്രട്ടറിയായി ശ്രീ അശോകമേത്തയും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—ഇൻഡ്യൻ നാഷനൽ കോൺഗ്രസിൻെറ വാർഷികസമ്മേളനം അടുത്ത സെപ്തംബർ 12, 13 എന്നീ തീയതികളിൽ നാസിക്കിൽവച്ച് നടത്തപ്പെടുന്നതാണ്. കോൺഗ്രസ് പ്രസിഡണ്ടിൻെറ തിരഞ്ഞെടുപ്പ് ആഗസ്റ്റ് 26-ാം തീയതി നടത്തപ്പെടുന്നതായിരിക്കും.

—ഇക്കൊല്ലം മുതൽ ആറാംഫോറത്തിൽ അദ്ധ്യാപനപരിശീലനം പഠനവിഷയങ്ങളിലൊന്നാക്കാൻ ബോംബെ ഗവമെൻറ് തീരുമാനിച്ചിരിക്കുന്നു. അദ്ധ്യാപനപരിശീലനം ഐച്ഛികവിഷയമായെടുക്കുന്നവർക്ക് സ്റ്റൈപ്പൻഡ് നല്കുന്നതാണ്. ഈ വിദ്യാർത്ഥികൾ എസ്. എസ്. എൽ. സി. പരീക്ഷ പാസായാൽ അദ്ധ്യാപകന്മാരാകുവാൻ ഒരുകൊല്ലത്തെ ട്രെയിനിംഗ് മാത്രം മതിയായിരിക്കും.

—ശ്രീ രാജഗോപാലാചാരി ജൂലൈ 15-ാംനു- സത്യപ്രതിജ്ഞചെയ്തു മന്ത്രിപദം സ്വീകരിച്ചിരിക്കുന്നു. പ്രത്യേക വകുപ്പില്ലാത്ത ഒരു മന്ത്രിയായി അദ്ദേഹം തുടരുന്നതാണെന്നറിയുന്നു.

—ന്യൂഡൽഹിയിൽനിന്നു ജൂലൈ 17-ാംനു- ശ്രീനഗറിലേക്കു പറന്നുകൊണ്ടിരുന്ന ഒരു യാത്രാവിമാനം മാർഗ്ഗമദ്ധ്യേ നിലംപതിക്കുകയാൽ അതിലുണ്ടായിരുന്ന 18 യാത്രക്കാരും 4 ജോലിക്കാരും മൃതിയടഞ്ഞിരിക്കുന്നു.

## വിദേശവാർത്തകൾ

കൊറിയയിലെ കത്തോലിക്കാമിഷനറിമാർ തങ്ങളുടെ സേവനരംഗങ്ങളിൽത്തന്നെ തുടരുവാൻ മാർപ്പാപ്പാതിരുമേനി ആജ്ഞാപിച്ചിരിക്കുന്നു.

—പരിശുദ്ധപിതാവു 12-ാം പീയൂസ് തിരുമനസ്സിലെ ജീവചരിത്രത്തെ ആധാരമാക്കി "ദി സ്റ്റോറി ഓഫ് ദി പോപ്പ്" എന്ന പേരിൽ ഒരു ചലച്ചിത്രം നിർമ്മിതമായിരിക്കുന്നു. ഇതിൻെറ പ്രദർശനം കർദ്ദിനാൾ സ്പെൽമാൻ തിരുമേനിയും വിശദീകരണങ്ങൾ മോൺ ഫൾട്ടൺ ഷീനുമാണു നിർവ്വഹിച്ചിരിക്കുന്നത്.

—കൊറിയൻ പ്രശ്നത്തിനു സെക്യൂരിറി കൗൺസിലിൽ മുഖേന കഴിയുന്നതും വേഗം സമാധാനം കണ്ടെത്തുന്നതിനു ചില നിർദ്ദേശങ്ങൾ നല്കിക്കൊണ്ട് ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു റഷ്യയിൽ മാർഷൽ സ്റ്റാലിനും അമേരിക്കയിൽ പ്രസിഡണ്ട് ട്രൂമനും ഓരോ സന്ദേശങ്ങൾ അയച്ചിരിക്കുന്നതായും മാർഷൽ സ്റ്റാലിൻ പ്രസ്തുതനിർദ്ദേശങ്ങൾ സ്വീകരിക്കുന്നെന്നു നെഹ്റുവിനു മറുപടിനല്കിയിരിക്കുന്നതായും റിപ്പോർട്ടുകളിൽ കാണുന്നു.

—ദക്ഷിണകൊറിയൻ ആസ്ഥാനമായ ടെയ്ജോണിനു പടിഞ്ഞാറുള്ള കുംനദിയുടെ തെക്ക് ഉഗ്രമായ സമരം നടന്നുകൊണ്ടിരിക്കുന്നു. ടെയ്ജോണിൻെറ നേരെ ഇരമ്പിക്കയറുന്ന കമ്മ്യൂണിസ്റ്റുസേനയെ അമേരിക്കൻ സൈന്യങ്ങൾ സമർത്ഥമായി തടുത്തുനിറുത്തിക്കൊണ്ടാണിരിക്കുന്നതെങ്കിലും ടെയ്ജോൺ അമേരിക്കയ്ക്കു നഷ്ടപ്പെട്ടേക്കാനിടയുണ്ടെന്നു നിരീക്ഷകന്മാർ അഭിപ്രായപ്പെടുന്നു.

## SCHOOL BOOKS

*Suited to the Unified Syllabi of 1950—'51*

| | | | | |
|---|---|---|---|---|
| I. | ലോകചരിത്രവിജ്ഞാനം | | | |
| | 1 Vol I for IV Form | 1 | 0 | 0 |
| | 2 Vol II for V Form | 1 | 0 | 0 |
| | 3 Vol III (for Trav. E. S. L. C.) | 1 | 4 | 0 |
| II. | ഇൻഡ്യാചരിത്രവിജ്ഞാനം | | | |
| | 1 Vol I for IV Form | 1 | 4 | 0 |
| | 2 Vol II for V Form | 1 | 8 | 0 |
| | 3 Vol III (for Trav. E. S. L. C.) | 1 | 4 | 0 |
| III. | പൌരധർമ്മപ്രവേശിക | | | |
| | 1 Vol I for IV Form | 0 | 6 | 0 |
| | 2 Vol II for V Form | 0 | 6 | 0 |
| | 3 Vol III (for Trav. E. S. L. C.) | 0 | 6 | 0 |
| IV. | *A Hand Book of English Grammar & Composition* | 1 | 0 | 0 |
| V | *Middle School Civics* for I, II & III Forms | 0 | 8 | 0 |
| VI | *Civics for V Class* | 0 | 4 | 0 |

Decent discount to wholesale purchasers

Apply to :— K. E. JOB, M. A. L. T.
*Changanacherry*

## നിര്യാതനായി

ആരക്കുഴ ഇടവക കളപ്പുരയ്ക്കൽ ബ. മാണിയച്ചൻെറ പിതാവ് ശ്രീ ഉലഹന്നാൻ കളപ്പുരയ്ക്കൽ ജൂലൈ 16-ാംനു- നിര്യാതനായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം എറണാകുളം അതിരൂപതാ വികാരിജനറാൾ മൊററ് റവ.



മോൺ. മാത്യു പോത്തനാമുഴി അവർകളുടെ പ്രധാന കാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് മേനാച്ചേരി ബി. എ. ചരമപ്രസംഗം നടത്തി.

R. I. P.

## അനുശോചനയോഗം

അഡ്വക്കേററ് ശ്രീ മാത്യു പി. ചുളയ്ക്കൽ അവർകളുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനായി ഒരു പൌരമഹായോഗം എറണാകുളം സെൻറ് ആൽബർട്ട്സ് കോളെജ് ഹാളിൽവച്ച് ജൂലൈ 12-ാം തീയതി ശ്രീ മണ്ണത്താഴത്തു നാരായണമേനോൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീ പി. കെ കുട്ടിസാഹിബ്, ശ്രീ ജ. ഭാസ്കരമേനോൻ, ശ്രീ പി. വി കുര്യൻ, ശ്രീ കെ. എ. പോൾ എന്നിവർ പരേതൻെറ ഗുണഗണങ്ങളെ പ്രശംസിച്ച് പ്രസംഗങ്ങൾ നടത്തി. അനുശോചനപ്രമേയം ശ്രീ കെ. പി. പത്രോസ് ബി. എ ബി എൽ. അവതരിപ്പിച്ചു. പരേതൻെറ ഒരു സ്മാരകം ഏർപ്പെടുത്തുന്നതിലേക്ക് ശ്രീ എം. നാരായണമേനോൻ അദ്ധ്യക്ഷനായുള്ള ഒരു കമ്മിററിയെ നിയമിച്ചുകൊണ്ട് യോഗം പിരിയുകയും ചെയ്തു.

## പ്രാർത്ഥന *

(വിദ്വാൻ ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി)

"ശരീധരൻ" എന്ന ചിത്രത്തിലെ—"അഴകേറും ജീവിതം" എ. മ.

കനിവേലും നായികേ!—പാഹി, പാഹിമാം
വനോദധി! മേരിയ ബീകേ!—ദിവ്യസൂനമേ.........(കനി)

1 നന്മനിറഞ്ഞിടുന്നോരെൻ കന്യകാമണി!
ഇന്നലിവോടെയകണ, മംഗളങ്ങൾമേ
ഇതളെങ്ങൾ താൻ തന്നിൽനിന്നു നീങ്ങി മേ
ഗുണമോളാൻ വിണ്ണിൻ താരമേ! കാത്തിടണമേ.........(കനി)

2 രക്ഷകമാതേ! നിർമ്മലേ! സത്കൃപാകരി!
വാനവർക്കൂടി വാഴ്ത്തിടും വാനരവേശ്വരി!
അഹമമ്മേ!യെന്നാളും ശോകമെന്നിയേ
ഭുവിതന്നിൽ മേവാനേകണേ, നൽവരങ്ങൾമേ.........(കനി)

3 ദിവ്യജനനീകന്ധരമേ! ക്ഷേമദായിനി!
മഞ്ജുളമാകും വിണ്ണതിൻ പൊൽക്കവാടമേ!
ശുഭമേനം സാദരമേ പാലകാംബനി,
അനുകൂലം തായേ!യെന്നുമേ ലോകനായികേ!.........(കനി)

* (പകർപ്പവകാശം)

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ അംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# ഉത്തരീയം ധരിക്കണം

പ്രിയകുഞ്ഞുങ്ങളേ,

കർമ്മലമാതാവിനെക്കുറിച്ച് എഴുതിയിരുന്ന കഴിഞ്ഞ ലേഖനം കുഞ്ഞുമക്കളെല്ലാവരും വായിച്ചിരിക്കുമെന്ന് വല്യച്ചൻ വിശ്വസിക്കുന്നു. കർമ്മലമാതാവിന്റെ തിരുനാളായിരുന്ന കഴിഞ്ഞ ഞായറാഴ്ച നിങ്ങളെല്ലാവരും കുമ്പസാരിച്ചു പരി. കുർബാന സ്വീകരിച്ചിട്ടുണ്ടെന്നും വല്യച്ചൻ കരുതുന്നു. ഉത്തരീയസഭയിൽ പ്രവേശിച്ചിട്ടില്ലാതിരുന്നവരെല്ലാം അന്ന് അതിൽ പ്രവേശിച്ചിരിക്കുമല്ലോ. ഉത്തരീയസഭയിൽ പ്രവേശിക്കുന്നവർക്ക്, അതായത് വെന്തിങ്ങ ഏൽക്കുന്നവർക്ക്, ചില കടമകളെല്ലാമുണ്ട്. അതിൽ ഒന്നാണ് എല്ലായ്പോഴും അതു ധരിച്ചിരിക്കണമെന്നുള്ളത്. ഇതു സംബന്ധിച്ച് ചിലതെല്ലാംകൂടി ഇത്തവണ പറയാം.

പ്രിയകുഞ്ഞുങ്ങളേ, രോമത്തുണികൊണ്ടുണ്ടാക്കപ്പെട്ട വെന്തിങ്ങ, അല്ലെങ്കിൽ ആശീർവ്വദിക്കപ്പെട്ട കാശുരൂപമെങ്കിലും, എല്ലായ്പോഴും ധരിച്ചുകൊണ്ടു നടക്കുന്നതിൽ നിങ്ങൾക്കു താല്പര്യമുണ്ടാകണം. വെന്തിങ്ങ ധരിക്കുന്നതു് പ്രയാസമോ ഭാരമോ ഉള്ള ഒരു കാര്യമല്ല. രാത്രിയും പകലും വെന്തിങ്ങ ധരിച്ചുകൊണ്ടു നടക്കുന്നതിനു് പ്രത്യേകമായി നാം യാതൊന്നും ചെയ്യേണ്ടതുമില്ല. ഇതിനു പുറമെ ഉത്തരീയസഖ്യത്തിൽ ചേർന്നതിനോടുകൂടി ഇതു ധരിച്ചുകൊണ്ടു നടക്കുന്നതിനു് നാം ചുമതലപ്പെട്ടവരാണ്. ഒരു സഖ്യത്തിൽ ചേരുന്നവർ നല്ലവരാണെങ്കിൽ അതിന്റെ കടമകളെല്ലാം ശരിയായി നിർവ്വഹിക്കേണ്ടതാണെന്നു നിങ്ങളെല്ലാവരും സമ്മതിക്കും. ഈ സ്ഥിതിക്കു ഉത്തരീയസഖ്യത്തിൽ ചേർന്നിട്ടുള്ള നിങ്ങൾ ഉത്തരീയം ധരിക്കുന്നതിൽ ഉദാസീനത കാണിക്കാമോ? ഇതു ധരിക്കുന്നതു നമ്മുടെ ഏത്രയും പ്രിയ അമ്മയ്ക്കു് വളരെ ഇഷ്ടമുള്ളതും നമുക്കു വളരെ ഉപകാരമുള്ളതുമാണ്. അതുകൊണ്ട് അക്കാര്യത്തിൽ കുഞ്ഞുമക്കളെല്ലാവരും താല്പര്യമുള്ളവരായിരിക്കണം.

ഉത്തരീയം ധരിക്കുന്നതിൽ നിങ്ങൾ അഭിമാനം കൊള്ളുകയുംചെയ്യേണ്ടതാണ്. അതു ധരിക്കുന്നതു ആക്ഷേപമായി വിചാരിക്കുന്ന ചില പരിഷ്കാരികളെ നിങ്ങൾ കണ്ടെന്നുവരാം. അറിവില്ലായ്മകൊണ്ടോ, വിശ്വാസമില്ലായ്മകൊണ്ടോ, അഹങ്കാരംകൊണ്ടോ ആണ് അവർ ഇങ്ങനെ വിചാരിക്കുന്നതു്. അവരെ നിങ്ങൾ അനുകരിക്കരുതു്. അവരുടെ ഉപദേശങ്ങൾ നിങ്ങൾ സ്വീകരിക്കുകയും ചെയ്യരുതു്. അവർക്കു അടിയുറച്ച വിശ്വാസമില്ല. അജ്ഞാനികളെക്കാളും കമ്മ്യൂണിസ്റ്റുകാരെക്കാളും മററും അറിവു കുറഞ്ഞവരാണ് അവർ എന്നു വേണം വിചാരിക്കുവാൻ. എന്തുകൊണ്ടെന്നാൽ നിങ്ങളിൽ പലരും കണ്ടിരിക്കാം കുറെ കൊല്ലങ്ങളായി ഹിന്ദുക്കൾ ശ്രീകൃഷ്ണന്റെയും അയ്യപ്പന്റെയും മററും രൂപങ്ങൾ പതിച്ചിട്ടുള്ള തകിടുകൾ കഴുത്തിൽ ധരിക്കുന്നതു്. അതുപോലെതന്നെ അരിവാളിന്റെയും ചുററികയുടെയും രൂപങ്ങൾ പതിച്ചിട്ടുള്ള തകിടുകൾ ചില കമ്മ്യൂണിസ്റ്റുകാരും അഭിമാനപൂർവ്വം ധരിച്ചുകൊണ്ടു നടക്കുന്നുണ്ട്. പണ്ടുമുതൽക്കേ കത്തോലിക്കർമാത്രം ചെയ്തുപോന്നിരുന്ന ഒരു സംഗതിയാണ് വെന്തിങ്ങയും കാശുരൂപങ്ങളും കഴുത്തിൽ ധരിക്കുക എന്നതു്. ഹിന്ദുക്കളും മററും നമ്മെ അനുകരിക്കുകമാത്രമാണ് ചെയ്യുന്നതു്. മാത്രമല്ല നമ്മെപ്പോലെ രൂപങ്ങൾ കഴുത്തിൽ ധരിക്കുന്നതു് അഭിമാനമായി അവർ കരുതുകയും ചെയ്യുന്നു. എന്നിട്ടും സത്യവിശ്വാസികളായ നാം, നമ്മുടെ പ്രവൃത്തിക്കു യഥാർത്ഥത്തിൽ സമ്മാനം ലഭിക്കും എന്നു വിശ്വസിക്കുന്ന നാം, നമ്മുടെ സ്വർഗ്ഗീയ അമ്മയുടെയും നമ്മുടെ രക്ഷകനായ ഈശോമിശിഹായുടെയും രൂപങ്ങൾ കഴുത്തിൽ ധരിക്കുന്നതിനു് ലജ്ജയുള്ളവരായിരിക്കുന്നതു ഭോഷത്തമല്ലേ?

ത്രിവർണ്ണപതാക എന്നു പറയുന്നതു് എന്താണെന്നു് കുഞ്ഞുമക്കൾക്കെല്ലാവർക്കും അറിയാമെന്നു് വല്യച്ചൻ വിശ്വസിക്കുന്നു. അതിന്റെ ആകൃതിയിലുള്ള ചെറിയ തുണിക്കഷണങ്ങളും ബാഡ്ജുകളും പല കുട്ടികളും ധരിച്ചുകൊണ്ടു നടക്കുന്നതു് നിങ്ങൾ കണ്ടിരിക്കുമല്ലോ. അവയിൽ ഒരെണ്ണം കൈയിൽ കിട്ടിയാൽ അഭിമാനപൂർവ്വം ധരിച്ചുകൊണ്ടു നടക്കാത്തവരായി നിങ്ങളിൽ ആരുമുണ്ടാകുകയില്ല. ഇതിന്റെ കാരണം എന്താണ്? ത്രിവർണ്ണപതാക നമ്മുടെ മാതൃരാജ്യത്തെ പ്രതിനിധീകരിക്കുന്നു. നമ്മുടെ രാജ്യത്തോടുള്ള സ്നേഹവും ബഹു



മാനവുമാണു പ്രസ്തുതപതാകധരിക്കുന്നതിൽ നമ്മെ അഭിമാനം കൊള്ളിക്കുന്നതു്. ത്രിവർണ്ണപതാകധരിക്കുന്നതിൽ നാം അഭിമാനമുള്ളവരാകേണ്ടതാണ്. എന്നാൽ അതിലും വളരെയധികമായ അഭിമാനത്തോടുകൂടിവേണം വെന്തിങ്ങ ധരിക്കുവാൻ. രണ്ടു കഷണം രോമത്തുണിമാത്രമാണ് അതു് എന്നു വരികിലും അതു് ത്രിലോകരാജ്ഞിയുടെ ദാസന്മാരുടെ സ്ഥാനവസ്ത്രമാണ്. ദൈവത്തിന്റെ അമ്മയുടെ സർവ്വശക്തിയുള്ള സംരക്ഷണം നമുക്കുണ്ടെന്നുള്ളതിനു് സ്പഷ്ടമായ തെളിവാണതു്. ജീവിതകാലത്തും മരണസമയത്തും സകല ആപത്തുകളിൽനിന്നും നമ്മെ രക്ഷിക്കുവാൻ കഴിവുള്ള ഒരു മഹാ ആയുധമാണതു്. ഉത്തരീയം നമുക്കു ലഭിച്ചതിൽപിന്നീട് അതുവഴിയായി ഉണ്ടായിട്ടുള്ള നിരവധി അത്ഭുതങ്ങൾ ഇവയെല്ലാം തെളിവാണ്. ഉത്തരീയം ധരിച്ചിരുന്നവരുടെ നേരെ പാഞ്ഞുവന്ന വെടിയുണ്ട ഉത്തരീയത്തിൽ കൊണ്ടു് ചതഞ്ഞു് നിലത്തു വീഴുകയും ഉത്തരീയംധരിച്ചിരുന്നവർക്കു് യാതൊരു അപകടവും ഉണ്ടാകാതിരിക്കുകയുംചെയ്ത സംഭവങ്ങൾ കുഞ്ഞുമക്കൾ കേട്ടിരിക്കുമല്ലോ. ദൈവദൂഷണംതന്നെ വിളിച്ചുപറഞ്ഞുകൊണ്ടു മരിക്കുവാൻ പോയ പലരും വെന്തിങ്ങ ചുംബിക്കുകയോ കഴുത്തിൽ ധരിക്കുകയോ ചെയ്തതുമൂലം മാനസാന്തരപ്പെട്ടു് നല്ല മരണം പ്രാപിച്ചിട്ടുള്ള സംഭവങ്ങളും കുറവല്ല. ദൈവത്തിന്റെ ശക്തിയാണ് ഇവിടെയെല്ലാം നാം കാണുന്നതു്. അമ്മയുടെ ശക്തി പ്രത്യേകവിധത്തിൽ ഉത്തരീയംവഴി പ്രവഹിക്കുന്നു. ഇതാണ് നാം വിശ്വസിക്കുന്നതു്. ദൈവത്തിൽ നമുക്കു് ശരിയായ വിശ്വാസമുണ്ടെങ്കിൽ ഉത്തരീയം ധരിക്കുന്നതിൽ നമുക്കു ലജ്ജയുണ്ടാകുകയില്ല. അഭിമാനപൂർവ്വം അതു നാം ധരിക്കും. ഇങ്ങനെ അഭിമാനപൂർവ്വം എല്ലായ്പോഴും ഉത്തരീയം ധരിച്ച് മാതാവ് വാഗ്ദാനംചെയ്തിരിക്കുന്ന ഭാഗ്യങ്ങൾക്കു് അർഹരാകുവാൻ കുഞ്ഞുമക്കളെല്ലാവരും പരിശ്രമിക്കുമെന്നു് വല്യച്ചൻ വിശ്വസിക്കുന്നു.

## കത്തിനുമറുപടി

ജോസ് സാംസൺ പി. ബി., തൃശ്ശിനാപ്പള്ളി.

"ഏ. പ്രിയ ബ. വല്യച്ചാ, ഞാൻ ഈ കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ ദൈവാനുഗ്രഹത്താൽ വിജയിയായി, ഈ കോളേജിൽ വന്നു ചേർന്നിരിക്കയാണ്. മലയാളക്കരയിൽപെട്ട വളരെയധികം ബാലന്മാർ ഇവിടെയുണ്ട്. പക്ഷേ, നമ്മുടെ സമിതിയംഗങ്ങളായി ആരുംതന്നെ ഇല്ലെന്നാണ് തോന്നുന്നതു്. അടുത്ത റിക്രൂട്ടുമെന്റിന്റെ അവസരത്തിൽ ഞാൻ ചെറിയ ഒരു പ്രചരണം നടത്തിക്കൊള്ളാം.

സത്യദീപം ഇവിടെയും കിട്ടുന്നതു് വളരെ ആനന്ദകരംതന്നെയാണ്. എല്ലാ മലയാളികളും സത്യദീപം വായിക്കുന്നതിൽ ശ്രദ്ധകാണിക്കുന്നുണ്ട്.

കഴിഞ്ഞലക്കം സത്യദീപത്തിൽ (ലക്കം 41) രണ്ട് പ്രാർത്ഥനാനിയോഗങ്ങൾ കണ്ടു. എന്നാൽ എനിക്കു ഒരു എളിയ അഭിപ്രായമുണ്ട്. ദക്ഷിണോത്തരകൊറിയാ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്ന ഈ സമയത്തു്, അതു് ഒരു ലോകമഹായുദ്ധമായി പരിണമിക്കാനിടയുള്ള ഈ സന്ധിയിൽ, അനിഷ്ടസംഗതികൾക്കിടയാകാതിരിപ്പാനുള്ള ഒരു പ്രാർത്ഥനാനിയോഗംകൂടി വേണമെന്നതാണ് പ്രസ്തുതാഭിപ്രായം.

ഏ. ബ. വല്യച്ചാ, കോളേജുജീവിതം ശുഭാപ്തിയിലെത്താൻ അങ്ങു പ്രാർത്ഥിക്കണേ."

പ്രിയമകനേ, നിനക്കുവേണ്ടിയും യുദ്ധസമാപ്തിക്കുവേണ്ടിയും ബാലസമിതിയംഗങ്ങൾ പ്രാർത്ഥിക്കുന്നതാണ്. മൂന്നാമതൊരു മഹായുദ്ധംകൂടി ഉണ്ടായാൽ ലോകത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആകയാൽ കൊറിയൻയുദ്ധം ലോകമെങ്ങും പടർന്നുപിടിക്കാതെ വേഗത്തിൽ പര്യവസാനിക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നു ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. അതുപോലെതന്നെ, ഇന്നു ലോകസമാധാനത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ്ശക്തികൾ പരാജയപ്പെടുന്നതിനുവേണ്ടിക്കൂടി തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുവിൻ. നമ്മുടെ പരിശുദ്ധ അമ്മയുടെ സഹായംവഴി ഈ അനുഗ്രഹങ്ങൾ നമുക്കു കൈവരുമാറാകട്ടെ.

സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

താഴെ പറയുന്ന രാജ്യങ്ങളുടെ തലസ്ഥാനനഗരികൾ ഏവ?

1) ഗ്രീസ് 2) ഹംഗറി 3) ഇറാൻ 4) ഇസ്രായേൽ 5) ലിബിയ 6) ജപ്പാൻ

ഉത്തരം

1) ആഥൻസ് 2) ബുഡാപെസ്റ്റ് 3) ടെഹറാൻ 4) ടെൽ അവിവ് 5) ട്രിപ്പോളി 6) ടോക്കിയോ.

## 200 പത്രങ്ങൾ ആവശ്യപ്പെടുന്നു

മി. മൈറൺ ടെയ്ലറുടെ പിൻഗാമിയായി വത്തിക്കാനിലേക്കു് ഒരു പ്രതിനിധിയെ അയക്കാൻ അമേരിക്കയിലെ ഇരുനൂറോളം പത്രങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. കമ്മ്യൂണിസത്തെ ചെറുത്തുനില്ക്കുവാൻ കത്തോലിക്കാസഭയ്ക്കു മാത്രമേ കരുത്തുള്ളുവെന്നും, ആകയാൽ സഭാദ്ധ്യക്ഷനുമായി മൈത്രി പാലിക്കുന്നതു അമേരിക്കയുടെ ഉത്തമതാല്പര്യങ്ങൾ പരിരക്ഷിക്കുവാൻ സഹായകമായിരിക്കുമെന്നുമത്രെ പ്രസ്തുത പത്രങ്ങളുടെ അഭിപ്രായം. കമ്മ്യൂണിസത്തിനെതിരായി ഫ്രാൻസ്, ഇററലി, യുഗോസ്ലാവിയ, ആസ്ട്രിയ, ബൽജിയം, സ്പെയിൻ, പോളണ്ട്, ഹംഗറി, ചെക്കോസ്ലോവാക്കിയ എന്നീ രാജ്യങ്ങളിലെല്ലാം രൂപംപ്രാപിച്ചിട്ടുള്ള പ്രതിരോധമുന്നണിയിലെ പ്രമുഖാംഗങ്ങൾ കത്തോലിക്കരാണെന്നു് അവ ചൂണ്ടിക്കാണിക്കയും ചെയ്തിരിക്കുന്നു.

## പാപസങ്കീർത്തനം

(4-ാം പേജ് തുടർച്ച)

ടുത്തു ഉത്തരീപ്പുകടം തീർപ്പാൻ സന്നദ്ധനാകണം; ആരുടെയെങ്കിലും സൽകീർത്തിയെ കളങ്കപ്പെടുത്തിട്ടുണ്ടെങ്കിൽ ആവുംവിധം ആ മാനനഷ്ടം പരിഹരിക്കണം; പാപസാഹചര്യങ്ങളെ അവശ്യം ഉപേക്ഷിക്കണം; ശത്രുക്കളുമായി രമ്യപ്പെടണം. ഏവംവിധം ജീവിതനവീകരണത്തിനും ശുദ്ധീകരണത്തിനും പരമപ്രയോജനപ്രദങ്ങളായ പലതും ചെയ്യണം. ഈദൃശവ്യവസ്ഥകൾ വെറും ഉള്ളിനടുത്ത മനസ്താപപ്രകരണത്തെക്കാൾ പാപം വിട്ടൊഴിയുവാൻ കൂടുതൽ സഹായകമല്ലയോ!

കുമ്പസാരത്തിന്റെ ഉള്ളുകള്ളികളറിയുന്നവരും പരമാർത്ഥഹൃദയരുമായ പല പ്രോട്ടസ്റ്റന്റ് പണ്ഡിതന്മാരും പാപസങ്കീർത്തനംമൂലമുളവാകുന്ന ധാർമ്മികനേട്ടങ്ങളെ പ്രശംസിച്ചെഴുതിട്ടുണ്ട്. പ്രസിദ്ധ ജർമ്മൻ തത്വജ്ഞനായ ലെയിബ്നിസ് സമ്മതിച്ചുപറഞ്ഞിരിക്കുന്നു, ദൈവം അവിടുത്തെ സഭയ്ക്കു പാപവിമോചനാധികാരം പ്രദാനം ചെയ്തതു മനുഷ്യകുലത്തിനു അപാരമായൊരനുഗ്രഹമാണെന്നു്.

വോൾട്ടെയർ ക്രൈസ്തവസഭയോടു അത്ര വലിയ സുഹൃൽഭാവത്തിലായിരുന്നു എന്നു ആരും വാദിക്കയില്ല. അദ്ദേഹം ഈ വിഷയത്തെ പരാമർശിച്ചു പറയുന്നതു്, "കുമ്പസാരത്തെക്കാൾ ഒരു പക്ഷെ കൂടുതൽ പ്രയോജനകരമായ വേറൊരു സ്ഥാപനമില്ലെ"ന്നാണ്. സത്യസഭയുടെ ബദ്ധവൈരിയായിരുന്ന റൂസ്സോപോലും വിസ്മയപരവശനായി പ്രകീർത്തിക്കുന്നു: "എത്രയെത്ര നഷ്ടപരിഹാരങ്ങളും, ഉത്തരീപ്പുകടനിവാരണങ്ങളും പാപസങ്കീർത്തനപ്രസ്ഥാനം കത്തോലിക്കരുടെ ഇടയിൽ ഉളവാക്കിക്കൊണ്ടിരിക്കുന്നില്ല!" പി. കെ.

## "ഞാൻ സ്വർഗ്ഗത്തിലേക്കു പോകുന്നു"

കാൻറൺ സർവ്വകലാശാലയുടെ സ്ഥാപകനായ ഡോക്ടർ ചിയുവാൻ വാംഗ് ഏതാനും ദിവസങ്ങൾക്കുമുമ്പു ന്യൂയോർക്കിൽവച്ചു നിര്യാതനായിരിക്കുന്നു. കത്തോലിക്കനായ ശേഷമാണ് അദ്ദേഹം മൃതിയടഞ്ഞതു്.

"ഞാൻ സുഖം പ്രാപിച്ചിരിക്കുന്നു. ഞാൻ സ്വർഗ്ഗത്തിലേക്കു പോകയാണ്. നിങ്ങൾ എന്നെ അനുകരിക്കണമെന്നാണ് എന്റെ ആഗ്രഹം" എന്നു ഹോംകോംഗിൽ വസിക്കുന്ന സ്വമാർഗ്ഗക്കാരായ ആറു പുത്രന്മാർക്കായി അദ്ദേഹമയച്ച അന്തിമസന്ദേശത്തിൽ പറഞ്ഞിരിക്കുന്നു; തന്റെ മാനസാന്തരത്തെ ഉദ്ദേശിച്ചാണു "ഞാൻ സുഖംപ്രാപിച്ചിരിക്കുന്നു" എന്നദ്ദേഹം എഴുതിയിരിക്കുന്നതു്.

മരിക്കുമ്പോൾ ഡോക്ടർ വാംഗിനു 56 വയസ്സു പ്രായമുണ്ടായിരുന്നു. അമേരിക്കൻ ഐക്യനാടുകൾ സന്ദർശിച്ച അവസരത്തിലത്രെ അദ്ദേഹം രോഗബാധിതനായതു്.

ഡോക്ടർ വാംഗ് ദീർഘനാൾ കാൻറൺ സർവ്വകലാശാലയുടെ പ്രസിഡന്റായിരുന്നതിനുപുറമെ ഉത്തരവാദിത്വമേറിയ മററനേകം ഉദ്യോഗങ്ങളും വഹിച്ചിട്ടുണ്ട്. ചൈനീസ് ഭരണഘടനയുടെ നിർമ്മാതാക്കളിലൊരാളും ചൈനീസ് നാഷനൽ അസംബ്ലിയുടെ അംഗവുമായിരുന്നു അദ്ദേഹം. ചൈനീസു ഭാഷയിലും ഇംഗ്ലീഷുഭാഷയിലുമുള്ള പല പത്രമാസികകളും അദ്ദേഹത്തിന്റെ ഉടമസ്ഥതയിലും പത്രാധിപത്യത്തിലും സമാരംഭിച്ചവയാണ്. ചൈനീസു കമ്മ്യൂണിസ്റ്റുകാർ ഡോക്ടർ വാംഗിനെ യുദ്ധപാതകികളുടെ പട്ടികയിൽ പെടുത്തുകയാൽ ഉദ്ദേശം ആറുമാസം അദ്ദേഹം അമേരിക്കൻ ഐക്യനാടുകളിൽ ചെലവഴിക്കയുണ്ടായി.

---

The absence of scruple with which incontestable private rights are violated today, not only by the particular systems of some people but also by international conventions and unilateral interventions, is such as to alarm all leaders of our civilization.—Pope Pius XII.

വിജ്ഞാനവീഥി

# ഇൻഡ്യയിലെ ജനപ്പെരുപ്പം

## ഒരു താരതമ്യപഠനം

ഇൻഡ്യയിൽ ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുകയാണെന്നുള്ള മുറവിളി കുറെക്കാലങ്ങളായി അനുസ്യൂതം മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. മറ്റേതു രാജ്യത്തിലെക്കാളും ഇൻഡ്യയിലെ ജനസംഖ്യ ശീഘ്രഗതിയിൽ വർദ്ധിക്കുകയാണെന്നാണ് പ്രസ്താവിക്കപ്പെടുന്നത്. എന്നാൽ വിദഗ്ദ്ധന്മാരായ സ്ഥിതിവിവരക്കണക്കുകാരുടെ (Statisticians) കണക്കുകൊണ്ടു കാണുന്നത് 1881-നും 1931-നും ഇടയ്ക്കുള്ള 50 കൊല്ലങ്ങളിൽ ഇൻഡ്യയിലെ ജനസംഖ്യ മറ്റു പല രാജ്യങ്ങളിലെയുംകാൾ വളരെ താഴ്ന്ന തോതിലാണ് വർദ്ധിച്ചിട്ടുള്ളതെന്നാണ്. താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽനിന്ന് ഈ വസ്തുത പ്രത്യക്ഷപ്പെടും.

ജനസംഖ്യാവർദ്ധനവ്

| രാജ്യം | ശതമാനം |
|---|---|
| ആസ്ട്രേലിയ | 166 |
| ഇംഗ്ലണ്ടും വെയിൽസും | 50 |
| ജപ്പാൻ | 72 |
| ന്യൂസീലൻറ് | 172 |
| [illegible] | 283 |
| യുണൈറ്റഡ് സ്റ്റേറ്റ്സ് | 186 |
| ഇൻഡ്യ | 36 |

കുക്സിൻസ്കി (Kuczynski) എന്ന സ്ഥിതിവിവരക്കണക്കു വിദഗ്ദ്ധൻറെ അന്വേഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് ഈ പട്ടിക. മറ്റൊരു വിദഗ്ദ്ധനായ പ്രൊഫസർ കാർ-സാൺഡേഴ്സ് (Carr Saunders) പറയുന്നു, "വെള്ളക്കാരായ ജനങ്ങളുടെ ജനസംഖ്യാവർദ്ധനവ് താരതമ്യേന വളരെ കൂടുതലാണെന്ന്." ഈ വസ്തുത താഴെ കാണുന്ന ദീർഘകാലത്തെ കണക്കുകളിൽനിന്നു തെളിയുന്നുണ്ട്.

(ലക്ഷക്കണക്കിൽ)

| കൊല്ലം | ബ്രിട്ടൺ | ഇൻഡ്യ |
|---|---|---|
| 1600 | 50 | 1000 |
| 1801 | 88 | 1850 |
| 1881 | 259 | 2538 |
| 1931 | 399 | 35.8 |
| 1941 | 410 | 3880 |

ഈ കണക്കിൽനിന്നു കാണുന്നത് 1600-ാം വർഷംമുതൽ ബ്രിട്ടനിൽ ജനസംഖ്യ 8 ഇരട്ടിയിലധികം വർദ്ധിച്ചപ്പോൾ ഇൻഡ്യയിൽ 4 ഇരട്ടിയിൽ കുറവായിട്ടേ വർദ്ധിച്ചുള്ളുവെന്നാണല്ലോ. ആകയാൽ ഇൻഡ്യയിലെ ജനസംഖ്യ മറ്റേതു രാജ്യത്തിലെക്കാളും കൂടുതലായിട്ടാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നതെന്നു തോന്നത്തക്കവണ്ണം ചില തല്പരകക്ഷികൾ മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നതിൽ യാതൊരു യാഥാർത്ഥ്യവുമില്ലതന്നെ. ഇക്കൂട്ടർ ഇൻഡ്യയിലെ ജനസംഖ്യാവർദ്ധനവിൻറെ കണക്കുമാത്രമാണ് എടുത്തു കാണിക്കാറുള്ളത്. ആ കണക്കു കണ്ടാൽ ആരും ഭ്രമിച്ചുപോകുമെന്നുള്ളതിനു സംശയമില്ല. താഴെക്കാണുന്ന പട്ടികയിൽനിന്ന് ഇതു ബോധ്യമാകും.

ഇൻഡ്യയിലെ ജനസംഖ്യ
(മില്യൺ കണക്കിൽ)
(ഒരു മില്യൺ 10 ലക്ഷമാണല്ലോ)

| കൊല്ലം | മില്യൺ | ശതമാനം |
|---|---|---|
| 1881 | 254 | |
| 1891 | 287 | 12.9 |
| 1901 | 294 | 2.4 |
| 1911 | 315 | 7 1 |
| 1921 | 319 | 1 3 |
| 1931 | 352 | 10 3 |
| 1941 | 389 | 10 6 |

ഈ കണക്കു കണ്ടാൽ ഇൻഡ്യയിലെ ജനസംഖ്യാവർദ്ധനവ് ഭയാനകമായിത്തോന്നുമെങ്കിലും മറ്റു പല രാജ്യങ്ങളിലെയും വർദ്ധനവിനോടു താരതമ്യം ചെയ്യുമ്പോൾ ഇൻഡ്യയിലെ ശതമാനം വളരെ വളരെ കുറവാണെന്നു ആദ്യം കൊടുത്തിട്ടുള്ള പട്ടികയിൽനിന്നു വ്യക്തമാണല്ലോ.

### ഇൻഡ്യയിലെ ഭക്ഷ്യദാരിദ്ര്യം

ചൈന ഒഴിച്ചാൽ ലോകത്തിലെ ഏറ്റവുമധികം ദാരിദ്ര്യമുള്ള രാജ്യം ഇൻഡ്യയാണെന്നാണ് പറയപ്പെടുന്നത്. ഇൻഡ്യയിലെ ആകമാനമുള്ള ആദായം ശരാശരി വീതിക്കുന്നപക്ഷം ഒരാളുടെ വീതം 70 രൂപയും 90 രൂപയും മദ്ധ്യേയായിരിക്കുമത്രെ. എന്നാൽ യുണൈറ്റഡ് സ്റ്റേറ്റ്സിൽ ഒരാൾക്ക് 2500 രൂപയും, ഇംഗ്ലണ്ടിൽ ഒരാൾക്ക് 1400 രൂപയും ആണെന്നു കാണുന്നു. ഇൻഡ്യയിൽ ഭക്ഷ്യവിഭവങ്ങളുടെ ദൗർലഭ്യം ഭയാനകമാണ്. സർ ജോൺ മിഗാവ് (Megaw) നൽകിയിട്ടുള്ള കണക്കനുസരിച്ചു ഇൻഡ്യയിൽ 39 ശതമാനം ആളുകൾക്കു നല്ല പോഷണം ലഭിക്കുന്നു; 41 ശതമാനത്തിനു മോശമായ പോഷണം ലഭിക്കുന്നു; 20 ശതമാനത്തിനു വളരെ വളരെ മോശമായ പോഷണമാണു ലഭിക്കുന്നത്. ഏകദേശം 10 ശതമാനം പട്ടിണിയുടെ വക്കിലാണ് കഴിഞ്ഞുകൂടുന്നത്. ഭക്ഷണംവഴി മനുഷ്യശരീരത്തിനു ലഭിക്കേണ്ട ചൂട് കണക്കാക്കുന്നത് "കലോറി" (Calori) അനുസരിച്ചാണ്. ഇൻഡ്യക്കാരുടെ കാര്യത്തിൽ 320 ബില്യൺ കലോറിയാണ് ആവശ്യമുള്ളത്. എന്നാൽ വാസ്തവത്തിൽ ലഭിക്കുന്നത് 280 ബില്യൺ കലോറിയാണ്. (ഒരു ബില്യൻ 1000 മില്യൻ ആണ്.) 1913-നും 1914-നും മദ്ധ്യത്തിലും, 1935-നും 1936-നും മദ്ധ്യത്തിലും ജനസംഖ്യ 1 ശതമാനം വർദ്ധിച്ചപ്പോൾ ഭക്ഷ്യവിഭവങ്ങൾ 0.65 ശതമാനംമാത്രമേ വർദ്ധിച്ചുള്ളു.

കഴിഞ്ഞ ലോകമഹായുദ്ധംതൊട്ടു വിദേശങ്ങളിൽനിന്നുള്ള ഭക്ഷ്യവിഭവങ്ങളുടെ ഇറക്കുമതി സംഭ്രമജനകമാംവിധം അധികമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1943-ൽ 2,18,686 ടൺ ഇറക്കുമതി ചെയ്തു; 1944-ൽ അത് 6,53,000 ആയി വർദ്ധിച്ചു; 1945-ൽ ഇറക്കുമതി 8,56,726 ആയി; 1946-ൽ 2,500,000 ടൺ ഇറക്കുമതി ചെയ്തു. അതിനു കൊടുത്ത വില 77 കോടി രൂപയാണ്. 1947-ൽ ഈ സംഖ്യ ഏകദേശം 100 കോടിയായി വർദ്ധിച്ചു. ഒരു കൊല്ലത്തേക്ക് (1946) വില കൊടുത്ത ഈ രൂപ അടുപ്പിച്ചടുപ്പിച്ചു നിരത്തിവച്ചാൽ ഭൂമിയെ 5 പ്രാവശ്യം വലയം ചെയ്യുവാൻ മതിയാകുമത്രെ!

### പ്രതിവിധിയെന്താണ്?

ഇൻഡ്യയിലെ ജനസംഖ്യാവർദ്ധനവും ഒരു വശത്തും, ഭക്ഷ്യവിഭവങ്ങളുടെ ദൗർലഭ്യം മറ്റൊരുവശത്തും വച്ചാലോചിക്കുമ്പോൾ ഭാവി ഏറ്റവും ഭയാനകമായി തോന്നാതിരിക്കയില്ല. ഇതിനുള്ള പ്രതിവിധിയെന്താണെന്നാണ് പ്രശ്നം. ചെരുപ്പും തലയും തമ്മിലും, ചെരുപ്പും പാദവും തമ്മിലും ചേരാത്തതിനുള്ള പ്രതിവിധി തലയിലെ മുടി ക്ഷൗരം ചെയ്തുകളയുന്നതും പാദത്തിലെ വിരലുകൾ മുറിച്ചുകളയുന്നതുമാണെന്നു നിർദ്ദേശിക്കുന്നകൂട്ടർ അത്തരം പ്രതിവിധി പ്രസ്തുതപ്രശ്നത്തിനും നിർദ്ദേശിക്കുന്നു. ജനനനിരോധനമാണ് ആ നിർദ്ദേശം. കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ വിമർശിച്ച ലേഖകൻ അതിലും മുന്നോട്ടുകടന്നു "തീരാവ്യാധി പിടിപെട്ടവരെയും മറ്റും ശസ്ത്രക്രിയകൊണ്ടോ മറ്റോ സന്താനോല്പാദനശക്തി ഇല്ലാത്തവരാക്കിത്തീർക്കണം; ഗർഭസ്ഥരായ ശിശുക്കളെ നശിപ്പിക്കുന്നതു കുറ്റമല്ലാതാക്കണം" എന്നു പ്രതിവിധി നിർദ്ദേശിക്കുവാൻ മടിക്കുന്നില്ല. എന്നാൽ സന്മാർഗ്ഗബോധമുള്ളവരും അതേസമയംതന്നെ ലോകത്തിൻറെ പൊതുവിലും ഇൻഡ്യയുടെ പ്രത്യേകിച്ചും കാർഷികവ്യവസായ കഴിവുകളെയും അവയെ പ്രയോജനപ്പെടുത്താവുന്ന മാർഗ്ഗങ്ങളെയും കുറിച്ചു വിദഗ്ദ്ധജ്ഞാനം സമ്പാദിച്ചിട്ടുള്ളവരും നൽകുന്ന നിർദ്ദേശം ഒന്നു വേറെയാണ്. അതിനെപ്പറ്റി വഴിയേ പ്രസ്താവിച്ചുകൊള്ളാം. അവരിൽ പ്രമുഖനായ ഒരാളുടെ വാക്കുകളുദ്ധരിച്ച് ഈ ലേഖനം സമാപിക്കുന്നു.

സർ ജോൺ ബോയ്ഡ് ഓർ

ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള "ഭക്ഷ്യവും കൃഷിയും സംഘടന"യുടെ ആദ്യത്തെ ഡയറക്ടർ ജനറലാണ് ഇദ്ദേഹം. 1949 ഒക്ടോബർ 14-ാംനു "നോബൽ പീസ് പ്രൈസ്" എന്ന പ്രസിദ്ധമായ സമ്മാനത്തിനു ഇദ്ദേഹം അർഹനായി. 10 000 പവനാണ് സമ്മാനമായി ലഭിച്ചത്. പ്രസ്തുത ഉദ്യോഗത്തിൽനിന്നു റിട്ടയർചെയ്യുന്ന അവസരത്തിൽ, 1949 ഒക്ടോബർ 19-ാംനു, ലണ്ടനിൽവച്ച് ഇദ്ദേഹം പ്രസ്താവിച്ചതിപ്രകാരമാണ്:—

"ഇൻഡ്യയിലെ ജനസംഖ്യയുടെ വർദ്ധനവനുസരിച്ചു ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നാണ് എൻറെ വിശ്വാസം."

ഇദ്ദേഹംതന്നെ സ്കോട്ട്ലൻറിൽ [illegible] അസോസിയേഷൻറെയും ലേബർ പീസ് ലീഗിൻറെയും സംയുക്തസമ്മേളനത്തിൽവച്ചു 1949 ഒക്ടോബർ 14-ാംനു പറഞ്ഞതും ശ്രദ്ധേയമാണ്:

"ഇന്ത്യക്കു 10 കൊല്ലംകൊണ്ട് ഉദ്ദിഷ്ടമായ ഉയർന്ന ജീവിതത്തോതിൽ എത്താൻ കഴിയും."

അസന്മാർഗ്ഗികളായ ജനനനിരോധികളുടെയും മറ്റും നിർദ്ദേശമെവിടെ, സാമ്പത്തികവിദഗ്ദ്ധന്മാരുടെ നിർദ്ദേശമെവിടെ!

——

## മാർപ്പാപ്പാ

### ഗ്രീഷ്മകാലവസതിയിൽ

മാർപ്പാപ്പാ തിരുമേനി ഈ മാസം കാസ്റ്റൽ ഗൊൺഡോൾഫോയിലെ ഗ്രീഷ്മകാലവസതിയിലേക്കെഴുന്നള്ളുന്നതാണ്. എന്നുവരികിലും, തിരുമനസ്സുകൊണ്ട് സന്ദർശകരെ സ്വീകരിക്കുന്നതിനായി എല്ലാ ബുധനാഴ്ചയും ശനിയാഴ്ചയും റോമയിലേക്കു പ്രത്യാഗമിക്കുന്നതായിരിക്കും. കാസ്റ്റൽ ഗൊൺഡോൾഫോയിൽ സന്ദർശകരെ സ്വീകരിക്കുന്നകാര്യം ആദ്യം ആലോചിച്ചതാണ്. പക്ഷെ പതിനായിരത്തിലധികം പേർക്ക് അവിടെ സ്ഥലസൗകര്യമില്ല എന്ന കാരണത്താൽ അതു വേണ്ടെന്നുവച്ചു.

## കുട്ടികളെ ഉറക്കാൻ

കുട്ടികളെ ഉറക്കാൻ മാതാക്കൾ മൂളിപ്പാട്ടുകൾ പാടാറുണ്ടല്ലോ. തദർത്ഥം ഭക്തിപരങ്ങളായ ഗാനങ്ങൾ ഉപയോഗിക്കുന്നതു പ്രയോജനകരമായിരിക്കുമെന്ന് വെംബ്ലിയിലെ മാതൃസംഘക്കാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ബാല്യത്തിലെ അന്തരീക്ഷം ക്രിസ്തീയമാക്കുന്നതിനു അതു സഹായിക്കുമെന്നതിനു സംശയമില്ല.

## മെക്സിക്കൻഗവൺമെൻറ്

### സലേഷ്യൻ സ്കൂളുകൾ തിരിച്ചുകൊടുത്തു

1920-നും 30-നും മദ്ധ്യേ മെക്സിക്കോയിൽ മതപീഡനം നടന്ന അവസരത്തിൽ ഗവൺമെൻറ് അന്യായമായി അധീനപ്പെടുത്തിയ രണ്ട് സലേഷ്യൻ സ്കൂളുകൾ ഉടമസ്ഥർക്കു തിരികെ കൊടുത്തിരിക്കുന്നു. സലേഷ്യൻ വൈദികർ അവ ഏറ്റുവാങ്ങിയ അവസരത്തിൽ മെക്സിക്കോയിലെ വിസിറ്റർ അപ്പസ്തോലിക് ആയ വിയ്യാപിയാനി മെത്രാപ്പോലീത്തായും പ്രസ്തുത വിദ്യാലയത്തിലെ ആയിരക്കണക്കിനു പൂർവ്വവിദ്യാർത്ഥികളും സന്നിഹിതരായിരുന്നു.

കർദ്ദിനാൾ മിൻസെൻറിയുടെ വികാരിജനറാൾ

## നിര്യാതനായി

കർദ്ദിനാൾ മിൻസെൻറിയുടെ വികാരിജനറാളായിരുന്ന മോൺസിഞ്ഞോർ ജോൺ ഡ്രാഹോസ് പ്രേഗിൽവച്ചു, 66-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. നേരത്തെ പ്രേഗ് അതിരൂപതയെ ഭരിച്ചിരുന്ന കർദ്ദിനാൾ സെർദോക്കിൻറെ സെക്രട്ടറിയായും കർദ്ദിനാൾ സെരേദിയുടെ വികാരിജനറാളായും ഇദ്ദേഹം ജോലിനോക്കിയിട്ടുള്ളതാണ്. അഞ്ചുകൊല്ലമായി കർദ്ദിനാൾ മിൻസെൻറിയുടെ വികാരിജനറാൾ സ്ഥാനം കൈയേറ്റിട്ട്.

## ജഡ്ജിയുടെ സ്നേഹിതൻ

(3-ാം പേജ് തുടർച്ച)

നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു പോകുവിൻ; ന്യായമനുസരിച്ചുള്ള വേതനം നിങ്ങൾക്കു ഞാൻ തരുന്നതാണ്. അവർ തോട്ടത്തിലേക്കു പോയി. അയാൾ വീണ്ടും ഉദ്ദേശം ആറാം മണിക്കൂറിലും ഒമ്പതാം മണിക്കൂറിലും പുറത്തേക്കു പോയി മുൻപിലത്തെപ്പോലെ ചെയ്തു. പതിനൊന്നാം മണിക്കൂറിൽ അയാൾ പുറത്തുചെന്നപ്പോൾ വേറെയും ആളുകൾ നില്ക്കുന്നതു കണ്ടു; അയാൾ അവരോടു ചോദിച്ചു:- നിങ്ങൾ എന്തുകൊണ്ടാണ് ദിനം മുഴുവൻ അലസരായി നില്ക്കുന്നത്? അവർ പറഞ്ഞു:- ആരും ഞങ്ങളെ വേലയ്ക്കു വിളിക്കാതിരുന്നതുകൊണ്ട്. അയാൾ അവരോടു പറഞ്ഞു:- നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു പോകുവിൻ. പക്ഷെ സന്ധ്യാസമയമായപ്പോൾ മുന്തിരിത്തോട്ടത്തിൻറെ ഉടമസ്ഥൻ തൻറെ കാര്യസ്ഥനോടു പറഞ്ഞു:- തൊഴിലാളികളെ വിളിച്ച് അവസാനം വന്നവർ തുടങ്ങി ആദ്യം വന്നവർവരെ അവർക്ക് അവരുടെ വേതനം നൽകുക. പതിനൊന്നാം മണിക്കൂറിൽ വന്നവർ ചെന്നപ്പോൾ അവർക്കോരോരുത്തർക്കും ഓരോ ദനാറാനാണയം ലഭിച്ചു. ആദ്യം വന്നവർ തങ്ങളെ വിളിക്കേണ്ട സമയം സമാഗതമായപ്പോൾ തങ്ങൾക്കു കൂടുതൽ വേതനം ലഭിക്കുമെന്നു വിചാരിച്ചു. പക്ഷെ അവർക്കും ഓരോ ദനാറാനാണയമാണു ലഭിച്ചത്. അതു വാങ്ങിയശേഷം ആ ഗൃഹസ്ഥൻറെ നേരെ അവർ പിറുപിറുക്കുവാൻ തുടങ്ങി; അവർ പറഞ്ഞു:- ഈ അവസാനം വന്നെത്തിയവർ ഒരു മണിക്കൂർ മാത്രമാണു ജോലി ചെയ്തത്. പകൽ മുഴുവനും സൂര്യതാപത്തിൻറെ ക്ലേശം സഹിച്ച ഞങ്ങളോട് അവരെ അങ്ങു തുല്യരായി പരിഗണിക്കുന്നല്ലോ. എന്നാൽ അവരിൽ ഒരുത്തനോടായി അയാൾ മറുപടി പറഞ്ഞു:- സ്നേഹിതാ, നിന്നോടു ഞാൻ ഒരനീതിയും പ്രവർത്തിക്കുന്നില്ല; ഒരു ദനാറാനാണയത്തിനു നീ എന്നോടു സമ്മതിച്ചിരുന്നതല്ലേ? നിൻറെ വേതനം വാങ്ങി നീ പൊയ്ക്കൊൾക, നിനക്കു നൽകിയതുതന്നെ ഈ അവസാനം വന്നവനും കൊടുപ്പാനാണ് ഞാൻ അഭിലഷിക്കുന്നത്. എൻറെ അഭീഷ്ടമനുസരിച്ചു പ്രവർത്തിക്കുവാൻ എനിക്കു പാടില്ലെന്നോ? അഥവാ എൻറെ ഔദാര്യം നിന്നെ അസൂയാലുവാക്കിയിരിക്കുന്നോ?"

"ഈ ഭാഗം ഞാൻ വീണ്ടും വീണ്ടും വായിച്ചു. ഗൃഹസ്ഥൻ നീതിമാനാണ്; സംശയമില്ല. എന്നാൽ അവസാനം വന്നവർക്ക് ഓരോ ദനാറാസ്സ് അവകാശമുണ്ടായിരുന്നോ? ഇല്ല എന്നും ഏവരും മറുപടിപറയും. പക്ഷെ അദ്ദേഹം കൊടുത്തതു തൻറെ സ്വന്തം സമ്പാദ്യത്തിൽനിന്നും നഷ്ടം സഹിച്ചുകൊണ്ടാണ്. അങ്ങനെ അവകാശമില്ലാത്തവർക്കു കൊടുത്തപ്പോഴൊക്കെയും ആ ഗൃഹനാഥനാണു നഷ്ടം സഹിച്ചത്. ആ നഷ്ടത്തിനു അയാളെ പ്രേരിപ്പിച്ചതു സ്നേഹമാണു താനും. ആ പാഠം അനുസരിച്ചു പ്രവർത്തിക്കുവാൻ ഞാൻ തീർച്ചയാക്കി. നീതിയായ വിധി പറയുക എന്ന ചുമതല ഞാൻ നിർവ്വഹിച്ചു. പക്ഷെ സ്നേഹത്തെപ്രതി ആ ശിക്ഷ ഞാൻതന്നെ കെട്ടിവയ്ക്കാമെന്നും കരുതി. നിങ്ങളുടെ തെറ്റുകൾക്കു നഷ്ടം സഹിച്ചതു നിങ്ങളുടെ ഒരു സ്നേഹിതനാണെന്നു നിങ്ങൾ ഇനിയെങ്കിലും ഓർത്തുകൊള്ളുക. ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുവാനും സൂക്ഷിക്കണമല്ലോ."

കോരയുടെ കണ്ണുകളിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. ജസ്റ്റിസ് തോമസിൻറെ സ്നേഹം അയാളുടെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. ഇനിമേൽ തൻറെ പിഴച്ച ജീവിതം തുടരുകയില്ലെന്നു അയാൾ ജഡ്ജിയുടെ മുമ്പിൽ മുട്ടുകുത്തി സത്യവും ചെയ്തു.

---

## സൗജന്യവിതരണ ഫണ്ട്

മൂക്കന്നൂർ മരിയസഖ്യം 3 ക.

# ത്യാഗവേദിയിൽ

(ജോൺ കോഗ്‌ലി)

ആ സംഭവം ഓർക്കുമ്പോൾ ഇന്നും ശരീരം കോരിത്തരിക്കുന്നു. സുമാർ 9 കൊല്ലം മുൻപു്, 1941 ജൂലൈ 30-ാം തീയതിയാണു അതു നടന്നതു്.

രണ്ടാം ലോകമഹായുദ്ധം കൊട്ടുമ്പിരിക്കൊണ്ടിരിക്കുന്ന കാലം. ലോകത്തെ മുഴുവൻ കീഴടക്കുവാൻ വെമ്പൽകൊണ്ടു ഹെർ ഹിററ്ലർ നാനാവശത്തും സമരാഗ്നി ആളിക്കത്തിച്ചുകൊണ്ടിരിക്കുന്നു. ഓഷ്‌വിററ്സ് തടങ്കൽ പാളയത്തിലെ 14-ാം നമ്പർ ബ്ലോക്കിൽനിന്നു ഒരു നിർഭാഗ്യനായ തടവുകാരൻ എങ്ങനെയോ രക്ഷപെട്ടു. രക്ഷപെടുന്ന ഓരോ തടവുകാരനും പത്തു പോളിഷ് തടവുകാർവീതം വധിക്കപ്പെടുമെന്നായിരുന്നു നാസിനേതാക്കന്മാരുടെ മൃഗീയമായ കല്പന.

തടവുകാരൻ രക്ഷപെട്ട അന്നുരാത്രി ആ തടങ്കൽപാളയത്തിൽ ആർക്കും ഉറക്കം വന്നില്ല. പിറേറ ദിവസം ഉണ്ടാകുവാൻപോകുന്ന അനുഭവം എന്തെന്നു് അവ്യക്തമായിരുന്നു. ആരൊക്കെയായിരിക്കും നാളെ മരിക്കേണ്ട പത്തു പേർ? കൊലമരം ഏതൊരുത്തന്റെ കണ്ഠത്തിലും പതിക്കാമായിരുന്നതിനാൽ അവരെല്ലാം ഭയചകിതരായി. തടവുകാരുടെ കൂട്ടത്തിൽ ഫാദർ മാക്സിമിലിയൻ എന്ന ഒരു കത്തോലിക്കാവൈദികനുമുണ്ടായിരുന്നു. അദ്ദേഹം ഉറക്കിളച്ചിരുന്നു ആ തടവുകാരുടെയെല്ലാം കുമ്പസാരം കേട്ടു.

പിറേറ ദിവസം പ്രഭാതത്തിൽ തടങ്കൽ പാളയത്തിന്റെ മേധാവി വന്നു ഒളിച്ചോടിപ്പോയ തടവുകാരനെ കണ്ടുകിട്ടിയില്ലെന്നുള്ള വിവരം അറിയിച്ചു. 14-ാം നമ്പർ ബ്ലോക്കിൽ പെടാത്ത തടവുകാരെയൊക്കെ ജോലിക്കു പറഞ്ഞയച്ചു. ഉച്ചയായപ്പോഴും, രക്ഷപെട്ട തടവുകാരനെപ്പററി യാതൊരു വിവരവും കിട്ടിയില്ലെന്ന വസ്തുത പ്രഖ്യാപിക്കപ്പെട്ടു. സന്ധ്യയായിട്ടും ആ ദ്രോഹിയെപ്പററി യാതൊരു വിവരവും ലഭിച്ചില്ല.

വൈകുന്നേരം തടങ്കൽപാളയത്തിന്റെ മേധാവി 14-ാം നമ്പർ ബ്ലോക്കിലെത്തി അവരെ അറിയിച്ചു: "ഓടിപ്പോയ തടവുകാരനെ ഇതേവരെ കണ്ടെത്തിയില്ല. അതിനാൽ നിങ്ങളിൽ പത്തു പേർ വിശപ്പും ദാഹവും മൂലം മരിക്കേണ്ടിയിരിക്കുന്നു. ഇനി ആരെങ്കിലും ഒളിച്ചോടുകയാണെങ്കിൽ 20 പേരാണു അങ്ങനെ മരിക്കേണ്ടി വരിക."

ഉദ്യോഗസ്ഥൻ അവരെ ഒന്നു പരിശോധിച്ചു. മരിക്കേണ്ട പത്തുപേരെ നിശ്ചയിച്ചു് അവരെ അണിയിൽനിന്നു മുന്നോട്ടു മാററി നിർത്തി. മാററിനിർത്തപ്പെട്ടവരിൽ ചെറുപ്പക്കാരനായ ഒരാൾ ഉണ്ടായിരുന്നു. അയാൾ വാവിട്ടു നിലവിളിച്ചുപോയി. "അയ്യോ എന്റെ പാവപ്പെട്ട ഭാര്യ. എന്റെ ഭാര്യയും കുട്ടികളും. എനിക്കു നാലുകുട്ടികളുണ്ടു്. അവരുടെ സ്ഥിതി എന്താകും?"

പെട്ടെന്നു മററു തടവുകാരുടെ കൂട്ടത്തിൽനിന്നു ഒരാൾ മുന്നോട്ടു കയറിനിന്നു. മേലുദ്യോഗസ്ഥനോടു് എന്തോ സംസാരിക്കണമെന്നതായിരുന്നു അയാളുടെ ഉദ്ദേശ്യം. പക്ഷേ ജർമ്മൻ ഉദ്യോഗസ്ഥൻ റിവോൾവർ കൈയിലെടുത്തുകൊണ്ടു പറഞ്ഞു: "അവിടെ നിൽക്കു. അനങ്ങരുതു്. നിനക്കെന്തു വേണം?"

ആയാൾ പറഞ്ഞു: "വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്ന അവരിൽ ഒരാളുടെ സ്ഥാനത്തു് ഞാൻ മരിച്ചുകൊള്ളാം."

തന്റെ കാതുകൾ തന്നെ ചതിക്കുകയാണോയെന്നു് ആ ഉദ്യോഗസ്ഥൻ ശങ്കിച്ചു. അയാൾക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അയാൾ ആ മനുഷ്യനെ കുറേനേരം ചിന്താഗ്രസ്തനായി നോക്കിനിന്നു.

"നീ ആരു്?"

"ഞാൻ ഒരു കത്തോലിക്കാവൈദികനാണു്. മാക്സിമിലിയൻ എന്നാണു പേരു്."

"ആർക്കു പകരം മരിക്കാമെന്നാണു നിങ്ങൾ പറയുന്നതു്?"

"ഇതാ, ഇയാൾക്കുപകരം."

നാലുകുട്ടികളുടെ പിതാവായ ആ ചെറുപ്പക്കാരനെ വൈദികൻ ചൂണ്ടിക്കാണിച്ചു.

"എന്തുകൊണ്ടു്?"

"ഞാൻ വയസ്സനാണു്. എന്നെക്കൊണ്ടു ഇനി വലിയ പ്രയോജനമൊന്നുമില്ല. എന്റെ ജീവനു് അത്രവലിയ പ്രാധാന്യവുമില്ല. ഈ മനുഷ്യനാകട്ടെ ഒരു കുടുംബമുണ്ടു്."

ഫാദർ മാക്സിമിലിയനു 47 വയസ്സേ പ്രായമുണ്ടായിരുന്നുള്ളു.

ആ ജർമ്മൻ ഉദ്യോഗസ്ഥൻ ഏതാനും നിമിഷനേരത്തേക്കു യാതൊന്നും ശബ്ദിച്ചില്ല. അനന്തരം വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുടെ കൂട്ടത്തിൽ പോയിനിൽക്കുവാൻ ഫാദർ മാക്സിമിലിയനോടു പറഞ്ഞു. മറേറ ചെറുപ്പക്കാരനോടു തടവുകാരുടെ കൂട്ടത്തിൽ തിരികെപോയി നിന്നുകൊള്ളുവാനും ആജ്ഞാപിച്ചു.

ഈ സംഗതികളെല്ലാം ഞൊടിയിടയ്ക്കുള്ളിൽ, എന്താണു നടക്കുന്നതെന്നു മററുള്ളവർ ശരിക്കു മനസ്സിലാക്കുന്നതിനു മുൻപു്, നടന്നുകഴിഞ്ഞിരുന്നു. മററു് ഒൻപതുപേരോടുകൂടി ആ ഫ്രാൻസിസ്കൻ വൈദികൻ പ്രശാന്തനായി, കൃതകൃത്യതാഭാവത്തിൽ, അർദ്ധപുഞ്ചിരിതൂകി, നടന്നുപോകുന്നതുമാത്രം അവർ കണ്ടു.

ഈ പത്തുപേരെയും, അവർക്കായി നിശ്ചയിച്ചിട്ടുള്ള മരണമുറിക്കകത്താക്കിയടച്ചു. അവരുടെ സകല വസ്ത്രങ്ങളും അഴിച്ചെടുത്തു. നഗ്നരായി അവർ അവിടെക്കിടന്നു വിശപ്പും ദാഹവും സഹിച്ചു മരിക്കണമെന്നായിരുന്നു അവർക്കു നൽകപ്പെട്ട ശിക്ഷ. ഭക്ഷിക്കുന്നതിനോ കുടിക്കുന്നതിനോ അവർക്കു യാതൊന്നും നൽകിയിരുന്നില്ല. ആ തടവിൽ കിടന്നു് മറെറാരു മനുഷ്യജീവിയെ കാണുന്നതിനുപോലും അവർക്കു സാദ്ധ്യമായിരുന്നില്ല.

എന്നിരുന്നാലും ഫാദർ മാക്സിമിലിയൻ അവരെ മരണത്തിനു് ഒരുക്കി. ഇതിൽ അത്ഭുതകരമായ വിജയമാണു് അദ്ദേഹത്തിനു ലഭിച്ചതു്. അവർ പാട്ടുപാടിയും പ്രാർത്ഥിച്ചും ദിനങ്ങൾ പോക്കി. ആദ്യമാദ്യം അവരുടെ സ്വരം ഓജസ്സുള്ളതായിരുന്നു. എന്നാൽ ദിവസങ്ങൾ കഴിയുന്തോറും, ദാഹംമൂലം അവരുടെ സിരകളിലെ രക്തത്തിനു ചൂടുപിടിക്കുകയും, അധരങ്ങൾ തടിച്ചുവിള്ളുകയും ചെയ്യുന്തോറും അവരുടെ ഒച്ച ചെറുതായി, അശ്രാവ്യമായിക്കൊണ്ടിരുന്നു. അവസാനം ശബ്ദമേയില്ലാതായി. ഓരോരുത്തരോരോരുത്തരായി അവർ മരണം വരിച്ചു.

ഒടുവിൽ മരിച്ചതു് ആ വൈദികനാണു്. അവരുടെ ശിക്ഷാവിധിയുടെ 14-ാം ദിനം അവിടെ അടിച്ചുവാരാൻവന്ന ഒരു വേലക്കാരൻ, ഫാദർ മാക്സിമിലിയൻ തല ഭിത്തിയിലേക്കു ചാരി, മരിച്ചു് തറയിൽ ഇരിക്കുന്നതായി കണ്ടു. പൈദാഹങ്ങളാൽ മൃതനായ ഒരുവനെപ്പോലെയല്ലാ, മരണശയ്യയിൽ കിടക്കുന്ന ഒരു വിശുദ്ധനെപ്പോലെയാണു്, അദ്ദേഹം കാണപ്പെട്ടതെന്നു് ആ വേലക്കാരൻ പിന്നീടു പരസ്യമായി മൊഴികൊടുക്കുകയുണ്ടായി.

"അദ്ദേഹത്തിന്റെ മുഖത്തു ശാന്തത കളിയാടിയിരുന്നു. അദ്ദേഹം ഉറങ്ങുകയാണെന്നാണു തോന്നിയതു്. അദ്ദേഹം ഒരു വിശുദ്ധനാണെന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ലാ" എന്നാണയാൾ പറഞ്ഞതു്.

അടുത്തഗണം ശിക്ഷിതന്മാർക്കുവേണ്ടി മുറി വൃത്തിയാക്കേണ്ടതാവശ്യമായിരുന്നു. മൃതശരീരങ്ങൾ ശ്മശാനത്തിലേക്കുകൊണ്ടുപോയി. അന്നു്, 1941 ആഗസ്റ്റ് 14-ാം തീയതി, "ലോകത്തിനു തീ കൊളുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല" എന്ന അമേരിക്കൻ ജനത പാടി ഉല്ലസിക്കയായിരുന്നു. അടുത്തുണ്ടായ മഹാവിജയത്തെ നാസിജർമ്മനി അത്യാവേശപൂർവ്വം കൊണ്ടാടുകയായിരുന്നു. പേൾഹാർബർ സംഭവത്തിനു 5 മാസം മുൻപാണിതു്.

ശ്മശാനത്തിലെ വൈദ്യുതച്ചൂളയിൽവെച്ചു് അദ്ദേഹത്തിന്റെ ശരീരം ദഹിപ്പിച്ചു. ആ ചാരംപോലും അവർ കാററിൽ പറപ്പിച്ചുകളഞ്ഞു. അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്തുന്ന യാതൊന്നും അവശേഷിക്കരുതെന്നായിരുന്നു അവരുടെ ഉദ്ദേശ്യം.

ഫാദർ മാക്സിമിലിയൻ ഇങ്ങനെ ഒരു രക്തസാക്ഷിയായിരുന്നില്ലെങ്കിൽതന്നെയും അദ്ദേഹം പ്രശസ്തനാകുമായിരുന്നു. ആധുനികകാലത്തെ മുദ്രാലയ പ്രേഷിതപ്രമുഖന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ലിററിൽ ജെണ്ണൽ എന്ന പേരിൽ 1938-ൽ അദ്ദേഹം പോളണ്ടിൽ ഒരു പത്രമാരംഭിച്ചു. അതിന്റെ 320,000 കോപ്പികളാണു പ്രചരിച്ചിരുന്നതു്. പോളണ്ടിൽ ഇത്രയധികം പ്രചാരമുള്ള മറെറാരുപത്രമുണ്ടായിരുന്നില്ല.

1939-ൽ മാതാവിന്റെ സ്തുതിക്കായി "നമ്മുടെ നാഥയുടെ മാടമ്പി" എന്ന പേരിൽ ഒരു മാസിക ആരംഭിച്ചു. അതിനു 10 ലക്ഷം വരിക്കാരുണ്ടായിരുന്നു. ഒരു ഗണം ഫ്രാൻസിസ്കൻ അൽമായ സഹോദരന്മാരാണു് ഇതിന്റെ അച്ചടിയും പ്രസിദ്ധീകരണവും നിർവ്വഹിച്ചിരുന്നതു്.

പോളണ്ടിൽ ലോഡ്സ് എന്ന സ്ഥലത്തു് 1894-ൽ അദ്ദേഹം ജാതനായി. റെയ്മൻഡു് കോൾബെ എന്നായിരുന്നു അദ്ദേഹത്തിന്റെ ജ്ഞാനസ്നാനനാമം. ചെറുപ്പത്തിൽതന്നെ ഫ്രാൻസിസ്കൻ സന്യാസികൾ നടത്തിയിരുന്ന ജൂനിയർ സെമ്മിനാരിയിൽ ചേർന്നു് പഠനമാരംഭിച്ചു. സന്യാസസഭയിലെ അനുസരണവ്രതം വിഷമകരമായി അദ്ദേഹത്തിനു തോന്നി. എന്നല്ല ദൈവവിളിയെപ്പററിത്തന്നെ സംശയമായി. വീട്ടിലേക്കു മടങ്ങിയാലെന്തെന്നു അദ്ദേഹം ആലോചിച്ചു.

ഈ അവസരത്തിലാണു് അദ്ദേഹത്തിന്റെ വന്ദ്യമാതാവു സെമ്മിനാരിയിൽ ചെന്നു അദ്ദേഹത്തെ കണ്ടതു്. തന്റെ മൂന്നു മക്കളും സന്യാസസഭയിൽ ചേർന്നിരിക്കുന്നതിനാൽ, താൻ ബെനഡിക്ടൻ കന്യാസ്ത്രീകളുടെ മഠത്തിലും, അപ്പൻ ക്രാക്കോയിലെ ഫ്രാൻസിസ്കൻ സന്യാസാശ്രമത്തിലും ചേരുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നു് ആ അമ്മ മകനോടു പറഞ്ഞു. റെയ്മൻഡു് തന്റെ കാര്യം ഒന്നും പറഞ്ഞില്ല. അമ്മ പോയിക്കഴിഞ്ഞയുടനെ റെയ്മൻഡു് ആശ്രമശ്രേഷ്ഠന്റെ അടുക്കൽ ചെന്നു പട്ടത്തിനു പഠിക്കുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നു പറഞ്ഞു.

റോമയിലെ ഫ്രാൻസിസ്കൻ കോളേജിൽ പഠനം പൂർത്തിയാക്കി. ഈശോസഭക്കാരുടെ വക ഗ്രിഗോറിയൻ സർവ്വകലാശാലയിൽനിന്നു തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടർ ബിരുദം കരസ്ഥമാക്കി. എന്നാൽ ആദ്ധ്യാത്മികജീവിതമാണു് അദ്ദേഹത്തെ അത്യധികം ആകർഷിച്ചതു്. ഫാദർ മാക്സിമിലിയന്റെ പ്രശസ്തി അചിരേണ എങ്ങും പരന്നു.

ഇക്കാലത്താണു്, സകലതും ഉപേക്ഷിച്ചു്, 1930-ൽ, അദ്ദേഹം ജപ്പാനിലേക്കു പോയതു്. ഒരു പ്രസിദ്ധീകരണപ്രസ്ഥാനം ആരംഭിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വളരെ ക്ലേശങ്ങൾ സഹിച്ചു് നാഗസാക്കിയിൽ അദ്ദേഹം ജോലി ആരംഭിച്ചു. ആദ്യം അതൊരു വിജയമായി തോന്നിയെങ്കിലും അവസാനത്തിൽ പരാജയപ്പെടുകയാണു ചെയ്തതു്. അനന്തരം അദ്ദേഹം ഇൻഡ്യയിൽവന്നു. അവിടെയും വലിയ പുരോഗതി ഉണ്ടായില്ല.

1936-ൽ അധികാരികൾ അദ്ദേഹത്തെ പോളണ്ടിലേക്കു തിരിച്ചു വിളിച്ചു. പോളണ്ടിൽ നീപ്പൊകലനോവ് എന്ന സ്ഥലത്തെ ഫ്രാൻസിസ്കൻ ആശ്രമത്തിന്റെ സുപ്പീരിയർ ആയി നിയമിക്കപ്പെട്ടു. നാസികൾ അറസ്റ്റു ചെയ്യുന്നതുവരെ അദ്ദേഹം ഇവിടെയാണു താമസിച്ചതു്. ഇവിടത്തെ കത്തോലിക്കാ പ്രസിദ്ധീകരണപരമായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഏററവും വിജയകരങ്ങളായിരുന്നു.

അദ്ദേഹത്തിന്റെ സകല പ്രവർത്തനങ്ങളുടെയും അസ്തിവാരം ദൈവമാതാവിനോടുള്ള ഭക്തിയായിരുന്നു. വൈദികനായി അധികം കഴിയുന്നതിനു മുൻപു്, രണ്ടു പോളിഷ് വൈദികരുടെയും നാലു ഇററാലിയന്മാരുടെയും സഹകരണത്തോടുകൂടി, മാതാവിന്റെ ബഹുമാനാർത്ഥം, "അമലോത്ഭവസൈന്യം" എന്ന സംഘടന അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. ഇതിലെ തന്റെ സഹപ്രവർത്തകന്മാരെപ്പററി "എന്നെപ്പോലെയുള്ള മായർ" എന്നാണു് അദ്ദേഹം പറഞ്ഞിരുന്നതു്.

ഫാദർ മാക്സിമിലിയൻ ഒരു യഥാർത്ഥ ഫ്രാൻസിസ്കനായിരുന്നു. തന്റെ അച്ചടിശാലയിലെ ലിനോടൈപ്പു യന്ത്രത്തെ, "നമ്മുടെ അനിയത്തി, യന്ത്രം" എന്നും അച്ചടിയന്ത്രത്തെ "ബ്രദർ പ്രസ്സു്" എന്നും, മഷിയെ "ബ്രദർ ഇങ്കു്" എന്നും അദ്ദേഹം വിളിച്ചിരുന്നു.

ഫാദർ മാക്സിമിലിയനെ അനുഗൃഹീതനെന്നു പേരു വിളിക്കുന്നതിനുള്ള പ്രാരംഭനടപടികൾ 1948 മേയ് 24-ാം തീയതി ആരംഭിച്ചിട്ടുണ്ടു്. ഫാദർ മാക്സിമിലിയൻ, കോൾബെ മുതലായ മഹാപുരുഷന്മാരുടെ മരണത്തിനു കാരണക്കാരൻ എന്ന നിലയിലായിരിക്കും ഹിററ്ലർ ഭാവിയിൽ അറിയപ്പെടുന്നതു്. നീറോയെപ്പററി നാം സ്മരിക്കുന്നതു് ഈവിധത്തിലാണല്ലോ.

(ചിക്കാഗോ "ടുഡേ" മാസികയിൽനിന്നു്)

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക് [illegible] - എറണാകുളം.

# "സത്യദീപ" പ്രചരണം

(ഫാദർ, ഇഞ്ചെയ്ക്കലോടി, തിരുവല്ലാ)

ആഴ്ചതോറും "സത്യദീപം" വായിച്ചുകഴിഞ്ഞശേഷം സത്യാന്വേഷികളായ അകത്തോലിക്കാ സഹോദരങ്ങൾക്കു് അയച്ചുകൊടുക്കുവാൻ ആഗ്രഹിക്കുന്ന സഹൃദയരായ കത്തോലിക്കർ വിവരം എന്നെ അറിയിക്കണമെന്നു് അഭ്യർത്ഥിച്ചിരുന്നതനുസരിച്ചു് കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഒട്ടനേകം കത്തോലിക്കരുടെ എഴുത്തുകൾ ഇതിനകം എനിക്കു ലഭിക്കയുണ്ടായി. ആവശ്യപ്പെട്ട എല്ലാവർക്കും അകത്തോലിക്കരുടെ മേൽവിലാസങ്ങൾ ഉടനുടൻ അയച്ചുകൊടുക്കുകയും ചെയ്തു. ഇക്കേരളത്തിലെ അകത്തോലിക്കാസഹോദരങ്ങൾക്കു് സത്യഗ്രഹണത്തിനും സത്യസംശ്ലേഷണത്തിനും ഏററം പ്രയോജനപ്രദമായി ഭവിക്കുന്ന ഈ മഹനീയവേലയിൽ സഹകരിപ്പാനുള്ള സന്മനസ്സു പ്രകടിപ്പിച്ച എല്ലാ കത്തോലിക്കരോടും ഹൃദയപൂർവ്വകമായ കൃതജ്ഞത ഇത്തരുണത്തിൽ പ്രകടിപ്പിച്ചുകൊള്ളുന്നു. സത്യാന്വേഷികളായ ഇരുന്നൂറിൽപ്പരം അകത്തോലിക്കർക്കു "സത്യദീപം" പ്രതിവാരം വായിക്കുവാനുള്ള ഭാഗ്യം ഇതുമൂലം ലഭിച്ചിരിക്കുന്നുവെന്നുള്ള വിവരം സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ!

ഇനിയും ഒട്ടനേകം അകത്തോലിക്കരുടെ മേൽവിലാസങ്ങൾ കൺമുമ്പിൽ വെച്ചുകൊണ്ടാണു് ഞാൻ ഇതു് എഴുതുന്നതു്. "സത്യദീപ"വും ഇതര കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും വായിക്കുവാൻ അതിയായ ഔത്സുക്യം പ്രകടിപ്പിക്കുന്നവരുടെ മേൽവിലാസങ്ങളാണു് അവ. ആകയാൽ നമ്മുടെ വിഭിന്ന സഹോദരങ്ങളുടെ കത്തോലിക്കാ പുനരൈക്യത്തെ യഥാർത്ഥമായി ആഗ്രഹിക്കുന്നവരും, അതിനുവേണ്ടി അല്പം ബുദ്ധിമുട്ടുന്നതിനു സന്നദ്ധതയുള്ളവരുമായ എല്ലാ കത്തോലിക്കരും ഉടനെ വിവരം എന്നെ അറിയിക്കണമെന്നു് വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു. അകത്തോലിക്കരുടെ മാനസാന്തരത്തിനുവേണ്ടി കഴിവുള്ള സകല സഹായങ്ങളും ചെയ്തുതരുന്നതിനു പരിപൂർണ്ണസന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന "സത്യദീപം" പ്രവർത്തകരോടും ഈ അവസരത്തിൽ കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നു.

# Sathya Deepam

Vol. 23 Ernakulam July 19 1950 No. 45





## മിതവ്യയം

“ആരെങ്കിലും തനിക്കുള്ളവരുടെ കാര്യം ശ്രദ്ധിക്കുന്നില്ലെങ്കിൽ അവർ വിശ്വാസം ഉപേക്ഷിച്ചിരിക്കുന്നു” (തിമോ. V. 8)

നാം നമ്മുടെ ചുറ്റും ഒന്നു കണ്ണോടിക്കുന്നതായാൽ കഴിഞ്ഞുപോയ സമ്പൽസമൃദ്ധിയുടെ കാല്പാടുകൾ മാത്രമുള്ളതും “പഴയതുംപറഞ്ഞ് പടിപ്പുരസ്ഥലിരിക്കുന്ന” തരത്തിലുള്ളതുമായ നിരവധി കുടുംബങ്ങളെ കണ്ടെത്തുന്നതാണ്. “കഷ്ടം, എന്തെങ്കിലും ഒരു സഹായം തരണം ഞാൻ ഇങ്ങനെ നടക്കേണ്ടവനൊന്നുമല്ല; ഞങ്ങൾ പഴയ തറവാട്ടുകാരാണ്; സ്വത്തും ധാരാളമുണ്ടായിരുന്നു. എന്റെ അപ്പാപ്പനായിട്ടാണ് പള്ളി പണിയിച്ചത്. എന്നാൽ ഇപ്പോൾ അതൊക്കെ പറഞ്ഞിട്ട് എന്തു കാര്യം; വലിയ കഷ്ടത്തിലായി” എന്നിങ്ങനെയുള്ള മുഖവുരയോടുകൂടിയ സഹായാർത്ഥികൾ; പറയാനുള്ള ലജ്ജകൊണ്ട് ചിലരുടെ ശുപാർശക്കത്തുകളുമായി നടക്കുന്നവർ; നേരിട്ടുവരുവാനുള്ള മടികൊണ്ട് കുട്ടികളുടെയോ മററു വല്ലവരുടെയോ പക്കൽ സഹായാർത്ഥനയുള്ള കുറിപ്പുകൾ കൊടുത്തയക്കുന്നവർ—ഇങ്ങനെ പലരേയും നാം കൂട്ടിമുട്ടാറുണ്ട്. ധനദേവി അസ്ഥിരയാണെന്നു കവികൾ പാടുന്നു. ഇന്നു മാളികമുകളേറുന്ന മന്നന്റെ തോളിൽ നാളെ മാറാപ്പ് തൂക്കുന്നതും ദൈവമാണ്; കൊടുക്കുന്നതും എടുക്കുന്നതും അങ്ങുന്നാണ്; ഇതെല്ലാം ശരിതന്നെ. എന്നാൽ സാമ്പത്തികമായി അധ:പതിച്ചുപോയ ഈ കുടുംബങ്ങളുടെ ഭാഗ്യവിപര്യയത്തിന്റെ ചരിത്രം പരിശോധിച്ചുനോക്കിയാൽ അതിൽ ഭൂരിഭാഗവും സ്വയംകൃതമാണെന്നു തെളിയുന്നതാണ്. വിധിയെ പഴിച്ചതുകൊണ്ടു കാര്യമൊന്നുമില്ല. മിതവ്യയം പരിപാലിക്കാത്തതുകൊണ്ടാണ് അധ:പതനം സംഭവിക്കുന്നത്. അനാവശ്യമായ അധികച്ചിലവുകൾ ചെയ്ത് ധൂർത്തടിച്ചതിന്റെ പ്രത്യാഘാതങ്ങൾ അവർ അനുഭവിക്കുന്നുവെന്നുമാത്രം.

കല്യാണങ്ങളും അടിയന്തിരങ്ങളും മററും അനാവശ്യമായ ആർഭാടങ്ങളോടുകൂടി കഴിക്കുന്നതുകൊണ്ടാണു പല കുടുംബങ്ങളും സാമ്പത്തികമായി തകർന്നു പോകുന്നതെന്നു് നമുക്കോരോരുത്തർക്കും അനുഭവസിദ്ധമാണ്. സ്വന്തം പ്രൗഢിയേയും സമ്പൽസമൃദ്ധിയേയും വീട്ടുകാർക്കും നാട്ടുകാർക്കും സർവ്വോപരി പുതിയ ബന്ധുവീട്ടുകാർക്കും ഒന്നു് മനസ്സിലാക്കിക്കൊടുക്കുവാൻ വേണ്ടി പറമ്പ് പണയമെഴുതിയിട്ടെങ്കിലും കല്യാണം മോടിപൂർവ്വമായി നടത്തുന്ന കുടുംബനാഥൻ തന്റെ സന്താനപരമ്പരകളുടെ വയറ്റത്തടിക്കയാണെന്നു ഒന്നു മനസ്സിലാക്കട്ടെ. “ബന്ധുവീട്ടുകാർ ആഘോഷച്ചടങ്ങുകൾ പലതും നടത്തുന്നുണ്ട്; അതുകൊണ്ടു നമുക്കും ഒട്ടും കുറയ്ക്കാൻ പാടില്ല. പിന്നെ, അയൽവീട്ടിലെ ചാക്കോ മുതലാളിയുടെ കല്യാണത്തിനു ടീപാർട്ടിയും പാട്ടുകച്ചേരിയും ഉച്ചഭാഷിണിയും ഫോട്ടോയും എല്ലാമുണ്ടായിരുന്നു. അതെല്ലാം നമുക്കും വേണം” എന്നിങ്ങനെ വ്യർത്ഥാഭിമാനഭ്രമത്തിൽ മതിമയങ്ങിക്കൊണ്ട് സാമ്പത്തികമായ കഴിവുകളില്ലാത്തവൻ ഇറങ്ങിപ്പുറപ്പെടാതിരിക്കട്ടെ. കല്യാണം കേമമായെന്നുള്ള നാട്ടുകാരുടെ സർട്ടിഫിക്കററ് പാപ്പരത്വത്തിനുള്ള ടിക്കററായി പരിണമിക്കും. ഭാവിയുടെ വിദൂരതയിൽ പട്ടിണിയാൽ എരിപൊരി കൊള്ളുന്ന സ്വസന്താനങ്ങളുടെ ദീനരോദനം അയാളുടെ ചെവിയിൽ വന്നലയ്ക്കട്ടെ. എന്തെങ്കിലും ഒരു നിസ്സാര ദുഃഖസംഭവമുണ്ടായാൽമതി, ചിലക്കു സദ്യകൾ നടത്താനുള്ള ഭ്രമം കലശലായിരിക്കും. മററു ചിലർ മരണത്തിനുവേണ്ടി പണം അമിതമായി വ്യയം ചെയ്യും. തങ്ങളെക്കാൾ ധനാഢ്യരായ ബന്ധുക്കളാണുള്ളതെങ്കിൽ അവരോടൊപ്പം നിൽക്കുവാനും, ഒരുപക്ഷെ അവരെ കവച്ചുവെക്കുവാനുമുള്ള അഭിമാനഭ്രാന്ത് ചിലർക്കുണ്ടായിരിക്കും; അമ്മയും മകളുമാണ് ഇതെല്ലാം കുത്തിപ്പൊക്കുക. ഫലമോ? വർദ്ധിച്ചുവരുന്ന ദാരിദ്ര്യവും ഭയാനകമായ ഭാവിയും. ചിലർ ധനം വ്യയംചെയ്യുന്ന കാര്യത്തിൽ അയൽവാസികളുമായി ഒരു മത്സരം നടത്തുന്നതുപോലെ തോന്നും. അയൽവീട്ടിലെ അച്ചാമ്മയ്ക്കു വിലപിടിച്ച സാരിയും ആഭരണങ്ങളും അവളുടെ കുട്ടിയെ “നോക്കാൻ” ഒരു വേലക്കാരിയുമുണ്ടെങ്കിൽ അതൊക്കെ എന്റെ മകൾക്കും വേണം. അതിനുള്ള കഴിവുണ്ടോ എന്നുള്ള നോട്ടമേയില്ല. ഒരുതരം പൊതുകാര്യപ്രസക്തന്മാരുണ്ട്. മൂക്കിൽ വിരലും തള്ളി “ഏറാൻ പോരുന്ന” ചില സ്തുതിപാഠകന്മാർക്ക ഇടയ്ക്കിടെ കുറെയേറെ പണം കൊടുത്തുകൊണ്ടിരിക്കും. താൻ ഒരു പൊതുകാര്യപ്രസക്തനും സാധുസംരക്ഷകനുമാണെന്നുള്ള കീർത്തി ദിഗന്തങ്ങളിൽ പരക്കണമെന്നാണ് അയാളുടെ താൽപര്യം. “ഇവിടെവന്നു പറഞ്ഞാൽ എല്ലാററിനും നിവൃത്തിയുണ്ടാകുമെന്നാണ് എല്ലാവരും പറയുന്നത്” എന്നു വല്ലവരും വന്നു പറഞ്ഞാൽ അതു കുറിക്കുകൊള്ളും; ശരിയായ തന്ത്രിയിലാണ് അയാൾ കൈവെച്ചിരിക്കുന്നത്. ചോദിക്കുന്നതെല്ലാം അയാൾക്കു ലഭിക്കയും ചെയ്യുന്നു. എന്നാൽ ഈ പൊതുകാര്യപ്രസക്തി സ്വന്തം ധനത്തെ കരണ്ടുതിന്നുകയാണെന്നും അധികം താമസിയാതെ തന്റെ സാമ്പത്തികസൗധം തകർന്നുവീഴുമെന്നും മക്കൾ വഴിയാധാരമാകുമെന്നും അയാൾ മനസ്സിലാക്കട്ടെ. മദ്യപാനവും തദനുബന്ധികളായ ദുർനടപടികളുംമൂലം കുടുംബങ്ങൾ പാപ്പരായിപ്പോകുന്നതിനെപ്പററി പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല. അതുപോലെതന്നെ, ചുണയുള്ളവൻ, ആണത്തമുള്ളവൻ, നാട്ടുപ്രമാണി എന്നിങ്ങനെയുള്ള വ്യർത്ഥാഭിമാനങ്ങൾ പുലർത്തുന്നതിനായി മത്സരബുദ്ധിയോടും വാശിയോടുംകൂടി കോടതിയിൽ വ്യവഹാരങ്ങൾ നടത്തി നശിച്ചുപോയിട്ടുള്ള കുടുംബങ്ങളും ധാരാളമുണ്ട്. ഭാര്യയുടെ സ്ത്രീധനവും ആഭരണങ്ങളും എല്ലാം വിററു നശിപ്പിച്ചശേഷം കൊളംബിലേക്കു കടക്കുന്നവർ എത്ര വലിയ പാതകമാണു ചെയ്യുന്നതെന്നു് ഓർത്തു നോക്കട്ടെ.

തന്റെ കുടുംബാംഗങ്ങളെ സംരക്ഷിക്കയും അവരുടെഭാവിയെ സുരക്ഷിതമാക്കുകയും ചെയ്യേണ്ടതായ ചുമതല കുടുംബനാഥനുണ്ട്. “എന്റെ കാലം ഇങ്ങനെയങ്ങോട്ട് കഴിഞ്ഞുകൊള്ളും” എന്നു സ്വയം സംതൃപ്തിയടഞ്ഞാൽമാത്രം പോരാ. ഭാവിയെക്കുറിച്ചു ചിന്തിച്ച് ആരും ആകുലചിത്തരാകേണ്ടതില്ലെന്നു വേദപുസ്തകത്തിൽ പറയുന്നതു് വാസ്തവംതന്നെ. എന്നാൽ അതേസമയം തന്നെ ദൈവത്തെ പരീക്ഷിക്കാൻ ആരും ഉദ്യമിക്കരുതെന്നും ആ ദിവ്യഗ്രന്ഥംതന്നെ നമ്മെ പ്രബോധിപ്പിക്കുന്നുണ്ട്. സുഭിക്ഷകാലങ്ങളിലെ സമ്പാദ്യത്തിൽ ഒരംശം ഭാവിയിലേക്കു സൂക്ഷിക്കുവാൻ വിശേഷബുദ്ധിയുള്ള മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. ഇങ്ങനെ ചെയ്യാത്തവൻ ദൈവത്തെ സാക്ഷാൽ പരീക്ഷിക്കുകയാണു ചെയ്യുന്നതു്. അനുദിനാവശ്യത്തിനും അതിലധികവും ധനം ഉണ്ടായാലും അതെല്ലാം അന്നുതന്നെ ദുർവ്യയംചെയ്തശേഷം ഭാവിയിലേക്കു ദൈവം തരുമെന്നു ശാഠ്യം പിടിച്ചിരിക്കുന്നതു് ഒരിക്കലും സാധൂകരിക്കാവുന്ന പ്രവൃത്തിയല്ല. അതിന്റെ ദുരനുഭവങ്ങൾ ആ കുടുംബത്തെ ബാധിക്കുതന്നെ ചെയ്യും. ഒരു കുടുംബനാഥൻ ഭാവിയെ ഉദ്ദേശിച്ചും പ്രയത്നിക്കേണ്ടതും ആ ഉദ്ദേശ്യത്തോടുകൂടി ചിലവുകൾ ക്രമീകരിക്കേണ്ടതുമാണ്. സർവ്വസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന ക്രിസ്തുനാഥൻ അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ സംതൃപ്തരാക്കിയശേഷം പറയുന്നു: “ബാക്കിവന്ന അപ്പക്കഷണങ്ങൾ ഒന്നും നഷ്ടപ്പെട്ടുപോകാതെ സംഭരിക്കുവിൻ” എന്ന്—മിതവ്യയത്തിന്റെ മകുടോദാഹരണം! ചിലദിവസങ്ങളിൽ കുറെ കൂടുതൽ പണം ലഭിച്ചാൽ അതു മുഴുവനും അന്നുതന്നെ ധൂർത്തടിച്ചുകളഞ്ഞ് പിറേറദിവസം വീണ്ടും പട്ടിണിയിലേക്കാഴുന്നവർ ഇതൊന്നു കണ്ടു പഠിക്കട്ടെ.

മിതവ്യയം മുറുകെപ്പിടിച്ചുകൊണ്ട് ക്രമേണ അതു പിശുക്കായി അധ:പതിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. അവശ്യം ചെയ്യേണ്ടതായ ചിലവുകൾ കഴിവുണ്ടായിരുന്നിട്ടും ചെയ്യാതിരിക്കുക എന്നുള്ളതിലാണു പിശുക്കു അടങ്ങിയിരിക്കുന്നതു്. വിരൽ മുറിഞ്ഞാൽ ഉപ്പു വെച്ചുകെട്ടുക എന്നുള്ളതു ഒരു ചികിത്സാക്രമമാണ്. എന്നാൽ ഉപ്പു ചിലവാകുമല്ലോ എന്നോർത്ത് അങ്ങനെ ചെയ്യാതിരിക്കുക പിശുക്കിന്റെ പാരമ്യമാണ്. ഇതിലും താണതരത്തിലുള്ള പിശുക്കും ഉണ്ട്. പിശുക്കന്മാർ മൂന്നു തരമുണ്ട്. ഒന്നാമത്തെ കൂട്ടർ സ്വന്തം കുടുംബാംഗങ്ങൾക്കുവേണ്ടി എന്തു ചിലവും ചെയ്യാൻ സന്നദ്ധരായിരിക്കും; എന്നാൽ മററുള്ളവർക്ക് ഒരു ചില്ലിക്കാശുപോലും നൽകുകയില്ല. ഭിക്ഷക്കാരോ, മററുസഹായാർത്ഥികളോ, അയൽവാസികളോ ആരുതന്നെ വന്നാലും അയാൾ യാതൊന്നും കൊടുക്കയില്ല. മററുള്ളവരെ സഹായിക്കാനുള്ള ചുമതലയുണ്ടെന്നുള്ള ഒരു വിചാരംപോലും അയാളിൽ അങ്കുരിക്കുന്നില്ല. എന്റെ പണം, എന്റെ കുടുംബം എന്ന വിചാരമേ അയാൾക്കുള്ളു. പള്ളി, തൃക്കർമ്മങ്ങൾ, പട്ടക്കാരൻ, വേദോപദേശം, വേദപ്രചാരം, കത്തോലിക്കാപത്രമാസികകൾ, വിൻസെൻറ് ഡി പോൾ സഖ്യം, സൊഡാലിററി എന്നിവയ്ക്കുവേണ്ടി ഒരു ചെമ്പുകാശുപോലും അയാൾ ചിലവു ചെയ്കയില്ല; ഇക്കാര്യങ്ങളിലായിരിക്കും അയാളുടെ പിശുക്കെല്ലാം മൂർത്തീകരിച്ചിരിക്കുന്നതു്. വല്ലതും കൊടുക്കുകയാണെങ്കിൽ ശരീരത്തിൽനിന്നു ഒരു ഭാഗം മുറിച്ചു കൊടുക്കുന്നതിനെക്കാൾ വേദനയോടുകൂടിയായിരിക്കും. “നിങ്ങൾ എന്താ പറയണെ. എനിക്കു കുടുംബം നോക്കാനുണ്ട്. മൂന്നുനാലു പെൺകുട്ടികളെ കെട്ടിക്കണം. നാലഞ്ചുകുട്ടികൾക്കു ഫീസ് കൊടുക്കണം. മൂന്നു നേരം അഷ്ടിക്കു വേണ്ടേ?” എന്നെല്ലാം അവർ ആവലാതി പറയുകയും ചെയ്യും. രണ്ടാമത്തെ കൂട്ടർ സ്വന്തം കാര്യങ്ങളെല്ലാം പുഷ്ടിയായി നടത്തും; എന്നാൽ മററു കുടുംബാംഗങ്ങളുടെ കാര്യത്തിൽപ്പോലും വലിയ പിശുക്കു കാണിക്കും. സ്വന്തം സുഖസൗകര്യങ്ങൾ—ചായ, കാപ്പി, ബീഡി, ഇറച്ചി, മീൻ—ഇവയെല്ലാം ഭംഗിയായി നടക്കണം. മററുള്ളവർക്ക് എല്ലാം “കഷ്ടിപുഷ്ടി”യായിരിക്കും. സ്ത്രീധനസംഖ്യയിൽ പേശിപ്പേശി ഒടുവിൽ മകൾ പ്രായം കവിയുകയും അവസാനം വല്ല വിധേനയും കെട്ടിച്ചുവിടുകയും ചെയ്യുന്നു; ചികിത്സകളിൽ പിശുക്കു കാണിക്കുന്നതുകൊണ്ട് ചില അകാലമരണങ്ങൾപോലും ഉണ്ടാകുന്നു; ഫീസിനും പുസ്തകത്തിനും പണമില്ലെന്നുപറഞ്ഞ് കുട്ടികളുടെ വിദ്യാഭ്യാസം നിറുത്തിവെക്കയും അവരുടെ ശോഭനമായ ഭാവിയെ തകർത്തുകളകയും ചെയ്യുന്നു. അതിഥിസൽക്കാരത്തിലും ഇതു നിഴലിച്ചുകൊണ്ടിരിക്കും. മൂന്നാമത്തെ കൂട്ടർ പെട്ടിയിൽ പണമെല്ലാം പൂട്ടിവെച്ചശേഷം സ്വയം പട്ടിണികിടക്കും; സ്വന്തംകാര്യത്തിനുപോലും യാതൊന്നും ചിലവു ചെയ്കയില്ല. ഇവർക്ക് പണം എപ്പോഴും കണ്ടുകൊണ്ടിരിക്കണം; അതിൽനിന്ന് എടുത്തുപോയാൽ കുറയുമല്ലോ. രാത്രിയുടെ നിശ്ശബ്ദതയിൽ പണപ്പെട്ടി തുറന്നു നോട്ടുകളും നാണയങ്ങളും രഹസ്യത്തിൽ എണ്ണി നോക്കി സംതൃപ്തിയടയുന്ന ചിലരുണ്ടത്രെ.

തലപ്പെട്ട ദോഷങ്ങളിൽ രണ്ടാം സ്ഥാനമാണു പിശുക്കിനു നൽകപ്പെട്ടിരിക്കുന്നതു്. പണം ഒരു അന്ത്യമല്ലെന്നും അന്ത്യപ്രാപ്തിക്കുള്ള ഒരു മാർഗ്ഗം മാത്രമാണെന്നും, ആ അന്ത്യം പ്രാപിക്കുന്നതിനുതകുന്ന വിധത്തിൽ ദൈവഹിതമനുസരിച്ച് അതിനെ വിനിയോഗിക്കേണ്ടതാണെന്നും ഇക്കൂട്ടർ മനസ്സിലാക്കട്ടെ. മരിക്കുമ്പോൾ ഒരു പൈപോലും കൊണ്ടുപോകാതെ എല്ലാം വിട്ടുപേക്ഷിച്ചു പോകണമെന്നുള്ള പച്ചപ്പരമാർത്ഥം ഇവർ സ്മരിക്കട്ടെ. ഒട്ടകവും സൂചിക്കുഴയും, ധനവാനും ലാസറും അവരെ കർത്തവ്യനിരതരാക്കും. ഒടുവിലത്തെ വിധിവാചകങ്ങളും ഒരാവർത്തി വായിക്കുന്നതു് നന്നായിരിക്കും.

(ജെ. ചെമ്മണ്ണൂർ)


### സത്യദീപം വിശേഷാൽപ്രതി

24-ാം പുസ്തകം 1-ാം ലക്കം

**ആഗസ്റ്റ് 16-ാംനു പുറപ്പെടുന്നു**

പണ്ഡിതവരേണ്യരുടെ ലേഖനങ്ങളും ആകർഷകങ്ങളായ ചിത്രങ്ങളും.

**പേജ് 16 വില രണ്ടണമാത്രം**

പുതിയവരിക്കാരായി ചേരാൻ ആഗ്രഹിക്കുന്നവരും കൂടുതൽ കോപ്പികൾ ആവശ്യമുള്ള ഏജൻറന്മാരും ആഗസ്റ്റ് 8-ാംനു-ക്കകം പണമടച്ചു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

വരിസംഖ്യ ആണ്ടിൽ 6 രൂപ (അഞ്ചൽ); 6 രൂ. 8 ണ. (തപാൽ)

മാനേജർ
സത്യദീപം, എറണാകുളം